VOL NO: 07 I ISSUE 37
www.nerpatham.com
mail@nerpatham.com
2023 SEPTEMBER 16 I ₹10

# നേർപഥം

വാരിക



# ഹജറുൽ അസ്‌വദ് ആരാധിക്കപ്പെടുന്ന വിഗ്രഹമോ?

ഹജ്ജ് കർമത്തിന്റെ ഭാഗമായി പ്രഥമ ഏദൈവാരാധനാകേന്ദ്രമായ കഅ്ബയെ പ്രദക്ഷിണം ചെയ്യുന്നതും ഹജറുൽ അസ്‌വദ് എന്ന കറുത്ത കല്ലിനെ ചുംബിക്കുന്നതും പുണ്യമായി പഠിപ്പിച്ച മതമാണ് ഇസ്‌ലാം. എന്നാൽ ഇതിനെ വിഗ്രഹാരാധനയായി ചിത്രീകരിക്കാനാണ് നവനാസ്തികരും ഇപ്പോൾ സംഘ്പരിവാർ കൂലിയെഴുത്തുകാരും ശ്രമിച്ചുകൊണ്ടിരിക്കുന്നത്. ബഹുദൈവാരാധനയിലേക്ക് നയിക്കുന്ന ഏതൊരു പ്രവൃത്തിയെയും ശക്തമായി എതിർക്കുന്ന ഇസ്‌ലാമിക കർമങ്ങളിൽപോലും സംശയം ജനിപ്പിക്കാൻ ശ്രമിക്കുന്നവരുടെ വാദങ്ങൾക്ക് യാതൊരു അടിസ്ഥാനവുമില്ല.

## ദൃഷ്ടാന്തങ്ങൾ; പ്രകൃതിയിലും മനുഷ്യരിലും

|| സ്വൂഫിസത്തിലെ ഇസ്‌ലാം

|| തുല്യവസ്ത്രത്തേക്കാൾ പ്രധാനം സഹിഷ്ണുതാബോധം

|| ജി20 ഉച്ചകോടി; മൂടിവച്ച ചേരികളും ‘ഇന്ത്യ’യും ‘ഭാരത’വും




കോപ്പികൾ ഉറപ്പിക്കാൻ ബന്ധപ്പെടുക: 9207525244
WhatsApp: 9207525244

WISDOM BOOKS
**PUBLISHING || DISTRIBUTION**
Wisdom Books | E.K.P Building | Calicut
Web: www.wisdomislam.org | Email: publication@wisdomislam.org
0495 4019437 9207525244



ഹുസൈൻ സലഫിയുടെ
**'പ്രകാശം പരത്തിയ പ്രവാചകന്മാർ'**
എന്ന പുസ്തക പരമ്പരയിലെ **670** രൂപ വിലവരുന്ന
**4** പുസ്തകങ്ങൾ
ഇപ്പോൾ വെറും **500** രൂപക്ക്...!!!

MERCHANT NAME: WISDOM ISLAMIC ORGANIZATION
UPI ID: WISDOMISLAMICCLT@SBI
SCAN & PAY
BHIM SBI Pay
BHIM UPI

## പുതിയ പുസ്തകങ്ങൾ

| | |
|---|---|
| 01. പ്രകാശം പരത്തിയ പ്രവാചകന്മാർ / ഭാഗം 4 | ഹുസൈൻ സലഫി |
| 02. സുരക്ഷിതത്വം സമൂഹം ഇസ്‌ലാം | ഉസ്മാൻ പാലക്കാഴി |
| 03. മുഹമ്മദ് നബി(സ്വ) ചരിത്ര സംഗ്രഹം | അബ്ദുല്ലത്തീഫ് സുല്ലമി മാറഞ്ചേരി |
| 04. വീക്ഷണ വ്യത്യാസങ്ങൾ നേരായ സമീപനം | കുഞ്ഞിമുഹമ്മദ് മദനി പറപ്പൂർ |
| 05. പ്രകാശം പരത്തിയ പ്രവാചകന്മാർ / ഭാഗം 3 | ഹുസൈൻ സലഫി |
| 06. ഐ.എസിന്റെ മതമേത്? | അബ്ദുൽ മാലിക് സലഫി |
| 07. പ്രവാചക കുടുംബവും സ്വഹാബത്തും | വിവർത്തനം: പി.എൻ.അബ്ദുല്ലത്തീഫ് മദനി |
| 08. ഇബാദത്ത്: അർഥവും വ്യാഖ്യാനവും | അൻവർ അബൂബക്കർ |
| 09. പൗരത്വ നിഷേധവും ഇസ്‌ലാമിക സമൂഹവും | സിറാജുൽ ഇസ്‌ലാം ബാലുശ്ശേരി |
| 10. മഹാമാരി: 100 കർമശാസ്ത്ര വിധികൾ | ഫൈസൽ മൗലവി പുതുപ്പറമ്പ് |
| 11. പൗരത്വം, ഫാഷിസം, മതനിരപേക്ഷത | ഡോ. കെ.ഇ.എൻ / ഡോ. സി മുഹമ്മദ് റാഫി |
| 12. വിശ്വാസ കാര്യങ്ങൾ, ഭാഗം: ഒന്ന് / അല്ലാഹു | ഉമർകോയ മദീനി |
| 13. ഉത്തമ സ്വഭാവങ്ങൾ | അബ്ദുൽ ജബ്ബാർ മദീനി |
| 14. പ്രാർഥനയുടെ അത്ഭുതങ്ങൾ | സഅഫർ സ്വാദിഖ് മദീനി |

0347
# നേർപഥം
വാരിക
2023 സെപ്തംബർ 16
1445 റ.അവ്വൽ 01
പുസ്തകം 07 / ലക്കം 37




Printed, published & owned by
K. Sajjad

Printed at
Sprint Offset Printers,
Kozhikode

Published at
Kozhikod - 673002

Managing Editor:
Nasir Balusseri

Editor:
Usman Palakkazhi

Chief Editor:
Anil Primrose

Web Editor:
Haseeb Elayur

Cover:
Riyas & Anil

Design & Layout:
Musthafa Mannarottil

Nerpatham Weekly
PB No: 597
EKP Complex, Kallai Road
Kozhikkode 2, Kerala,India
Ph: 0495 4019437
mail@nerpatham.com
www.nerpatham.com
Facebook: www.facebook.com/
nerpatham weekly



കവർ സ്റ്റോറി

10
## ഹജറുൽ അസ്‌വദ് ആരാധിക്കപ്പെടുന്ന വിഗ്രഹമോ?
ഉസ്മാൻ പാലക്കാഴി

മുഖമൊഴി
സ്വൂഫിസത്തിലെ ഇസ്‌ലാം! 05

ലേഖനം
തുല്യവസ്ത്രത്തെക്കാൾ പ്രധാനം സഹിഷ്ണുതാബോധം
സുഫ്‌യാൻ അബ്ദുസ്സലാം 06

നിയമപഥം
ഡിഎൻഎ പരിശോധന
അബൂ ആദം അയ്മൻ 09

വിമർശനം
പ്രതിസന്ധിയിലാകുന്ന സമസ്തയും പ്രതിക്കൂട്ടിലാകുന്ന മാലകളും
മൂസ സ്വലാഹി കാര 18

ക്വുർആൻ ദർശനം
23 സൂറ: ഗാഫിർ
അബ്ദുർറഹ്മാനുബ്നു നാസിറുസ്സഅ്ദി

ലേഖനം
26 ദൃഷ്ടാന്തങ്ങൾ; പ്രകൃതിയിലും മനുഷ്യരിലും
ഷാഹുൽ പാലക്കാട്

ലേഖനം
30 ഭ്രൂണവളർച്ചയുടെ ഘട്ടങ്ങൾ
മുബാറക് ബിൻ ഉമർ

നമുക്കുചുറ്റും
34 ജി20 ഉച്ചകോടി; മൂടിവച്ച ചേരികളും 'ഇന്ത്യ'യും 'ഭാരത'വും
വി. വി. ബഷീർ, വടകര



# ആഗോള പ്രൊഫഷണൽ വിദ്യാർഥി സമ്മേളനത്തിന് പ്രൗഢമായ സമാപനം

**നിറഞ്ഞ മനസ്സോടെ അവർ മടങ്ങി, ഇനി ക്യാമ്പസുകളിലേക്ക്...**

കഴിഞ്ഞ 27 വർഷങ്ങളായി പ്രൊഫഷണൽ വിദ്യാർഥികൾക്ക് ദിശാബോധം പകർന്നുനൽകിക്കൊണ്ടിരിക്കുന്ന ആഗോള പ്രൊഫഷണൽ വിദ്യാർഥി സമ്മേളനത്തിന് പ്രൗഢമായ സമാപനം. സെപ്റ്റംബർ 8,9,10 തീയതികളിലായി കോഴിക്കോട് മലബാർ മറീന ഇന്റർനാഷണൽ കൺവെൻഷൻ സെന്ററാണ് കേരളത്തിനകത്തുനിന്നും പുറത്തുനിന്നുമായി അയ്യായിരത്തോളം വിദ്യാർഥി-വിദ്യാർഥിനികൾ പങ്കെടുത്ത ചരിത്ര സംഗമത്തിന് സാക്ഷ്യം വഹിച്ചത്.

അധാർമികതയും ലഹരിയും ലിബറൽ ചിന്തകളും അരങ്ങുവാഴുന്ന ക്യാമ്പസുകളിൽ പരിവർത്തനത്തിന്റെ വിപ്ലവം തീർക്കാൻ വിദ്യാർഥികൾക്ക് പ്രചോദനമേകുന്നതായിരുന്നു ഓരോ സെഷനും. സാങ്കേതികവിദ്യയുടെ കൃത്യമായ വിനിയോഗവും വിഷയങ്ങളുടെ തെരഞ്ഞെടുപ്പും അവതരണങ്ങളിലെ പുതുമയും സമ്മേളനത്തിന്റെ മാറ്റുകൂട്ടി.

2023 മെയ് മാസത്തിൽ ചെന്നൈയിൽവച്ച് നടന്ന പ്രഖ്യാപന സമ്മേളനത്തോടുകൂടിയാണ് നാല് മാസം നീണ്ടുനിന്ന പ്രവർത്തനങ്ങൾക്ക് പ്രാരംഭം കുറിച്ചത്. ക്യാമ്പസുകൾ തോറും സംഘടിപ്പിച്ച ക്യാമ്പസ്ഡിബേറ്റുകൾ, സ്പാർക്സ് സംഗമങ്ങൾ, നാഷണൽ ക്യാമ്പസുകളിൽ നടന്ന പ്രീ കോൺഫറൻസ് മീറ്റുകൾ, ഹോസ്റ്റൽ സ്ക്വാഡ് വർക്കുകൾ, ലഘുലേഖ വിതരണങ്ങൾ, സന്ദേശ പ്രയാണങ്ങൾ എന്നിവയുടെ സമാപനമായിരുന്നു മൂന്നുദിവസം നീണ്ടുനിന്ന ആഗോള പ്രൊഫഷണൽ വിദ്യാർഥി സംഗമം.

ആറ് വ്യത്യസ്ത വേദികളിലായി നാല് ഭാഷകളിൽ മുപ്പത്തിയഞ്ചിലധികം സെഷനുകളും, മിനി ഗാലറിയും ഗൈഡൻസ് സെന്ററുമെല്ലാം സമ്മേളന നഗരിയിൽ സജ്ജീകരിച്ചിരുന്നു. പ്രധാന വേദിയായ 'പ്രൈമി'ന് പുറമെ പെൺകുട്ടികൾക്ക് മാത്രമായി ഒരുക്കിയ 'ഫ്ലോറെറ്റ്സ്' വേദി ശ്രദ്ധേയമായി. പൂർണമായും പെൺകുട്ടികൾ നേതൃത്വം നൽകിയ വേദിയുടെ സംഘാടനവും വിഷയങ്ങളുടെ അവതരണ മികവും ഏറെ ശ്ലാഘനീയമാണ്.

പ്രധാന വേദിയിലെ പരിപാടികൾക്ക് സമാന്തരമായി നടന്ന വർക്ഷോപ്പുകൾ ഗഹനമായ പഠനങ്ങൾക്ക് വഴിയൊരുക്കി. ഇസ്‌ലാമിക പണ്ഡിതരും വിദ്യാഭ്യാസ വിചക്ഷണരും വിവിധ സെഷനുകൾക്ക് നേതൃത്വം നൽകി. ക്യാമ്പസ് പ്രതിനിധികളെ പങ്കെടുപ്പിച്ച് സംഘടിപ്പിക്കപ്പെട്ട ക്യാമ്പസ് ലീഡേഴ്സ് സമ്മിറ്റ് വരുംകാല ക്യാമ്പസ് പ്രവർത്തങ്ങൾക്ക് പുത്തനുണർവ് പകർന്നു.

രാഷ്ട്രീയ, സാമൂഹ്യ രംഗങ്ങളിലെ പ്രതിനിധികളുടെ സാന്നിധ്യവും സമ്മേളനത്തിൽ ശ്രദ്ധേയമായി. തുറമുഖ വകുപ്പ് മന്ത്രി അഹ്മദ് ദേവർകോവിൽ, പ്രതിപക്ഷ നേതാവ് വി.ഡി സതീശൻ, പി.കെ കുഞ്ഞാലിക്കുട്ടി എം.എൽ.എ, നജീബ് കാന്തപുരം എം.എൽ.എ, എം.എസ്.എഫ്, എസ്.എഫ്.ഐ, കെ.എസ്.യു എന്നീ വിദ്യാർഥി സംഘടനകളുടെ സംസ്ഥാന പ്രതിനിധികളടക്കമുള്ള അതിഥികളാൽ സമ്പന്നമായിരുന്നു സമ്മേളനം.

ഫീഡ്ബാക്കുകൾ മറിച്ചുനോക്കുമ്പോൾ മനസ്സിലാവുന്നത്, സമ്മേളനത്തിൽ പങ്കെടുത്ത വിദ്യാർഥികളെ സംബന്ധിച്ചിടത്തോളം അവരുടെ ജീവിതത്തിൽ സമഗ്രമായ ചില മാറ്റങ്ങൾക്കുള്ള തീരുമാനങ്ങളുമായാണ് അവർ മടങ്ങിയത് എന്നാണ്. തിന്മയുടെ കുത്തൊഴുക്ക് എത്ര ശക്തമാണെങ്കിലും അതിനെതിരെ നന്മയുടെ നൗകയിലേറി വിജയത്തിന്റെ തീരമണയാൻ പ്രിയപ്പെട്ട സുഹൃത്തുക്കൾക്ക് സാധിക്കട്ടെ എന്ന്പ്രാർഥിക്കാം.

**-മുഹമ്മദ് ഷമീൽ. ടി.**
ജനറൽ സെക്രട്ടറി, വിസ്ഡം സ്റ്റുഡന്റ്സ്

# സ്വൂഫിസത്തിലെ ഇസ്‌ലാം!

ഇസ്‌ലാമിലെ ആത്മീയത വ്യക്തവും സ്പഷ്ടവുമാണ്. അല്ലാഹുവിൽ വിശ്വസിക്കുകയും സൽകർമങ്ങൾ അനുഷ്ഠിക്കുകയും ചെയ്തുകൊണ്ട് ധന്യമായ ജീവിതം നയിക്കുന്നതിലൂടെ ലഭ്യമാകുന്ന സംശുദ്ധ വ്യക്തിത്വമാണ് ഒരാളെ ശ്രേഷ്ഠനാക്കുന്നത്. വിശുദ്ധ ക്വുർആനിലെ അനേകം സൂക്തങ്ങളും പ്രവാചക വചനങ്ങളും ഇക്കാര്യം ഊന്നിപ്പറയുന്നുണ്ട്.

നിഗൂഢവാദം, കാൽപനിക മൂല്യങ്ങൾ, ജീവിതസുഖ പരിത്യാഗം പോലുള്ളവയ്ക്കൊന്നും ഇസ്‌ലാമിൽ യാതൊരു സ്ഥാനവുമില്ല. സത്യവിശ്വാസവും സൽകർമവും ഒഴിവാക്കിയും സമൂഹത്തോടു പ്രതിബദ്ധത പുലർത്താതെയും ജീവിക്കുന്നവരെ 'നഷ്ടക്കാർ' എന്നാണ് വിശുദ്ധ ക്വുർആൻ പരിചയപ്പെടുത്തുന്നത്: "കാലം തന്നെയാണ് സത്യം! തീർച്ചയായും മനുഷ്യൻ നഷ്ടത്തിൽ തന്നെയാകുന്നു; വിശ്വസിക്കുകയും സൽകർമങ്ങൾ പ്രവർത്തിക്കുകയും, സത്യം കൈക്കൊള്ളാൻ അന്യോന്യം ഉപദേശിക്കുകയും ക്ഷമ കൈക്കൊള്ളാൻ അന്യോന്യം ഉപദേശിക്കുകയും ചെയ്തവരൊഴികെ" (103:1-3).

ഒരു വ്യക്തിയെ കർമ-ധർമ നിർവഹണങ്ങളിലൂടെ സജീവതയുള്ളവനാക്കി മാറ്റുന്നതാണ് ഇസ് ലാമിക നിയമനിർദേശങ്ങൾ. വ്യക്തി-സാമൂഹ്യ ബന്ധങ്ങളിലൂടെ ജീവിതത്തിന്റെ എല്ലാ തലങ്ങളിലേക്കും വേരോട്ടമുള്ള സൻമാർഗ ജീവിതമാണ് ഇസ്‌ലാമിന്റെ അത്മീയത. ഇസ്‌ലാമിന്റെ അത്മീയതക്ക് ഇസ്‌ലാം നിർദേശിക്കുന്ന വിശ്വാസ-കർമ മേഖലകൾക്കപ്പുറം മറ്റു ഉപായങ്ങളോ കുറുക്കുവഴികളോ ഇല്ല.

എന്നാൽ ഇസ്‌ലാമിന്റെ ആത്മീയത ചില കൗശലങ്ങളിലൂടെ പ്രാപിക്കാവുന്നതാണ് എന്നു പഠിപ്പിക്കുന്നവർ പലകാലങ്ങളിലും പ്രത്യക്ഷപ്പെട്ടിട്ടുണ്ട്. ജൂത നിഗൂഢവാദം, ഗ്രീക്ക് സോഫിസം, റോമൻ അജ്ഞേയവാദം, പേർഷ്യൻ കാവ്യ-ദാർശനിക ആശയങ്ങൾ എന്നിവയൊക്കെ കൂട്ടിയിണക്കി രൂപപ്പെടുത്തിയ 'തസ്വവ്വുഫ്' അഥവാ സ്വൂഫിസം ഇസ്‌ലാമിന്റെ യഥാർഥ ആത്മീയ-ദാർശനിക മേഖലയാണ് എന്ന് ചില തൽപരകക്ഷികൾ പ്രചരിപ്പിച്ചിട്ടുണ്ട്. ഇസ്‌ലാമും തസ്വവ്വുഫും ഏതെങ്കിലും നിലയ്ക്ക് പ്രമാണാധിഷ്ഠിതമായ യാതൊരു ബന്ധവുമില്ല എന്നതാണു വസ്തുത.

ഇസ്‌ലാം പഠിപ്പിക്കുന്ന ആശയസരണിയല്ല തസ്വവ്വുഫ്. ഇസ്‌ലാമിന്റെ അടിത്തറയായ ഏകദൈവാദർശം, പ്രവാചകനിലുള്ള വിശ്വാസം, പരലോകവിശ്വാസം എന്നിവയെ നിരാകരിക്കുന്ന പല ചിന്താഗതികളും അതിലുണ്ട്. നിഗൂഢവാദവും അജ്ഞേയവാദവുമൊക്കെയാണ് തസ്വവ്വുഫിന്റെ ആശയമേഖല. യഥാർഥ ഇസ്‌ലാമിനെ ഇസ്‌ലാം അല്ലാതാക്കിത്തീർക്കുക എന്നതാണ് സ്വൂഫിസത്തിന്റെ അടിസ്ഥാന ലക്ഷ്യമെന്ന് മനസ്സിലാക്കാൻ പ്രയാസമില്ല.

സ്വൂഫികളുടെ ഗദ്യ-പദ്യ സാഹിത്യങ്ങൾ വിവർത്തനം ചെയ്ത് പ്രചരിപ്പിച്ചും അവയെക്കുറിച്ച് സംവാദങ്ങളും ആശയവിനിമയങ്ങളും സംഘടിപ്പിച്ചും ഇസ്‌ലാമിക മൂല്യങ്ങളിൽനിന്ന് സത്യാന്വേഷകരുടെ ശ്രദ്ധതിരിച്ചുവിടാനുള്ള ഗൂഢനീക്കങ്ങൾ പാശ്ചാത്യലോകത്തു സജീവമാണ്.

കേരളത്തിലുമുണ്ട് തസ്വവ്വുഫിനെ ഇസ്‌ലാമിന്റെ ആധ്യാത്മിക മണ്ഡലമായി വിശ്വസിക്കുകയും ധരിക്കുകയും ചെയ്തിരിക്കുന്ന ചിലർ. ജലാലുദ്ദീൻ റൂമിയുടെ മസ്നവിയും മറ്റു സ്വൂഫീ സാഹിത്യങ്ങളും പ്രചരിപ്പിച്ച് ഇസ്‌ലാമിനെ തെറ്റിദ്ധരിപ്പിക്കാനുള്ള ഇസ്‌ലാം വിരുദ്ധശക്തികളുടെ നീക്കങ്ങളെ ഇസ്‌ലാമിന് അനുഗുണമായ ചലനങ്ങളായി ഇവർ ചിത്രീകരിക്കുന്നത് അവരുടെ ഇസ്‌ലാമികാവബോധത്തിന്റെ ന്യൂനതയാണു വെളിപ്പെടുത്തുന്നത്. പാശ്ചാത്യൻ റൂമിയനുഭവത്തിന്റെ സ്തോത്രഗീതങ്ങളെഴുതുന്ന, 'മസ്നവി'യുടെ മലയാള പരിഭാഷയിറക്കി പുളകം കൊള്ളുന്ന കേരളത്തിലെ സ്വൂഫി പ്രേമികൾക്ക് തങ്ങൾ ഇസ്‌ലാമിക സംസ്കാരത്തിന്റെ ആശയ ശത്രുക്കൾക്ക് ഓശാന പാടുകയാണെന്ന 'വിവരം' ഇല്ലാതെപോയത് കഷ്ടം തന്നെ!

ലേഖനം



വിധി തേടുന്ന ഹിജാബും
കോടതിയിലെ വാദങ്ങളും - 33

# തുല്യവസ്ത്രത്തെക്കാൾ പ്രധാനം സഹിഷ്ണുതാബോധം

**സുഫ്യാൻ അബ്ദുസ്സലാം**
81296 17676

വസ്ത്രങ്ങൾ അടിച്ചേൽപിക്കുന്നതിന് പകരം വിദ്യാലയങ്ങളിൽ മതനിരപേക്ഷതയുടെ പാഠങ്ങൾ പഠിപ്പിക്കുവാനും കരിക്കുലങ്ങളിൽ വിവിധ മതങ്ങളിലെ വസ്ത്രരീതികൾ അടക്കമുള്ള വൈവിധ്യങ്ങളെ കുറിച്ചുള്ള ഭാഗങ്ങൾ ഉൾപ്പെടുത്തുവാനുമാണ് ശ്രമിക്കേണ്ടത് എന്നാണ് ജസ്റ്റിസ് ധൂലിയ തന്റെ വിധിന്യായത്തിൽ ഇതുവരെ വിശദീകരിച്ചത്. അരുണ റോയ്, നവതേജ് സിംഗ് ജോഹർ, സെന്റ് സ്റ്റീഫൻ തുടങ്ങി വിവിധ കേസുകളിലെ വിധിന്യായങ്ങളിൽ മതേതരത്വ പഠനങ്ങൾ വിദ്യാലയങ്ങളിൽ നടപ്പാക്കണമെന്ന് പരാമർശിച്ചത് അനുബന്ധമായി അദ്ദേഹം ഉദ്ധരിച്ചു.

രാജ്യത്തെ വിവിധ ന്യായാധിപന്മാരും ഉന്നതമൂല്യങ്ങൾ ഉയർത്തിപ്പിടിക്കുന്ന ചിന്തകരും രാജ്യത്തിന് പകർന്നുനൽകിയ ഉത്തമ സന്ദേശങ്ങൾ ഇതായിരിക്കെ എങ്ങനെയാണ് ഒരു പ്രബല ന്യൂനപക്ഷം അവരുടെ മതപരമോ സാംസ്കാരികമോ ആയി സ്വീകരിച്ചിട്ടുള്ള ശിരോവസ്ത്രത്തിന് നേരെ കണ്ണടക്കുകയും ഭൂരിപക്ഷത്തിന്റെ വേഷവിധാനം സ്വീകരിക്കാൻ അവരെ നിർബന്ധിക്കുകയും ചെയ്യുന്നത് എന്ന പ്രസക്തമായ ചോദ്യമാണ് അദ്ദേഹം ചോദിക്കുന്നത്. ന്യൂനപക്ഷത്തിന്റെ സാംസ്കാരിക രീതികളെ ഭൂരിപക്ഷത്തിന്റെ സാംസ്കാരിക രീതികളിൽ ലയിപ്പിക്കുന്നതിലൂടെ ഇല്ലാതാവുന്നത് ഭരണഘടന ഉയർത്തിപ്പിടിച്ച മതനിരപേക്ഷ തത്വങ്ങളാണ്. ഭരണഘടനയുടെ പൗരധർമം വിശദീകരിക്കുന്ന പാർട്ട് IVൽ 51A അനുച്ഛേദത്തിലെ f ഖണ്ഡികയിൽ പറയുന്നത് ‘നമ്മുടെ സമ്മിശ്ര സംസ്കാരത്തിന്റെ സമ്പന്നമായ പൈതൃകത്തെ വിലമതിക്കുകയും സംരക്ഷിക്കുകയും ചെയ്യുക എന്നത് ഓരോ പൗരന്റെയും അടിസ്ഥാന കടമയാണ്’ എന്നാണ് എന്ന് അദ്ദേഹം ഓർമിപ്പിച്ചു.

**കർണാടക വിദ്യാഭ്യാസ നിയമവും ബഹുസ്വരതയും**

ഇപ്പോൾ ഉയർന്നുവന്നിരിക്കുന്ന പ്രശ്നത്തിലെ അടിസ്ഥാന നിയമം 1983ലെ കർണാടക വിദ്യാഭ്യാസ നിയമമാകുന്നു. 05/02/2022ലെ സർക്കാർ ഉത്തരവും ആധാരമാക്കിയിരിക്കുന്നത് പ്രസ്തുത നിയമത്തെയാണ്. എന്നാൽ പ്രസ്തുത നിയമം വിവിധ സാംസ്കാരിക രീതികളെ പരസ്പരം ബഹുമാനിക്കാനും ഉൾക്കൊള്ളാനുമാണ് ഉദ്ബോധിപ്പിക്കുന്നത്. ധാർമികത, നൈതികത എന്നിവയെ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള കരിക്കുലം വിദ്യാലയങ്ങളിൽ ആവശ്യമാണെന്ന് നിയമത്തിന്റെ ഏഴാം ഖണ്ഡികയിൽ പ്രത്യേകം എടുത്തുപറയുന്നുണ്ട്. സ്ത്രീകളുടെ അന്തസ്സിനു കളങ്കമുണ്ടാക്കുന്ന വിധത്തിലുള്ള നടപടികൾ വിദ്യാലയങ്ങളിൽ

പാടില്ലെന്നും മതപരമോ ഭാഷാപരമോ പ്രാദേശികമോ വിഭാഗീയമോ ആയ വൈവിധ്യങ്ങൾക്കതീതമായി ഇന്ത്യയിലെ എല്ലാ ജനങ്ങൾക്കും ഇടയിൽ ഐക്യവും സാഹോദര്യവും പ്രോത്സാഹിപ്പിക്കുക എന്നതും വിദ്യാലയങ്ങളുടെ ഉത്തരവാദിത്തത്തിൽ പെട്ടതാണെന്നും നിയമം വ്യക്തമാക്കുന്നുണ്ട്. ഇതിന്റെ നേർക്കെല്ലാം കണ്ണടച്ചുപിടിച്ച്, മുസ്‌ലിം പെൺകുട്ടികളുടെ അന്തസ്സിന് ഒരു വിലയും നൽകാതെ വിദ്യാലയങ്ങളിൽ ഒരേ സാംസ്കാരിക രീതി നടപ്പാക്കാനാണ് കർണാടക ശ്രമിക്കുന്നതെന്നും ജസ്റ്റിസ് ധൂലിയ കുറ്റപ്പെടുത്തി. ഭരണഘടനയുടെ ആമുഖം എല്ലാ പൗരന്മാർക്കും ചിന്തയുടെയും ആവിഷ്കാരത്തിന്റെയും വിശ്വാസത്തിന്റെയും ആരാധനയുടെയും സ്വാതന്ത്ര്യം ഉറപ്പാക്കുന്നുണ്ടെന്നും ഭരണഘടനയുടെ ആമുഖത്തിൽ പറയുന്ന വ്യക്തിയുടെ അന്തസ്സും രാഷ്ട്രത്തിന്റെ ഐക്യവും അഖണ്ഡതയും ഉറപ്പുനൽകുന്ന സാഹോദര്യം എന്ന ആശയമാണ് വിദ്യാർഥികൾക്കിടയിൽ പ്രചരിപ്പിക്കേണ്ടത് എന്നും ധൂലിയ ഓർമിപ്പിച്ചു.

**അംബേദ്കർ ഉയർത്തിപ്പിടിച്ച ആശയങ്ങൾ**

ശിരോവസ്ത്രം നിരോധിച്ചുകൊണ്ടുള്ള പരാമർശ വിധേയമായ സർക്കാർ ഉത്തരവ് നമ്മുടെ ഭരണഘടന ഉയർത്തിപ്പിടിക്കുന്ന സാഹോദര്യം (Fraternity), അന്തസ്സ് (Dignity) എന്നീ മൂല്യങ്ങൾക്ക് എതിരാണ്. ഫ്രഞ്ച് വിപ്ലവത്തിന്റെ ഭാഗമായി ഉയർന്നുവന്ന സ്വാതന്ത്ര്യം (Liberty), സമത്വം (Equality), സാഹോദര്യം (Fraternity) എന്നിവ നമ്മുടെ ഭരണഘടനയുടെ ആമുഖത്തിന്റെ ഭാഗം കൂടിയാണ് എന്ന് മറന്നുപോകരുത്. സ്വാതന്ത്ര്യം, സമത്വം എന്നീ സങ്കൽപങ്ങൾക്ക് നമ്മുടെ രാഷ്ട്രീയ, നിയമ മേഖലകളിൽ കൂടുതൽ അംഗീകാരം ലഭിച്ചിട്ടുണ്ടെങ്കിലും ചില കാരണങ്ങളാൽ സാഹോദര്യം എന്ന ആശയം 'വേഷപ്രച്ഛന്ന'മായി തുടരുകയാണ് എന്നതാണ് യാഥാർഥ്യം. അത് വേണ്ടത്ര മനസ്സിലാക്കപ്പെടാതെ പോവുകയോ അല്ലെങ്കിൽ അതിനെ ദുർവ്യാഖ്യാനിക്കുകയോ അവഗണിക്കുകയോ ചെയ്യുക എന്നതാണ് സംഭവിച്ചുകൊണ്ടിരിക്കുന്നത്.

**സ്ത്രീകളുടെ അന്തസ്സിനു കളങ്കമുണ്ടാക്കുന്ന വിധത്തിലുള്ള നടപടികൾ വിദ്യാലയങ്ങളിൽ പാടില്ലെന്നും മതപരമോ ഭാഷാപരമോ പ്രാദേശികമോ വിഭാഗീയമോ ആയ വൈവിധ്യങ്ങൾക്കതീതമായി ഇന്ത്യയിലെ എല്ലാ ജനങ്ങൾക്കും ഇടയിൽ ഐക്യവും സാഹോദര്യവും പ്രോത്സാഹിപ്പിക്കുക എന്നതും വിദ്യാലയങ്ങളുടെ ഉത്തരവാദിത്തത്തിൽ പെട്ടതാണെന്നും നിയമം വ്യക്തമാക്കുന്നുണ്ട്. ഇതിന്റെ നേർക്കെല്ലാം കണ്ണടച്ചുപിടിച്ച്, മുസ്‌ലിം പെൺകുട്ടികളുടെ അന്തസ്സിന് ഒരു വിലയും നൽകാതെ വിദ്യാലയങ്ങളിൽ ഒരേ സാംസ്കാരിക രീതി നടപ്പാക്കാനാണ് കർണാടക ശ്രമിക്കുന്നതെന്നും ജസ്റ്റിസ് ധൂലിയ കുറ്റപ്പെടുത്തി.**



നമ്മുടെ ഭരണഘടനാ ശിൽപിയായ ഡോ.ബി.ആർ.അംബേദ്കറുടെ 'സാഹോദര്യം' എന്ന ആശയത്തെ കുറിച്ചുള്ള കാഴ്ചപ്പാടുകൾ പ്രസക്തമാവുന്നത് ഇവിടെയാണ്. അദ്ദേഹം പറഞ്ഞു: "സമൂഹത്തെ കുറിച്ചുള്ള എന്റെ ചിന്തകൾ പ്രതിഷ്ഠിക്കപ്പെട്ടിരിക്കുന്നത് സ്വാതന്ത്ര്യം, സമത്വം, സാഹോദര്യം എന്നീ ആശയങ്ങളിന്മേൽ ആണെന്ന് പറയാം. അത് ഫ്രഞ്ച് വിപ്ലവത്തിൽനിന്ന് കടമെടുത്തതാണെന്ന് ആരും വ്യാഖ്യാനിക്കേണ്ട. എന്റെ തത്ത്വചിന്തക്ക് രാഷ്ട്രീയ ശാസ്ത്രവുമായി ബന്ധമില്ല; അതിന് മതത്തിന്റെ വേരുകളാണുള്ളത്. എന്റെ ആത്മീയഗുരുവായ ശ്രീബുദ്ധനിൽനിന്നാണ് അവ ഞാൻ സ്വാംശീകരിച്ചിട്ടുള്ളത്."

അംബേദ്കർ സാഹോദര്യത്തിനായിരുന്നു പരമോന്നത സ്ഥാനം നൽകിയത്. സ്വാതന്ത്ര്യവും സമത്വവും എല്ലാവരിലും താനേ വളർന്നുവരുമെങ്കിലും സാഹോദര്യം അപരനെ ഉൾക്കൊള്ളുന്നതിലൂടെ മാത്രമെ സാധ്യമാവൂ എന്നായിരുന്നു അദ്ദേഹത്തിന്റെ വീക്ഷണം. അംബേദ്കർ പറയുന്നു: "സ്വാതന്ത്ര്യം, സമത്വം, സാഹോദര്യം എന്നിവയിൽ അടങ്ങിയ ആശയങ്ങളെ പരസ്പരം വേർപ്പെടുത്താൻ സാധിക്കില്ല. അവ മൂന്നും ഒത്തുചേരുമ്പോൾ മാത്രമെ അതിന് ശരിയായ ആശയങ്ങൾ ഉണ്ടാവുകയുള്ളൂ. അവയെ വേർപെടുത്തുമ്പോൾ ജനാധിപത്യത്തിന്റെ ലക്ഷ്യത്തെയാണ് ഇല്ലാതാക്കുന്നത്. സഹോദര്യത്തെ കുറിച്ച് മനസ്സിലാക്കാതെയുള്ള സ്വാതന്ത്ര്യവും സമത്വവും മേൽക്കോയ്മകളെ വളർത്തുകയായിരിക്കും ചെയ്യുക" (25/11/1949ന് ഭരണഘട

നാ നിർമാണ സഭയിൽ നടത്തിയ അംബേദ്കറുടെ പ്രസംഗത്തിൽ നിന്ന്).

**സഹിഷ്ണുതയാണ് രാജ്യത്തിന്റെ സൗന്ദര്യം**

നമ്മുടെ ഭരണഘടന ഉദ്ഘോഷിക്കുന്ന ഫ്രറ്റേർണിറ്റി ആവശ്യപ്പെടുന്നത് സഹിഷ്ണുതയാണ്. മറ്റുള്ളവരുടെ ആചാരങ്ങളെയും വിശ്വാസങ്ങളെയും ഉൾക്കൊള്ളാനുള്ള മാനസികാവസ്ഥ എന്നാണ് ഫ്രറ്റേർണിറ്റി എന്ന പദത്തിന് ചില നിയമവിശാരദന്മാർ നൽകിയിട്ടുള്ള വിശദീകരണം. ബിജോയ് ഇമ്മാനുവൽ കേസിൽ ജസ്റ്റിസ് ഒ.ചിന്നപ്പ റെഡ്ഡി നൽകിയ പ്രസിദ്ധമായ വാചകം ഈ വിഷയത്തിലേക്ക് വെളിച്ചം നൽകുന്നുണ്ട്. അതിങ്ങനെയാണ്: "നമ്മുടെ പാരമ്പര്യം നമ്മെ പഠിപ്പിക്കുന്നത് സഹിഷ്ണുതയാണ്. നമ്മുടെ തത്ത്വശാസ്ത്രം നമ്മെ ഉപദേശിക്കുന്നത് സഹിഷ്ണുതയാണ്. നമ്മുടെ ഭരണഘടന പ്രയോഗവത്കരിക്കുന്നത് സഹിഷ്ണുതയാണ്. അതിനെ നേർപ്പിക്കാൻ നാം ശ്രമിക്കരുത്."

**ശിരോവസ്ത്ര നിരോധനവും പ്രത്യാഘാതങ്ങളും**

'നമ്മുടെ ഭരണഘടനയുടെ അടിസ്ഥാനത്തിൽ നോക്കുമ്പോൾ ശിരോവസ്ത്രം ധരിക്കുന്നത് ഒരു വ്യക്തിയുടെ സ്വതന്ത്രമായ തെരഞ്ഞെടുപ്പിന്റെ കാര്യം മാത്രമാണ്. മുസ്‌ലിം പെൺകുട്ടിയെ സംബന്ധിച്ചിടത്തോളം അത് മതത്തിന്റെ അനിവാര്യമായ കാര്യമാവുകയോ കാര്യമല്ലാതാവുകയോ ചെയ്യട്ടെ. അതിവിടെ വിഷയമല്ല. പക്ഷേ, അത് മനസ്സാക്ഷിയുടെയും വിശ്വാസത്തിന്റെയും പ്രകടനത്തിന്റെയും കാര്യമാണ്. അവൾ ശിരോവസ്ത്രം ധരിക്കാൻ ആഗ്രഹിക്കുന്നുവെങ്കിൽ, ക്ലാസ് മുറിക്കുള്ളിലാണെങ്കിൽ പോലും, ഭരണഘടന പ്രകാരം അവളെ തടയാൻ കഴിയില്ല. യാഥാസ്ഥിതികരായ ചില കുടുംബങ്ങൾ അവളെ സ്കൂളിലേക്ക് അയക്കുന്നത് പോലും ശിരോവസ്ത്രം ധരിക്കാനുള്ള സ്വാതന്ത്ര്യമുണ്ട് എന്നതിന്റെ പേരിലാണ്.

> **'ശിരോവസ്ത്രം നിരോധിച്ചതിലൂടെ ഒരു പെൺകുട്ടിയുടെ വിദ്യാഭ്യാസമാണ് നിഷേധിക്കുന്നത്. വളരെ ദൗർഭാഗ്യകരമായ കാര്യമാണത്. പെൺകുട്ടികളുടെ വിദ്യാഭ്യാസ സ്വാതന്ത്ര്യം എന്ന വീക്ഷണകോണിലൂടെ പ്രശ്നത്തെ കാണേണ്ടതുണ്ട്. ശിരോവസ്ത്രം ധരിച്ചതിന്റെ പേരിൽ ഒരു പെൺകുട്ടിയുടെ വിദ്യാഭ്യാസം നിഷേധിക്കുകവഴി അവളുടെ ഭാവി ജീവിതം കൂടുതൽ പ്രയാസങ്ങളിലേക്ക് പോകുന്നു എന്നതാണ് ഈ കോടതി കാണുന്ന സുപ്രധാന വിഷയം.'**
> **- ജസ്റ്റിസ് ധൂലിയ**

ഇത്തരം സാഹചര്യങ്ങളിൽ ശിരോവസ്ത്രം ധരിക്കാനുള്ള സ്വാതന്ത്ര്യം അവളുടെ വിദ്യാഭ്യാസത്തിലേക്കുള്ള ഒരു ടിക്കറ്റാണ് എന്ന കാര്യം കൂടി നാം ഓർക്കേണ്ടതുണ്ട്.'

'ശിരോവസ്ത്രം നിരോധിച്ചതിലൂടെ ഒരു പെൺകുട്ടിയുടെ വിദ്യാഭ്യാസമാണ് നിഷേധിക്കുന്നത്. വളരെ ദൗർഭാഗ്യകരമായ കാര്യമാണത്. പെൺകുട്ടികളുടെ വിദ്യാഭ്യാസ സ്വാതന്ത്ര്യം എന്ന വീക്ഷണകോണിലൂടെ പ്രശ്നത്തെ കാണേണ്ടതുണ്ട്. ശിരോവസ്ത്രം ധരിച്ചതിന്റെ പേരിൽ ഒരു പെൺകുട്ടിയുടെ വിദ്യാഭ്യാസം നിഷേധിക്കുകവഴി അവളുടെ ഭാവി ജീവിതം കൂടുതൽ പ്രയാസങ്ങളിലേക്ക് പോകുന്നു എന്നതാണ് ഈ കോടതി കാണുന്ന സുപ്രധാന വിഷയം.'

**നീതിയാണ് പ്രഥമ പുണ്യം**

നമ്മുടെ ഭരണഘടന ഒരു സമൂഹത്തിന്റെ നീതിപൂർവകമായ അവസ്ഥയെ ദൃശ്യവൽക്കരിച്ചിട്ടുണ്ട്. അതുകൊണ്ടുതന്നെ പൗരന്മാർക്ക് നൽകപ്പെടുന്ന പ്രഥമ പുണ്യമാണ് 'നീതി.' അത് നമ്മുടെ ഭരണഘടനയുടെ ആമുഖ വാഗ്ദാനങ്ങളിൽ ഒന്നാമത്തെതാണ്. ജോൺ റോൾസ് തന്റെ 'എ തിയറി ഓഫ് ജസ്റ്റിസ്' എന്ന ഗ്രന്ഥത്തിൽ എഴുതുന്നത് ഇങ്ങനെയാണ്: "...സാമൂഹിക സ്ഥാപനങ്ങളുടെ പ്രഥമ ധർമം നീതിയാണ്. അവയുടെ ചിന്തകളുടെ വ്യവസ്ഥ നിർണയിക്കുന്നത് സത്യസന്ധതയാണ്... ഒരു വ്യക്തിക്ക് ലഭിക്കേണ്ട നീതി രാഷ്ട്രീയ വിലപേശലുകൾക്കോ മറ്റു താൽപര്യങ്ങൾക്കോ വിധേയമായിരിക്കാൻ പാടില്ല."

സ്കൂൾ കവാടത്തിൽ പ്രവേശിക്കുന്നതിനുമുമ്പ് പെൺകുട്ടികളോട് ശിരോവസ്ത്രം അഴിക്കാൻ ആവശ്യപ്പെടുന്നത് ആദ്യം അവരുടെ സ്വകാര്യതയിലേക്കുള്ള കടന്നുകയറ്റവും പിന്നീട് അത് അവരുടെ അന്തസ്സിനുമേലുള്ള കടന്നാക്രമണവുമാണ്, മാത്രമല്ല, അത് ആത്യന്തികമായി അവർക്ക് മതേതര വിദ്യാഭ്യാസം നിഷേധിക്കലാണ്. ഇന്ത്യൻ ഭരണഘടനയുടെ ആർട്ടിക്കിൾ 19(1)(എ), ആർട്ടിക്കിൾ 21, ആർട്ടിക്കിൾ 25(1) എന്നിവയുടെ ലംഘനമാണ് ഇത് എന്ന കാര്യത്തിൽ സംശയമില്ല.

**ധൂലിയ വിധി പ്രഖ്യാപിക്കുന്നു**

അതുകൊണ്ടുതന്നെ, എല്ലാ അപ്പീലുകളും റിട്ട് പെറ്റീഷനുകളും താഴെ പറയുന്ന പരിധികളിൽ അനുവദിക്കുന്നു:

a) 2022 മാർച്ച് 15ലെ കർണാടക ഹൈക്കോടതിയുടെ ഉത്തരവ് ഇതിനാൽ റദ്ദാക്കുന്നു.

b) 2022 ഫെബ്രുവരി 5ലെ G.O. ഇതിനാൽ റദ്ദാക്കുന്നു.

c) കർണാടകയിലെ സ്കൂളുകളിലും കോളേജുകളിലും ഹിജാബ് ധരിക്കുന്നതിന് ഒരു നിയന്ത്രണവും ഉണ്ടാകില്ല.

*(അവസാനിച്ചില്ല).*




# ഡിഎൻഎ പരിശോധന

**അബൂ ആദം അയ്മൻ**

Deoxyribo Nucleic Acid (ഡി ഓക്സി റൈബോ ന്യൂക്ലെയിക് ആസിഡ്)ന്റെ ഹ്രസ്വരൂപമാണ് ഡി എൻഎ. എല്ലാ ജീവജാലങ്ങളുടെയും ജനിതകവസ്തുവായ ജീനുകൾ (genes) ശരീരകോശങ്ങളിലെ ക്രോമസോമുകൾക്ക് (chromosomes) ഉള്ളിൽ സ്ഥിതി ചെയ്യുന്ന ഡിഎൻഎയിലാണ് അടങ്ങിയിരിക്കുന്നത്. ജീനുകളുടെ ജീവരാസ തന്മാത്രകളാണ് ഓരോ വ്യക്തിയുടെയും പ്രത്യേകമായുള്ള സവിശേഷതകൾക്ക് നിദാനം. മാതാവിന്റെയും പിതാവിന്റെയും ഈ സവിശേഷതകൾ അവരുടെ കുട്ടികൾക്കും (പൂർവികരുടെത് അവരുടെ അനന്തര തലമുറകൾക്കും) പാരമ്പര്യമായി പകർന്നുനൽകുന്നത് ക്രോമസോമുകളും അതിലെ ഡിഎൻഎയും അതിലെ ജീനുകളും വഴിയാണ്.

ഡിഎൻഎ പരിശോധന ഒരു കുട്ടിയുടെ പിതൃത്വമോ മാതൃത്വമോ നിർണയിക്കുന്നതിനോ കുറ്റവാളിയെ തിരിച്ചറിയുന്നതിനോ സഹായകമാകുന്ന കുറ്റമറ്റ പരിശോധനയാണ്. ഈ ശാസ്ത്രീയ പരിശോധന, ഒരാളുടെ ഡിഎൻഎ ഘടന അന്യനായ ഒരാളുടെ ഡിഎൻഎ ഘടനയോട് സമാനമാകുന്നതല്ല എന്ന തത്ത്വത്തെ അടിസ്ഥാനമാക്കിയുള്ളതാണ്. ഡിഎൻഎയുടെത് ഒരു ത്രിമാനഘടനയാണ്. അമേരിക്കൻ ജീവശാസ്ത്രവിദഗ്ധനായ ജെ.ഡി വാട്സണും ബ്രിട്ടീഷ് ജീവശാസ്ത്ര വിദഗ്ധനായ ഫ്രാൻസിസ് ക്രിക്കും ചേർന്ന് 1953 ഫെബ്രുവരി 28നാണ് ഈ ഘടന കണ്ടുപിടിച്ചത്. ഇവർക്ക് ഈ കണ്ടുപിടുത്തത്തിന്റെ അടിസ്ഥാനത്തിൽ 1962ൽ നൊബേൽ സമ്മാനം ലഭിക്കുകയുമുണ്ടായി.

മനുഷ്യകോശത്തിന്റെ ഇരു സാമ്പിളുകളും (ഉദാ: കുറ്റവാളിയെന്നു സംശയിക്കപ്പെടുന്നയാളുടെ ശരീരകോശവും കുറ്റകൃത്യം നടത്തിയ ആളുടേതുതന്നെയെന്ന് ഉറപ്പാക്കാവുന്ന സാഹചര്യങ്ങളിൽ കുറ്റകൃത്യം നടന്ന സ്ഥലത്തുനിന്നോ ബന്ധപ്പെട്ടതായ മറ്റേതെങ്കിലും സ്ഥലത്തുനിന്നോ ലഭിച്ചതായ ശരീരകോശവും) എടുത്താണ് ഡിഎൻഎ പരിശോധന നടത്തുന്നത്. ശരീരകോശമെന്നാൽ ശരീരത്തിലെ മാംസഭാഗമോ, രക്തമോ, ശുക്ലമോ, മറ്റേതെങ്കിലും ശരീരദ്രാവകമോ, അസ്ഥിയോ, മുടിയുടെ ചുവടുഭാഗമോ ആകാവുന്നതാണ്. ഈ പരിശോധനയിൽ രണ്ട് കോശ സാമ്പിളുകളിലെയും ക്രോമസോമുകളിലെ ഡിഎൻഎ ഘടനയുടെ പകർപ്പുകൾ (DNA Finger-Print) പ്രത്യേകം പ്രത്യേകം തയ്യാറാക്കി താരതമ്യം ചെയ്യുന്നതായിരിക്കും. കുറ്റവാളിയെന്നു സംശയിക്കപ്പെടുന്നയാളുടെ കോശത്തിന്റെയും കുറ്റവാളിയുടെതു തന്നെയെന്ന് ഉറപ്പിക്കാവുന്ന കോശത്തിന്റെയും ഡിഎൻഎ ഘടനകൾ ഒന്നുതന്നെയാണെങ്കിൽ, അതുതന്നെയാണ് കുറ്റവാളിയെന്ന് ഉറപ്പിക്കാവുന്നതാണ്. ഡിഎൻഎ പരിശോധനാഫലം ലോകത്തെ എല്ലാ രാജ്യങ്ങളിലെയും കോടതികൾ സ്വീകാര്യയോഗ്യമായ കുറ്റമറ്റ തെളിവായി അംഗീകരിക്കുന്നുണ്ട്.

കുട്ടിയുടെ പിതൃത്വമോ മാതൃത്വമോ നിർണയിക്കുന്നതിന് മൂന്നുതരം ഡിഎൻഎ പരിശോധനകളുണ്ട്. മാതാവിന്റെ അണ്ഡകോശത്തിൽനിന്നുള്ള മൈറ്റോകോൺട്രിയൽ ഡിഎൻഎയും കുട്ടിയുടെതും (ആൺകുട്ടിയുടെതോ പെൺകുട്ടിയുടെതോ) ഒന്നായിരിക്കും. ഇതുവഴി മാതൃത്വം ഉറപ്പിക്കാം. പിതാവിന്റെയും മകന്റെയും 'വൈ' ക്രോമസോം ഒന്നാണ്. ഇതിന്റെ പരിശോധനയിലൂടെ ആൺകുട്ടിയുടെ പിതൃത്വം സ്ഥിരീകരിക്കാം. പെൺകുട്ടിക്കു 'വൈ' ക്രോമസോം ഇല്ല. അതിനാൽ പെൺകുട്ടികളുടെ കാര്യത്തിൽ ഈ പരിശോധന സാധ്യമല്ല.

മൂന്നാമത്തേത് ജനറൽ ടെസ്റ്റ് ആണ്. ഡിഎൻഎ മാർക്കേഴ്സിലെ ഡി2, ഡി5, ഡി7 എന്നീ ഡിഎൻ എ മാർക്കുകളാണ് ഇതിനായി പരിഗണിക്കുക. എല്ലാ ഡിഎൻഎ മാർക്കുകൾക്കും രണ്ടു പകർപ്പുകൾ ഉണ്ടാകും. പരിശോധനയിൽ ഭർത്താവിന്റെ ഡി 2 ഡിഎൻഎ മാർക്കിൽ 29, 31 എന്നീ രണ്ട് അളവുകളും, ഭാര്യയുടെ ഡി 2 ഡിഎൻഎ മാർക്കിൽ28,30 എന്നീ രണ്ട് അളവുകളും, പരിശോധനയ്ക്കുള്ള കുട്ടിയുടെ ഡി 2 ഡിഎൻഎ മാർക്കിൽ 28, 31 എന്നി രണ്ട് അളവുകളും കണ്ടെത്തുന്നതായാൽ, മാതാവിൽനിന്ന് 28, പിതാവിൽനിന്ന് 31 എന്നീ അളവുകൾ കുട്ടിക്ക് ലഭിച്ചതാണെന്നു വ്യക്തമാകുന്നതാണ്. ഇതുപോലെ ആറോ ഏഴോ ഡിഎൻഎ മാർക്കുകൾ പരിശോധിക്കുമ്പോഴും സമാനമായുള്ള ഫലങ്ങൾ ലഭിച്ചെന്നാൽ, ദമ്പതികളുടെതാണ് കുട്ടി എന്നതിന് ശാസ്ത്രീയമായ സ്ഥിരീകരണമായി. ■

# ഹജറുൽ അസ്‌വദ് ആരാധിക്കപ്പെടുന്ന വിഗ്രഹമോ?

ഉസ്മാൻ പാലക്കാഴി
: 9656 292 244

**ഹജ്ജ് കർമത്തിന്റെ ഭാഗമായി പ്രഥമ ഏകദൈവാരാധനാകേന്ദ്രമായ കഅ്ബയെ പ്രദക്ഷിണം ചെയ്യുന്നതും ഹജറുൽ അസ്‌വദ് എന്ന കറുത്ത കല്ലിനെ ചുംബിക്കുന്നതും പുണ്യമായി പഠിപ്പിച്ച മതമാണ് ഇസ്‌ലാം. എന്നാൽ ഇതിനെ വിഗ്രഹാരാധനയായി ചിത്രീകരിക്കാനാണ് നവനാസ്തികരും ഇപ്പോൾ സംഘ്പരിവാർ കൂലിയെഴുത്തുകാരും ശ്രമിച്ചുകൊണ്ടിരിക്കുന്നത്. ബഹുദൈവാരാധനയിലേക്ക് നയിക്കുന്ന ഏതൊരു പ്രവൃത്തിയെയും ശക്തമായി എതിർക്കുന്ന ഇസ്‌ലാമിക കർമങ്ങളിൽപോലും സംശയം ജനിപ്പിക്കാൻ ശ്രമിക്കുന്നവരുടെ വാദങ്ങൾക്ക് യാതൊരു അടിസ്ഥാനവുമില്ല.**

ഇസ്‌ലാമിനെക്കുറിച്ച് തെറ്റുധാരണകൾ പ്രചരിപ്പിക്കുക എന്നതിന്റെ ഭാഗമായി ഓറിയന്റലിസ്റ്റുകളും നാസ്തികരും നടത്തുന്ന പ്രചാരണങ്ങളിൽ ഒന്നാണ് മുസ്‌ലിംകൾ ഹജറുൽ അസ്‌വദിനെ ആരാധിക്കുന്നവരാണ് എന്നത്. അടുത്ത കാലത്തായി സംഘ്പരിവാർ കേന്ദ്രങ്ങളും ഇത് ഏറ്റെടുത്തതായി കാണുന്നു.

കഅ്ബയെ പ്രദക്ഷിണം ചെയ്യുന്നതും (ത്വവാഫ്) 'ഹജറുൽ അസ്‌വദ്' എന്ന കറുത്ത കല്ലിനെ ചുംബിക്കുന്നതും ഇസ്‌ലാം അംഗീകരിക്കുന്ന ഹജ്ജ് കർമത്തിന്റെ ഭാഗമാണ്, അത് വിഗ്രഹാരാധനതന്നെയാണ് എന്നും ചില വിമർശകർ ആരോപിക്കുന്നു.

ഇത് തനിച്ച വിവരക്കേടാണ്, അല്ലെങ്കിൽ മനഃപൂർവമുള്ള തെറ്റുധരിപ്പിക്കലാണ്. വിഗ്രഹാരാധകർ വിഗ്രഹങ്ങളെ സംബന്ധിച്ച് കരുതുന്നതുപോലെ ഏതെങ്കിലും മഹാന്മാരുടെ പ്രതിരൂപങ്ങളായിട്ടല്ല ഒരു മുസ്‌ലിമും കഅ്ബയെയും ഹജറുൽ അസ്‌വദിനെയും കാണുന്നത്. മറിച്ച് ലോകത്ത് ആദ്യമായി, ഏകനായ അല്ലാഹുവിനെ മാത്രം ആരാധിക്കുവാനായി നിർമിക്കപ്പെട്ട കഅ്ബയെ ആദരപൂർവം നബി(സ്വ) ത്വവാഫ്(പ്രദക്ഷിണം) ചെയ്യുകയും അതിന്റെ ഒരു മൂലയിലുള്ള ഹജറുൽ അസ്‌വദിനെ ചുംബിക്കുകയും ചെയ്തത് മാതൃകയാക്കി ആ പ്രവാ

ഇസ്‌ലാമിനെക്കുറിച്ച് തെറ്റുധാരണകൾ പ്രചരിപ്പിക്കുക എന്നതിന്റെ ഭാഗമായി ഓറിയന്റലിസ്റ്റുകളും നാസ്തികരും നടത്തുന്ന പ്രചാരണങ്ങളിൽ ഒന്നാണ് മുസ്‌ലിംകൾ ഹജറുൽ അസ്‌വദിനെ ആരാധിക്കുന്നവരാണ് എന്നത്. കഅ്ബയെ പ്രദക്ഷിണം ചെയ്യുന്നതും (ത്വവാഫ്) 'ഹജറുൽ അസ്‌വദ്' എന്ന കറുത്ത കല്ലിനെ ചുംബിക്കുന്നതും ഇസ്‌ലാം അംഗീകരിക്കുന്ന ഹജ്ജ് കർമത്തിന്റെ ഭാഗമാണ്, അത് വിഗ്രഹാരാധനതന്നെയാണ് എന്നും ചില വിമർശകർ ആരോപിക്കുന്നു. ഇത് തനിച്ച വിവരക്കേടാണ്, അല്ലെങ്കിൽ മനഃപൂർവമുള്ള തെറ്റുധരിപ്പിക്കലാണ്.



ലോകത്ത് ആദ്യമായി, ഏകനായ അല്ലാഹുവിനെ മാത്രം ആരാധിക്കുവാനായി നിർമിക്കപ്പെട്ട കഅ്ബയെ ആദരപൂർവം നബി(സ്വ) ത്വവാഫ്(പ്രദക്ഷിണം) ചെയ്യുകയും അതിന്റെ ഒരു മൂലയിലുള്ള ഹജറുൽ അസ്‌വദിനെ ചുംബിക്കുകയും ചെയ്തത് മാതൃകയാക്കി ആ പ്രവാചകനെ പിൻപറ്റിക്കൊണ്ടുള്ള ഒരു ആദരവ് പ്രകടിപ്പിക്കൽ മാത്രമാണ്. അല്ലാതെ കഅ്ബക്കോ ഹജറുൽ അസ്‌വദിനോ മുസ്‌ലിംകൾ ആരാധനയർപ്പിക്കുന്നില്ല. അവയോട് വിളിച്ച് പ്രാർഥിക്കുന്നില്ല. അവയുടെ നാഥനായ അല്ലാഹുവിനെയാണവർ വിളിച്ച് പ്രാർഥിക്കുന്നത്.

ചകനെ പിൻപറ്റിക്കൊണ്ടുള്ള ഒരു ആദരവ് പ്രകടിപ്പിക്കൽ മാത്രമാണ്. അല്ലാതെ കഅ്ബക്കോ ഹജറുൽ അസ്‌വദിനോ മുസ്‌ലിംകൾ ആരാധനയർപ്പിക്കുന്നില്ല. അവയോട് വിളിച്ച് പ്രാർഥിക്കുന്നില്ല. അവയുടെ നാഥനായ അല്ലാഹുവിനെയാണവർ വിളിച്ച് പ്രാർഥിക്കുന്നത്.

മുഹമ്മദ് നബി(സ്വ)യുടെ അനുചരനും ഇസ്‌ലാമിക ഭരണകൂടത്തിന്റെ രണ്ടാം ഖലീഫയുമായ ഉമറുബ്നുൽ ഖത്ത്വാബ്(റ) ഹജറുൽ അസ്‌വദിനെ ചുംബിച്ചുകൊണ്ട് ഇപ്രകാരം പറഞ്ഞു: “അല്ലാഹുവാണെ സത്യം! നീ ഒരു കല്ലാണെന്ന കാര്യം എനിക്കറിയാം. യാതൊരു ഉപകാരമോ ഉപദ്രവമോ വരുത്താൻ കഴിയാത്ത കല്ല്. നബി(സ്വ) നിന്നെ ചുംബിക്കുന്നത് ഞാൻ കണ്ടില്ലായിരുന്നുവെങ്കിൽ ഞാനും നിന്നെ ചുംബിക്കുമായിരുന്നില്ല” (ബുഖാരി).

ഈ ഹദീസിനെ വിശദീകരിച്ചുകൊണ്ട് ഇമാം ത്വബ്‌രി പറഞ്ഞു: “ജാഹിലിയ്യ കാലത്ത് കല്ലുകളെ ആദരിച്ചും ആരാധിച്ചും പോന്ന ജനങ്ങളായിരുന്നു അവിടെയുണ്ടായിരുന്നത്. അപ്പോൾ ഇസ്‌ലാമിലും അങ്ങനെയുണ്ടെന്ന് ജനങ്ങൾ തെറ്റുധരിക്കരുതെന്ന് ഉമർ(റ) കരുതി” (ഫത്ഹുൽ ബാരി).

ഒരു മുസ്‌ലിമിന് പ്രദക്ഷിണം നടത്താനും ആദരവെന്ന നിലയിൽ ചുംബിക്കാനും ഇതല്ലാതെ മറ്റൊരിടവും ഇസ്‌ലാമിക പ്രമാണങ്ങൾ പഠിപ്പിക്കുന്നില്ല എന്നതുകൂടി ഇതിനോട് ചേർത്തു വായിക്കുക. കാര്യം ഇങ്ങനെയാണെന്നിരിക്കെ കഅ്ബ പ്രദക്ഷിണത്തിലും ഹജറുൽ അസ്‌വദ് ചുംബിക്കുന്നതിലും വിഗ്രഹാരാധന ദർശിക്കുന്നത് നീതിയുക്തമല്ല.

ഇബ്റാഹീം നബി(അ)യാണ് ഹജ്ജിന് തുടക്കം കുറിച്ചത് എന്നു വ്യക്തം. അദ്ദേഹമാകട്ടെ വിഗ്രഹാരാധനയുടെ നിരർഥകത ബോധ്യപ്പെടുത്താൻ ശക്തിയുക്തം നിലകൊണ്ട മഹാനാണ്. വക്രതയില്ലാത്ത തൗഹീദിന്റെ ഉടമയായിരുന്നു അദ്ദേഹമെന്നാണ് വിശുദ്ധ ക്വുർആൻ പരിചയപ്പെടുത്തുന്നത്. ഏകദൈവ വിശ്വാസത്തിൽ ഊന്നിനിന്നുകൊണ്ടുള്ള സമർപ്പണത്തിലൂടെയാണ് അദ്ദേഹം മാതൃകയായിത്തീർന്നത് എന്ന് നിരവധി ക്വുർആൻ വാക്യങ്ങളിൽ വ്യക്തമാക്കപ്പെടുന്നുണ്ട്.

ഹജ്ജിന്റെ കർമങ്ങളിൽ മഹാനായ ഇബ്റാഹീം നബി(അ)യുടെ ചരിത്ര സ്മരണകൾ ഉണ്ടായിട്ടുകൂടി അതിലൊരിടത്തും അദ്ദേഹത്തോടോ മറ്റേതെങ്കിലും മഹത്തുക്കളോടോ ഉള്ള പ്രാർഥനകളും ആരാധനകളുമില്ലായെന്നത് പ്രത്യേകം ശ്രദ്ധേയമാണ്.

ഇബ്റാഹീം നബി(അ) അല്ലാഹുവിന്റെ കൽപന പ്രകാരം ഹജ്ജിന് വിളംബരം നടത്തിയത് മുതൽ അത് തുടർന്നു വരുന്നു. അല്ലാഹു പറയുന്നു: "(നാം അദ്ദേഹത്തോട് പറഞ്ഞു:) ജനങ്ങൾക്കിടയിൽ നീ തീർഥാടനത്തെപറ്റി വിളംബരം ചെയ്യുക. നടന്നുകൊണ്ടും വിദൂരമായ സകല മലമ്പാതകളിലൂടെയും വരുന്ന എല്ലാവിധ മെലിഞ്ഞ ഒട്ടകങ്ങളുടെ പുറത്ത് കയറിയും അവർ നിന്റെയടുത്ത് വന്നുകൊള്ളും" (ക്വർആൻ 22:27).

ഇബ്റാഹീം നബി(അ)യാണ് ഹജ്ജിന് തുടക്കം കുറിച്ചത് എന്നു വ്യക്തം. അദ്ദേഹമാകട്ടെ വിഗ്രഹാരാധനയുടെ നിരർഥകത ബോധ്യപ്പെടുത്താൻ ശക്തിയുക്തം നിലകൊണ്ട മഹാനാണ്. വക്രതയില്ലാത്ത തൗഹീദിന്റെ ഉടമയായിരുന്നു അദ്ദേഹമെന്നാണ് വിശുദ്ധ ക്വുർആൻ പരിചയപ്പെടുത്തുന്നത്. ഏകദൈവ വിശ്വാസത്തിൽ ഊന്നിനിന്നുകൊണ്ടുള്ള സമർപ്പണത്തിലൂടെയാണ് അദ്ദേഹം മാതൃകയായിത്തീർന്നത് എന്ന് നിരവധി ക്വുർആൻ വാക്യങ്ങളിൽ വ്യക്തമാക്കപ്പെടുന്നുണ്ട്. ഇബ്റാഹീം നബി(അ)യുടെ മാർഗത്തിന്റെ ഏറ്റവും സുപ്രധാനമായ മേന്മ എന്ത് എന്ന് ക്വുർആൻ വ്യക്തമാക്കുന്നു:

"ആകയാൽ ശുദ്ധമനഃസ്കനായ ഇബ്റാഹീമിന്റെ മാർഗം നിങ്ങൾ പിന്തുടരുക. അദ്ദേഹം ബഹുദൈവാരാധകരുടെ കൂട്ടത്തിലായിരുന്നില്ല" (ക്വുർആൻ 3:95).


ഏകദൈവ വിശ്വാസത്തിലും ധാർമികതയിലും കണിശമായ ദൈവസ്മരണയിലും അധിഷ്ഠിതമായ ആദർശമായിരുന്നു അദ്ദേഹത്തിന്റെ വ്യക്തിത്വത്തിന് മാറ്റു കൂട്ടിയിരുന്നത്. തൗഹീദിന്റെ കാര്യത്തിൽ ഏതെങ്കിലും തരത്തിലുള്ള വിട്ടുവീഴ്ചക്ക് അദ്ദേഹം ഒരുക്കമായിരുന്നില്ല.

"പറയുക: തീർച്ചയായും എന്റെ രക്ഷിതാവ് എന്നെ നേരായ പാതയിലേക്ക് നയിച്ചിരിക്കുന്നു. വക്രതയില്ലാത്ത മതത്തിലേക്ക്. നേർമാർഗത്തിൽ നിലകൊണ്ട ഇബ്റാഹീമിന്റെ ആദർശത്തിലേക്ക്. അദ്ദേഹം ബഹുദൈവ വാദികളിൽ പെട്ടവനായിരുന്നില്ല" (ക്വുർആൻ 6:161).

അതുകൊണ്ടുതന്നെ കഅ്ബ ത്വവാഫ് ചെയ്യുന്നതും ഹജറുൽ അസ്‌വദിനെ ചുംബിക്കലും വിഗ്രഹാരാധനയുടെ ശേഷിപ്പുകളാണെന്ന ആരോപണം യാഥാർഥ്യത്തിന് നിരക്കുന്നതല്ല. ഹജ്ജിലും ഉംറയിലും ത്വവാഫ് (കഅ്ബയെ പ്രദക്ഷിണം ചെയ്യൽ) ആരംഭിക്കുന്നത് ഹജറുൽ അസ്‌വദിന്റെ നേർക്കു നിന്നാണ്; അതിന്റെ നേർക്കെത്തുമ്പോഴാണ് അവസാനിക്കുന്നതും. അപ്പോഴൊന്നും ആ കല്ലിനെ ആരാധനാമനോഭാവത്തോടെ വിശ്വാസികൾ നോക്കിക്കാണുന്നില്ല, അതിന് മതത്തിന്റെ നിർദേശവുമില്ല.

ജാഹിലിയ്യ കാലത്തെ അറബികൾ ഹജ്ജിൽ വിഗ്രഹാരാധനയുമായി ബന്ധപ്പെട്ട ചില ആചാരങ്ങൾ കടത്തിക്കൂട്ടിയിരുന്നു. എന്നാൽ ഇസ്‌ലാം അത്തരം ആചാരങ്ങളെയെല്ലാം ഇല്ലാതാക്കുകയായിരുന്നു.

'ലബ്ബൈകല്ലാഹുമ്മ ലബ്ബൈക, ലബ്ബൈക ലാ ശരീക ലക, ഇല്ലാ ശരീകൻ ഹുവ ലക തംലിക്ഹു വമാ മലക' (അല്ലാഹുവേ, ഞങ്ങളിതാ നിന്റെ വിളിക്കുത്തരം ചെയ്തിരിക്കുന്നു, നിനക്കൊരു പങ്കാളിയുമില്ല, നിനക്ക് വേണ്ടിയുള്ള



പങ്കാളിയൊഴികെ, നീയാണ് അതിനെയും അത് ഉടമപ്പെടുത്തിയതിനെയും ഉടമപ്പെടുത്തുന്നത്) എന്നതായിരുന്നു അവരുടെ തൽബിയ്യത്ത്. പല മഹാൻമാരുടെയും വിഗ്രഹങ്ങളെ ആരാധിച്ചിരുന്ന അവർ ആ വിഗ്രഹങ്ങളെയായിരുന്നു ഈ 'പങ്കാളി'കൊണ്ട് ഉദ്ദേശിച്ചിരുന്നത്. ഇസ്‌ലാം അത്തരം വിശ്വാസങ്ങളെയെല്ലാം ഇല്ലാതാക്കി.

നബി(സ്വ) ഒരിക്കൽ പറഞ്ഞു: "ഏറ്റവും ശ്രേഷ്ഠമായ പ്രാർഥന അറഫയിലെ പ്രാർഥനയാണ്. ഞാനും എനിക്ക് മുമ്പുള്ള പ്രവാചകൻമാരും പറഞ്ഞതിൽ ഏറ്റവും ശ്രേഷ്ഠമായ വചനം 'അല്ലാഹുവല്ലാതെ ആരാധനക്കർഹനായി മറ്റാരുമില്ല, അവൻ ഏകൻ, അവന് പങ്കാളികളില്ല, അവന്നാകുന്നു സർവ ആധിപത്യവും, സ്തുതിയും അവന് മാത്രമാണ്, എല്ലാ കാര്യത്തിനും കഴിവുള്ളവനാണ് അവൻ' എന്നതാണ്" (തിർമുദി).

ബഹുദൈവാരാധനയുടെ അംശങ്ങളൊന്നും കലരാത്ത ശുദ്ധമായ തൗഹീദിനെ സ്ഥിരപ്പെടുത്തലാണ് ഹജ്ജ് കൊണ്ടുദ്ദേശിക്കുന്നതെന്ന് ഇതെല്ലാം വ്യക്തമാക്കുന്നു. എല്ലാതരം ബഹുദൈവാരാധനയിൽ നിന്നും മോചിപ്പിക്കപ്പെട്ട കർമമാണ് ഹജ്ജ് എന്നതിനെയാണ് ഇതെല്ലാം ശക്തിപ്പെടുത്തുന്നത്.

**എന്താണ് ഹജറുൽ അസ്‌വദ്?**

മക്കയിലെ കഅ്ബയുടെ ഒരു മൂലയിലായി സ്ഥിതി ചെയ്യുന്ന കറുത്ത കല്ലാണ് 'ഹജറുൽ അസ്‌വദ്. ഇത് സ്വർഗത്തിൽനിന്ന് അല്ലാഹു ഭൂമിയിലേക്ക് ഇറക്കിയതാണെന്നും അപ്പോൾ അതിന്റെ നിറം പാലിനെക്കാൾ വെളുത്തതായിരുന്നു എന്നും കാലക്രമത്തിൽ മനുഷ്യന്റെ പാപങ്ങൾ അതിനെ കറുത്തതാക്കി എന്നും നബി (സ്വ) യിൽനിന്നും റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്.

ഇബ്റാഹീം നബി(അ)യും മകൻ ഇസ്മാഈൽ നബിയും ചേർന്ന് കഅ്ബ പടുത്തുയർത്തിയ കാലം മുതൽ തന്നെ അവിടെ



സൂക്ഷിച്ചുപോരുന്ന കല്ലാണ് ഹജറുൽ അസ്‌വദ്.

ഹജ്ജിനോ ഉംറക്കോ കഅ്ബത്തിങ്കലെത്തുന്ന ആരും ഹജറുൽ അസ്‌വദിനെ ചുംബിക്കുകയോ തൊടുകയോ അതുമല്ലെങ്കിൽ അതിന്റെ നേരെ ആംഗ്യം കാണിക്കുകയോ ചെയ്തുകൊണ്ട് പറയുന്നത് 'ബിസ്മില്ലാഹി അല്ലാഹു അക്ബർ' (അല്ലാഹുവിന്റെ നാമത്തിൽ, അല്ലാഹുവാണ് ഏറ്റവും മഹാൻ) എന്നാണ്, അല്ലാതെ കല്ലിനെ വണങ്ങുകയല്ല; കല്ലിനെ അല്ലാഹുവിന്റെ സ്ഥാനത്ത് കാണുകയുമല്ല.

കഅ്ബയുടെ നിർമാണകാലം മുതൽ സൂക്ഷിച്ചുപോരുകയും വിശ്വസനീയ മാർഗത്തിൽ തലമുറകളിലൂടെ കൈമാറിപ്പോരുകയും ചെയ്ത മഹത്തായൊരു പുരാവസ്തുകൂടിയാണത്. എപ്പോഴെല്ലാം കഅ്ബ പുനർനിർമാണത്തിന് വിധേയമായോ അപ്പോഴെല്ലാം പ്രസ്തുത കല്ല് യഥാസ്ഥാനത്ത് ഭദ്രമായി സ്ഥാപിച്ചുപോന്നിട്ടുണ്ട്.

ഇബ്റാഹീം(അ) മുതൽ നിരവധി പ്രവാചകന്മാരും മുഹമ്മദ് നബി(സ്വ)യും അവരുടെയെല്ലാം ഒട്ടനേകം അനുയായികളും തങ്ങളുടെ മുഖം അതിൽ അമർത്തുക

**ഇബ്റാഹീം നബി(അ)യും മകൻ ഇസ്മാഈൽ നബിയും ചേർന്ന് കഅ്ബ പടുത്തുയർത്തിയ കാലം മുതൽ തന്നെ അവിടെ സൂക്ഷിച്ചുപോരുന്ന കല്ലാണ് ഹജറുൽ അസ്‌വദ്. ഹജ്ജിനോ ഉംറക്കോ കഅ്ബത്തിങ്കലെത്തുന്ന ആരും ആദ്യമായി ഹജറുൽ അസ്‌വദിനെ ചുംബിക്കുകയോ തൊട്ടടുത്തുകയോ അതുമല്ലെങ്കിൽ അതിന്റെ നേരെ ആംഗ്യം കാണിക്കുകയോ ചെയ്തുകൊണ്ട് പറയുന്നത് 'ബിസ്മില്ലാഹി അല്ലാഹു അക്ബർ' (അല്ലാഹുവിന്റെ നാമത്തിൽ, അല്ലാഹുവാണ് ഏറ്റവും മഹാൻ) എന്നാണ്, അല്ലാതെ കല്ലിനെ വണങ്ങുകയല്ല; കല്ലിനെ അല്ലാഹുവിന്റെ സ്ഥാനത്ത് കാണുകയുമല്ല.**

യും കരങ്ങൾകൊണ്ട് അതിനെ സ്പർശിക്കുകയും ചെയ്തിട്ടുണ്ട്. അതുകൊണ്ട് അതിനെ സ്പർശിക്കുന്ന ഒരു സത്യവിശ്വാസിയുടെ മനസ്സിൽ ആദർശപരമായൊരു പ്രതിബദ്ധതയും പൈതൃകബോധവും വികാരാഭിനിവേശവും ഉടലെടുക്കുമെന്നതിൽ സംശയമില്ല. തന്റെ പിതാമഹനായ ഇബ്റാഹീമി(അ)നെ പിൻപറ്റിക്കൊണ്ട് മുഹമ്മദ് നബി(സ്വ)യും ആ കല്ലിനെ ത്വവാഫു തുടങ്ങാനുള്ള അടയാളമായി നിശ്ചയിച്ചു. അവിടുന്ന് അല്ലാഹുവിനെ മഹത്ത്വപ്പെടുത്തിക്കൊണ്ട് അതിനെ ചുംബിക്കുകയും ചെയ്തു. നബി(സ്വ)യെ പിന്തുടർന്നുകൊണ്ട് അവിടുത്തെ സച്ചരിതരായ അനുയായികളും അതു ചെയ്യുകയുണ്ടായി. അതുമൂലം പ്രവാചകന്മാരെ കൃത്യമായി അനുധാവനം ചെയ്യുകയെന്ന ഉദ്ദേശ്യമല്ലാതെ മറ്റൊന്നും അവർക്കുണ്ടായിരുന്നില്ല.

**ദൈവേതരരെ ആരാധിക്കൽ; ഇസ്ലാമിന്റെ നിലപാട്**

വിശ്വാസങ്ങളിലധിഷ്ഠിതമായ കർമങ്ങളാണ് ഇസ്ലാം പഠിപ്പിക്കുന്നത്. ദൈവത്തിലും ദൈവദൂതന്മാരിലും പരലോകത്തിലുമൊന്നും വിശ്വാസമില്ലാത്ത കേവല കർമങ്ങൾ ഇസ്ലാമിക ദൃഷ്ട്യാ ഫലശൂന്യമാണ്. ഏകദൈവവിശ്വാസത്തിലൂന്നിയ ഏകദൈവാരാധനയാണ് ഇസ്ലാമിന്റെ അടിസ്ഥാനസിദ്ധാന്തം. സാങ്കേതികമായി 'തൗഹീദ്' (ഏകദൈവത്വം) എന്നു പറയുമ്പോൾ വിവക്ഷിക്കുന്നത് അതാണ്. അഥവാ ഈ പ്രപഞ്ചത്തിന് ഒരു സ്രഷ്ടാവുണ്ട്. സർവചരാചരങ്ങളെയും പടച്ച് പരിപാലിക്കുന്ന സഗുണസമ്പൂർണനാണവൻ. അസ്തിത്വത്തിലും ഗുണവിശേഷണങ്ങളിലുമൊക്കെ അവൻ ഏകനും അദ്വിതീയനുമാണ്. അവന് മാത്രമർപ്പിക്കേണ്ടതാണ് സൃഷ്ടികളുടെ ആരാധനകൾ മുഴുവൻ.

**ദൈവത്തിലും ദൈവദൂതന്മാരിലും പരലോകത്തിലുമൊന്നും വിശ്വാസമില്ലാത്ത കേവല കർമങ്ങൾ ഇസ്ലാമിക ദൃഷ്ട്യാ ഫലശൂന്യമാണ്. ഏകദൈവവിശ്വാസത്തിലൂന്നിയ ഏകദൈവാരാധനയാണ് ഇസ്ലാമിന്റെ അടിസ്ഥാനസിദ്ധാന്തം. സാങ്കേതികമായി 'തൗഹീദ്' (ഏകദൈവത്വം) എന്നു പറയുമ്പോൾ വിവക്ഷിക്കുന്നത് അതാണ്. അഥവാ ഈ പ്രപഞ്ചത്തിന് ഒരു സ്രഷ്ടാവുണ്ട്. സർവചരാചരങ്ങളെയും പടച്ച് പരിപാലിക്കുന്ന സഗുണസമ്പൂർണനാണവൻ. അസ്തിത്വത്തിലും ഗുണവിശേഷണങ്ങളിലുമൊക്കെ അവൻ ഏകനും അദ്വിതീയനുമാണ്. അവന് മാത്രമർപ്പിക്കേണ്ടതാണ് സൃഷ്ടികളുടെ ആരാധനകൾ മുഴുവൻ.**

സർവശക്തനും പരമകാരുണികനുമായ സൃഷ്ടികർത്താവിനെ അവൻ സ്വയം പരിചയപ്പെടുത്തിയ പേരാണ് 'അല്ലാഹു' എന്നത്. ആ പേരിൽ തന്നെ അദ്വിതീയത ഉൾക്കൊള്ളുന്നുവെന്നതാണ് വാസ്തവം. അല്ലാഹു എന്ന പദത്തിന് സ്ത്രീലിംഗരൂപമോ പുല്ലിംഗ രൂപമോ ബഹുവചനമോ ഇല്ല. പലരും തെറ്റിദ്ധരിച്ചിരിക്കുന്നത് 'അല്ലാഹു' എന്നത് 'മുസ്ലിംകളുടെ ദൈവമാണ്' എന്നാണ്. അറബികളുടെയോ മുസ്ലിംകളുടെയോ മാത്രം ദൈവമല്ല, മറിച്ച് സർവ ചരാചരങ്ങളുടെയും സൃഷ്ടികർത്താവും സംരക്ഷകനുമാണ് അല്ലാഹു എന്നാണ് ഇസ്ലാമിന്റെ അടിസ്ഥാന പ്രമാണങ്ങളായ വിശുദ്ധ ക്വുർആനും പ്രവാചകചര്യ(സുന്നത്ത്)യും പഠിപ്പിക്കുന്നത്.

എണ്ണിയാലൊടുങ്ങാത്ത അനുഗ്രഹങ്ങൾ മനുഷ്യന് ചൊരിഞ്ഞു കൊടുക്കുന്ന ആ ഏകദൈവത്തെ ആരാധിക്കുവാനാണ് ഇസ്ലാം മനുഷ്യരെ ഉദ്ബോധിപ്പിക്കുന്നത്.

"ജനങ്ങളേ, നിങ്ങളെയും നിങ്ങളുടെ മുൻഗാമികളെയും സൃഷ്ടിച്ച നിങ്ങളുടെ നാഥനെ നിങ്ങൾ ആരാധിക്കുവിൻ. നിങ്ങൾ ദോഷബാധയെ സൂക്ഷിച്ച് ജീവിക്കുവാൻ വേണ്ടിയത്രെ അത്. നിങ്ങൾക്ക് വേണ്ടി ഭൂമിയെ മെത്തയും ആകാശത്തെ മേൽപുരയുമാക്കിത്തരികയും ആകാശത്ത് നിന്ന് വെള്ളം ചൊരിഞ്ഞുതന്നിട്ട് അത് മുഖേന നിങ്ങൾക്ക് ഭക്ഷിക്കുവാനുള്ള കായ്കനികൾ ഉൽപാദിപ്പിച്ചു തരികയും ചെയ്ത(നാഥനെ). അതിനാൽ (ഇതെല്ലാം) അറിഞ്ഞ്കൊണ്ട് നിങ്ങൾ അല്ലാഹുവിന് സമൻമാരെ ഉണ്ടാക്കരുത്" (ക്വുർആൻ 2:21,22).

ഇതിൽ നിന്ന് വ്യതിചലിച്ച് അല്ലാഹുവിന്റെ സൃഷ്ടികളെയോ മനുഷ്യൻ കൊത്തിയുണ്ടാക്കിയ വിഗ്രഹങ്ങളെയോ വിളിച്ച് പ്രാർ



ഥിക്കുന്നതും അവർക്ക് മുമ്പിൽ ആരാധനകളും നേർച്ച വഴിപാടുകളും അർപ്പിക്കുന്നതും അത്യന്തം ഗുരുതരമായ പാതകമായിട്ടാണ് ഇസ്‌ലാം കാണുന്നത്.

അല്ലാഹുവിന് പുറമെ മറ്റുള്ളവരെ വിളിച്ച് പ്രാർഥിക്കുന്നത് ബഹുദൈവാരാധനയാണെന്നും (ശിർക്ക്) മഹാപാതകമാണെന്നും ക്വുർആൻ വ്യക്തമാക്കുന്നു:

“നിങ്ങളുടെ രക്ഷിതാവ് പറഞ്ഞിരിക്കുന്നു: നിങ്ങൾ എന്നോട് പ്രാർഥിക്കൂ. ഞാൻ നിങ്ങൾക്ക് ഉത്തരം നൽകാം. എന്നെ ആരാധിക്കാതെ അഹങ്കാരം നടിക്കുന്നവരാരോ അവർ വഴിയെ നിന്ദ്യരായിക്കൊണ്ട് നരകത്തിൽ പ്രവേശിക്കുന്നതാണ്; തീർച്ച” (ക്വുർആൻ 40:60).

“ലുക്മാൻ തന്റെ മകന് സദുപദേശം നൽകിക്കൊണ്ടിരിക്കെ അവനോട് ഇപ്രകാരം പറഞ്ഞ സന്ദർഭം (ശ്രദ്ധേയമാകുന്നു:) എന്റെ കുഞ്ഞുമകനേ, നീ അല്ലാഹുവോട് പങ്കുചേർക്കരുത്. തീർച്ചയായും അങ്ങനെ പങ്കുചേർക്കുന്നത് വലിയ അക്രമം തന്നെയാകുന്നു” (ക്വുർആൻ 31:13).

അത് പൊറുക്കപ്പെടാത്ത അപരാധമായിട്ടാണ് ക്വുർആൻ വിവരിക്കുന്നത്: “തന്നോട് പങ്കുചേർക്കപ്പെടുക എന്നത് അല്ലാഹു പൊറുക്കുകയില്ല; തീർച്ച. അതൊഴിച്ചുള്ളത് അവൻ ഉദ്ദേശിക്കുന്നവർക്ക് അവൻ പൊറുത്തുകൊടുക്കുന്നതാണ്. ആർ അല്ലാഹുവോട് പങ്കുചേർക്കുന്നുവോ അവൻ ബഹുദൂരം പിഴച്ചുപോയിരിക്കുന്നു” (ക്വുർആൻ 4:116).

ബഹുദൈവാരാധന സ്വർഗപ്രവേശനം അസാധ്യമാക്കുന്നതും നരകയാതനക്ക് അർഹമാക്കുന്നതുമായ ഗുരുതര പാപമാണെന്ന് ക്വുർആനിലൂടെ അല്ലാഹു ഉണർത്തിയിട്ടുണ്ട്.

“...അല്ലാഹുവോട് വല്ലവനും പങ്കുചേർക്കുന്നപക്ഷം തീർച്ചയായും അല്ലാഹു അവന്ന് സ്വർഗം നിഷിദ്ധമാക്കുന്നതാണ്. നരകം അവന്റെ വാസസ്ഥലമായിരിക്കുകയും ചെയ്യും. അക്രമികൾക്ക് സഹായികളായി ആരും തന്നെയില്ല...” (ക്വുർആൻ 5:72).

മാത്രമല്ല, സകല സൽകർമങ്ങളെയും നിഷ്ഫലമാക്കുന്ന അപകടകാരികൂടിയാണ് ബഹുദൈവാരാധനയെന്നും ഇസ്‌ലാമിക പ്രമാണങ്ങൾ പഠിപ്പിക്കുന്നുണ്ട്.

**നിരവധി പ്രവാചകന്മാരുടെ ചരിത്രം വിവരിച്ചുകൊണ്ട് ക്വുർആനിൽ അല്ലാഹു ഇപ്രകാരം പറയുന്നു: “അതാണ് അല്ലാഹുവിന്റെ മാർഗദർശനം. അത് മുഖേന തന്റെ ദാസൻമാരിൽ നിന്ന് താൻ ഉദ്ദേശിക്കുന്നവരെ അവൻ നേർമാർഗത്തിലേക്ക് നയിക്കുന്നു. അവർ (അല്ലാഹുവോട്) പങ്കുചേർത്തിരുന്നുവെങ്കിൽ അവർ പ്രവർത്തിച്ചിരുന്നതെല്ലാം അവരെ സംബന്ധിച്ചിടത്തോളം നിഷ്ഫലമായിപ്പോകുമായിരുന്നു” (ക്വുർആൻ 6: 88). അതിനാൽ സർവപ്രവാചകന്മാരും അവരുടെ പ്രബോധിത സമൂഹത്തോട് അതീവ ഗൗരവത്തോടെ ആദ്യമുണർത്തിയത് ഇക്കാര്യത്തെക്കുറിച്ചായിരുന്നു. ഓരോ പ്രവാചകന്റെയും ചരിത്ര വിവരണത്തിനിടയിൽ ഖുർആൻ അക്കാര്യം വ്യക്തമാക്കിയിട്ടുണ്ടെങ്കിലും പ്രവാചകന്മാരുടെ പ്രവാചകത്വത്തിലേക്ക് സൂചിപ്പിച്ചുകൊണ്ട് അക്കാര്യം ഒന്നുകൂടി ഊന്നിപ്പറഞ്ഞത് കാണാം.**

നിരവധി പ്രവാചകന്മാരുടെ ചരിത്രം വിവരിച്ചുകൊണ്ട് ക്വുർആനിൽ അല്ലാഹു ഇപ്രകാരം പറയുന്നു: “അതാണ് അല്ലാഹുവിന്റെ മാർഗദർശനം. അത് മുഖേന തന്റെ ദാസൻമാരിൽ നിന്ന് താൻ ഉദ്ദേശിക്കുന്നവരെ അവൻ നേർമാർഗത്തിലേക്ക് നയിക്കുന്നു. അവർ (അല്ലാഹുവോട്) പങ്കുചേർത്തിരുന്നുവെങ്കിൽ അവർ പ്രവർത്തിച്ചിരുന്നതെല്ലാം അവരെ സംബന്ധിച്ചിടത്തോളം നിഷ്ഫലമായിപ്പോകുമായിരുന്നു” (ക്വുർആൻ 6: 88).

അതിനാൽ സർവപ്രവാചകന്മാരും അവരുടെ പ്രബോധിത സമൂഹത്തോട് അതീവ ഗൗരവത്തോടെ ആദ്യമുണർത്തിയത് ഇക്കാര്യത്തെക്കുറിച്ചായിരുന്നു. ഓരോ പ്രവാചകന്റെയും ചരിത്ര വിവരണത്തിനിടയിൽ ഖുർആൻ അക്കാര്യം വ്യക്തമാക്കിയിട്ടുണ്ടെങ്കിലും പ്രവാചകന്മാരുടെ പ്രവാചകത്വത്തിലേക്ക് സൂചിപ്പിച്ചുകൊണ്ട് അക്കാര്യം ഒന്നുകൂടി ഊന്നിപ്പറഞ്ഞത് കാണാം.

“തീർച്ചയായും ഓരോ സമുദായത്തിലും നാം ദൂതനെ നിയോഗിച്ചിട്ടുണ്ട്. നിങ്ങൾ അല്ലാഹുവെ ആരാധിക്കുകയും, ദുർമൂർത്തികളെ വെടിയുകയും ചെയ്യണം എന്ന് (പ്രബോധനം ചെയ്യുന്നതിന് വേണ്ടി)” (16:36).

“ഞാനല്ലാതെ യാതൊരു ദൈവവുമില്ല. അതിനാൽ എന്നെ നിങ്ങൾ ആരാധിക്കൂ എന്ന് ബോധനം നൽകിക്കൊണ്ടല്ലാതെ നിനക്ക് മുമ്പ് ഒരു ദൂതനെയും നാം അയച്ചിട്ടില്ല” (21:25).

പ്രബോധനത്തിന്റെ മുൻഗണനാക്രമത്തിലേക്ക് വ്യക്തമായ ദിശാബോധം നൽകിക്കൊണ്ട് മുഹമ്മദ് നബി(സ്വ) തന്റെ അനുചരനായ മുആദ്ബ്നു ജബലി(റ)നെ ജൂത-ക്രൈസ്തവരുള്ള യമനിലേക്ക് അയച്ചപ്പോൾ നൽകിയ ഉപദേശത്തിലും ഇക്കാര്യം കാണാവുന്നതാണ്:

“നിശ്ചയം, നീ വേദം നൽക

പ്പെട്ട ഒരു ജനവിഭാഗത്തിലേക്കാണ് പോകുന്നത്. അതിനാൽ നീ അവരെ ക്ഷണിക്കേണ്ടത്, ആരാധനക്കർഹനായി അല്ലാഹുവല്ലാതെ മറ്റാരുമില്ലെന്നും മുഹമ്മദ് നബി അല്ലാഹുവിന്റെ ദൂതനാണെന്നുമുള്ള (ലാഇലാഹ ഇല്ലല്ലാഹു മുഹമ്മദുർറസൂലുല്ലാഹ്) സത്യസാക്ഷ്യത്തിലേക്കായിരിക്കണം''(ബുഖാരി).

ഏകദൈവാരാധനയുടെ മഹത്ത്വമുദ്ഘോഷിക്കുന്ന ക്വുർആൻ ബഹുദൈവവിശ്വാസത്തിന്റെയും ബഹുദൈവാരാധനയുടെയും നിരർഥകത കൂടി വ്യക്തമാക്കുന്നുണ്ട്. ഏകനായ സത്യദൈവത്തിന്റെ കണിശമായ നിയമങ്ങൾക്ക് വിധേയമായിക്കൊണ്ടാണ് പ്രപഞ്ചത്തിലെ സൂക്ഷ്മവും സ്ഥൂലവുമായ ഏതൊരു വസ്തുവും ചലിച്ചുകൊണ്ടിരിക്കുന്നത് എന്നുണർത്തുന്ന ക്വുർആൻ ബഹുദൈവത്വത്തിന്റെ അസാംഗത്യമുണർത്തിക്കൊണ്ട് പറയുന്നു:

“ആകാശഭൂമികളിൽ അല്ലാഹുവല്ലാത്ത വല്ല ദൈവങ്ങളുമുണ്ടായിരുന്നുവെങ്കിൽ അത് രണ്ടും തകരാറാകുമായിരുന്നു. അപ്പോൾ സിംഹാസനത്തിന്റെ നാഥനായ അല്ലാഹു, അവർ പറഞ്ഞുണ്ടാക്കുന്നതിൽ നിന്നെല്ലാം എത്ര പരിശുദ്ധനാകുന്നു'' (ക്വുർആൻ 21:22).

സർവശക്തനും പരമകാരുണികനുമായ അല്ലാഹുവിനോട് ആവശ്യങ്ങളും സങ്കടങ്ങളും പറഞ്ഞ് കൊണ്ട് പ്രാർഥിക്കുന്നതിലെ സാംഗത്യവും യുക്തിഭദ്രതയും സദ്ഫലങ്ങളും മനസ്സിലാക്കാൻ പ്രയാസമില്ല. എന്നാൽ പ്രാർഥിക്കുന്ന മനുഷ്യരെപ്പോലെ തന്നെ ദൈവത്തിന്റെ സൃഷ്ടികളായ ദൈവേതര ശക്തികളോട് പ്രാർഥിക്കുകയും അവർക്ക് മുമ്പിൽ ആരാധനകളർപ്പിക്കുകയും ചെയ്യുമ്പോൾ അത് എന്ത് മാത്രം ബാലിശമാണ്! ക്വുർആൻ ഉണർത്തുന്നത് കാണുക:

**സർവശക്തനും പരമകാരുണികനുമായ അല്ലാഹുവിനോട് ആവശ്യങ്ങളും സങ്കടങ്ങളും പറഞ്ഞ് കൊണ്ട് പ്രാർഥിക്കുന്നതിലെ സാംഗത്യവും യുക്തിഭദ്രതയും സദ്ഫലങ്ങളും മനസ്സിലാക്കാൻ പ്രയാസമില്ല. എന്നാൽ പ്രാർഥിക്കുന്ന മനുഷ്യരെപ്പോലെ തന്നെ ദൈവത്തിന്റെ സൃഷ്ടികളായ ദൈവേതര ശക്തികളോട് പ്രാർഥിക്കുകയും അവർക്ക് മുമ്പിൽ ആരാധനകളർപ്പിക്കുകയും ചെയ്യുമ്പോൾ അത് എന്ത് മാത്രം ബാലിശമാണ്!**

“മനുഷ്യരേ, ഒരു ഉദാഹരണമിതാ വിവരിക്കപ്പെടുന്നു. നിങ്ങൾ അത് ശ്രദ്ധിച്ചു കേൾക്കുക. തീർച്ചയായും അല്ലാഹുവിന് പുറമെ നിങ്ങൾ വിളിച്ചു പ്രാർഥിക്കുന്നവർ ഒരു ഈച്ചയെപ്പോലും സൃഷ്ടിക്കുകയില്ല. അതിന്നായി അവരെല്ലാവരും ഒത്തുചേർന്നാൽ പോലും. ഈച്ച അവരുടെ പക്കൽ നിന്ന് വല്ലതും തട്ടിയെടുത്താൽ അതിന്റെ പക്കൽ നിന്ന് അത് മോചിപ്പിച്ചെടുക്കാനും അവർക്ക് കഴിയില്ല. അപേക്ഷിക്കുന്നവനും അപേക്ഷിക്കപ്പെടുന്നവനും ദുർബലർ തന്നെ'' (22:73).

സത്യദൈവമായ അല്ലാഹുവിന് പുറമെ വിളിച്ച് പ്രാർഥിക്കപ്പെടുന്ന ഏതൊന്നിന്റെയും സ്ഥിതി ദുർബലതകൾ കൊണ്ടും ന്യൂനതകൾകൊണ്ടും ബന്ധിതമാണെന്ന് കാണാം.

അവർ സൃഷ്ടികളും അല്ലാഹുവിന്റെ അടിമകളുമാണ്. അവർക്കുപോലും മറ്റുള്ളവരുടെ സഹായമാവശ്യമാണ്; എന്നിരിക്കെ മറ്റുള്ളവരെ സഹായിക്കാൻ അവർക്കെങ്ങിനെ സാധിക്കും? അവർക്ക് നൽകപ്പെട്ടിട്ടുള്ള കഴിവുകളിൽ പരിമിതിയുണ്ട്. കാഴ്ച, കേൾവി, അറിവ് മുതലായവ ഉദാഹരണം മാത്രം.

അല്ലാഹു പറയുന്നു: “അവർ പങ്കുചേർക്കുന്നത് യാതൊന്നും സൃഷ്ടിക്കാത്തവരെയാണോ? അവർ (ആ ആരാധ്യർ) തന്നെ സൃഷ്ടിച്ചുണ്ടാക്കപ്പെടുന്നവരുമാണ്. അവർക്കൊരു സഹായവും ചെയ്യാൻ അവർക്ക് (പങ്കാളികൾക്ക്) സാധിക്കുകയില്ല. സ്വദേഹങ്ങൾക്കു തന്നെ അവർ സഹായം ചെയ്യുന്നതുമല്ല. നിങ്ങൾ അവരെ സൻമാർഗത്തിലേക്ക് ക്ഷണിച്ചാൽ അവർ നിങ്ങളെ പിൻപറ്റുന്നതു




മല്ല. നിങ്ങൾ അവരെ ക്ഷണിച്ചിരുന്നാലും, നിങ്ങൾ നിശ്ശബ്ദത പാലിച്ചിരുന്നാലും നിങ്ങൾക്ക് സമമാണ്. തീർച്ചയായും അല്ലാഹുവിന് പുറമെ നിങ്ങൾ വിളിച്ച് പ്രാർഥിച്ചുകൊണ്ടിരിക്കുന്നവരെല്ലാം നിങ്ങളെപ്പോലെയുള്ള ദാസൻമാർ മാത്രമാണ്. എന്നാൽ അവരെ നിങ്ങൾ വിളിച്ച് പ്രാർഥിക്കൂ; അവർ നിങ്ങൾക്ക് ഉത്തരം നൽകട്ടെ; നിങ്ങൾ സത്യവാദികളാണെങ്കിൽ. അവർക്ക് നടക്കാൻ കാലുകളുണ്ടോ? അവർക്ക് പിടിക്കാൻ കൈകളുണ്ടോ? അവർക്ക് കാണാൻ കണ്ണുകളുണ്ടോ? അവർക്ക് കേൾക്കാൻ കാതുകളുണ്ടോ? (നബിയേ) പറയുക: നിങ്ങൾ നിങ്ങളുടെ പങ്കാളികളെ വിളിച്ചിട്ട് എനിക്കെതിരായി തന്ത്രങ്ങൾ പ്രയോഗിച്ച് കൊള്ളുക. എനിക്ക് നിങ്ങൾ ഇടതരേണ്ടതില്ല" (7:191-195).

മഹാന്മാരായ ദൈവദാസന്മാരോ പ്രവാചകന്മാരോ പഠിപ്പിക്കാത്ത ആശയമാണ് ബഹുദൈവാരാധാനയെന്നതിനാൽ അവർ ബഹുദൈവാരാധകരുടെ ശത്രുക്കളായിട്ടായിരിക്കും പുനരുത്ഥാന നാളിൽ വരികയെന്ന് ഖുർആൻ ഉണർത്തുന്നു:

"അല്ലാഹുവിനു പുറമെ, ഉയർത്തെഴുന്നേൽപിന്റെ നാളുവരെയും തനിക്ക് ഉത്തരം നൽകാത്തവരെ വിളിച്ചു പ്രാർഥിക്കുന്നവനെക്കാൾ വഴിപിഴച്ചവൻ ആരുണ്ട്? അവരാകട്ടെ ഇവരുടെ പ്രാർഥനയെപ്പറ്റി ബോധമില്ലാത്തവരാകുന്നു. മനുഷ്യരെല്ലാം ഒരുമിച്ചുകൂട്ടപ്പെടുന്ന സന്ദർഭത്തിൽ അവർ ഇവരുടെ ശത്രുക്കളായിരിക്കുകയും ചെയ്യും. ഇവർ അവരെ ആരാധിച്ചിരുന്നതിനെ അവർ നിഷേധിക്കുന്നവരായി ത്തീരുകയും ചെയ്യും"(ഖുർആൻ 46:5,6).

കണിശമായ ഏകദൈവാരാധന നടത്തുകയും അത് പ്രചരിപ്പിക്കുകയും ചെയ്ത ദൈവദൂതന്മാരെ തന്നെ കാലാന്തരത്തിൽ വിളിച്ചു തേടുന്ന വിരോധാഭാസമാണ് ചരിത്രത്തിൽ നാം കാണുന്നത്. തന്റെ മുൻഗാമിയായ ദൈവദൂതന്റെ ആശയാദർശങ്ങളിലേക്ക് ക്ഷണിക്കുവാനായി മറ്റൊരു പ്രവാചകൻ വരുമ്പോഴേക്കും ഏതാനും പതിറ്റാണ്ടുകളുടെ വ്യത്യാസത്തിൽ ആ പ്രവാചകന്റെ പോലും വിഗ്രഹം



**വിഗ്രഹം വെച്ചുകൊണ്ടായാലും അല്ലാതെയായാലും അല്ലാഹുവിനെയല്ലാതെ വിളിച്ച് പ്രാർഥിക്കുന്നതും ആരാധിക്കുന്നതും ഇസ്‌ലാമിന്റെ ദൃഷ്ടിയിൽ ബഹുദൈവാരാധന(ശിർക്ക്)യും ഗുരുതരമായ പാതകവുമാണ്. പ്രവാചകന്മാരഖിലവും അത്തരം ബഹുദൈവാരാധനകളുടെ പ്രതിയോഗികളായിരുന്നു. ശുദ്ധമായ ഏകദൈവാരാധനയാണ് അവർ വിളംബരം ചെയ്തത്. മുൻകാല ചരിത്രത്തിലേതു പോലെ പ്രവാചകാധ്യാപനങ്ങളും അവിടുത്തെ അനുചരന്മാരുടെ പാതയും കൈവിടുമ്പോഴുണ്ടാകുന്ന സ്വാഭാവിക വ്യതിയാനമാണ് ശവകുടീര പൂജകരിലും സംഭവിക്കുന്നത്.**

ആരാധിക്കപ്പെടുന്ന അവസ്ഥ! അതിന്റെ പേരിൽ ആ സമൂഹത്തിന്റെ പരിഹാസങ്ങൾക്കും മർദനങ്ങൾക്കും വിധേയരാവുന്ന പ്രവാചകന്മാർ!

വിഗ്രഹം വെച്ചുകൊണ്ടായാലും അല്ലാതെയായാലും അല്ലാഹുവിനെയല്ലാതെ വിളിച്ച് പ്രാർഥിക്കുന്നതും ആരാധിക്കുന്നതും ഇസ്‌ലാമിന്റെ ദൃഷ്ടിയിൽ ബഹുദൈവാരാധന(ശിർക്ക്)യും ഗുരുതരമായ പാതകവുമാണ്. പ്രവാചകന്മാരഖിലവും അത്തരം ബഹുദൈവാരാധനകളുടെ പ്രതിയോഗികളായിരുന്നു. ശുദ്ധമായ ഏകദൈവാരാധനയാണ് അവർ വിളംബരം ചെയ്തത്.

കാര്യങ്ങൾ ഇങ്ങനെയൊക്കെയാണെങ്കിൽ മുസ്‌ലിംകളുടെതായി നിരവധി ശവകുടീരങ്ങളും തീർഥാടന കേന്ദ്രങ്ങളുമൊക്കെയുണ്ടല്ലോ, അവിടങ്ങളിലൊക്കെ ദൈവേതരരോടുള്ള പ്രാർഥനകളും ആരാധനകളുമല്ലേ നടക്കുന്നത്, ഇത് ശരിയാണോ എന്ന സംശയം സ്വാഭാവികമാണ്.

വിശുദ്ധ ഖുർആനിന്റെയും പ്രവാചക ചര്യയുടെയും ഉപദേശങ്ങളെ കാറ്റിൽ പറത്തിക്കൊണ്ടുള്ള വ്യക്തമായ തിന്മയാണ് അവയൊക്കെ എന്നതാണ് അതിനുള്ള മറുപടി. മുൻകാല ചരിത്രത്തിലേതു പോലെ പ്രവാചകാധ്യാപനങ്ങളും അവിടുത്തെ അനുചരന്മാരുടെ പാതയും കൈവിടുമ്പോഴുണ്ടാകുന്ന സ്വാഭാവിക വ്യതിയാനമാണ് ശവകുടീര പൂജകരിലും സംഭവിക്കുന്നത്.



# പ്രതിസന്ധിയിലാകുന്ന സമസ്തയും പ്രതിക്കൂട്ടിലാകുന്ന മാലകളും

**മൂസ സ്വലാഹി കാര**
:97473 45768

മുസ്ലിം സമൂഹത്തിന്റെ വിശ്വാസ വിശുദ്ധി നഷ്ടപ്പെടുത്തുന്നതിലും പ്രമാണ നിലപാടുകളെ തകർക്കുന്നതിലും പ്രധാന പങ്കുവഹിച്ചവയാണ് വ്യത്യസ്ത കാലങ്ങളിൽ രചിക്കപ്പെട്ട മാല മൗലിദുകൾ. കോഴിക്കോട്ടുക്കാരൻ ഖാദി മുഹമ്മദ് മലയാള വർഷം 782ൽ രചിച്ച മുഹ്‌യിദ്ദീൻ മാലയാണ് കാണപ്പെട്ടതിൽ ഏറ്റവും പഴക്കമുള്ളതും ഏറെ സ്വാധീനിക്കപ്പെട്ടതും.

ശൈഖ് അബ്ദുൽ ക്വാദിർ ജീലാനി(റഹി)യുടെ പേരിൽ ഇല്ലാത്ത പോരിശകളും കള്ളക്കഥകളും കോർത്തിണക്കിയ ഇതിന്റെ ഓരോ വരിയും അല്ലാഹുവിന്റെ കഴിവുകളെയും വിശേഷണങ്ങളെയും ശൈഖിന്റെ മേൽ ചാർത്താനും അദ്ദേഹത്തെ നബി(സ്വ)യെക്കാൾ വലിയ ശ്രേഷ്ഠനാക്കാനും വേണ്ടിയാണ്.

മാലപ്പാട്ടുകളെ സമസ്തക്കാർ തന്നെ പരിചയപ്പെടുത്തുന്നത് കാണുക: "പുണ്യാത്മാക്കളുടെ മഹത്തായ ജീവിതത്തിലെ പ്രശംസനീയങ്ങളായ സംഭവങ്ങളെ ഭക്ത്യാദരപൂർവ്വം പ്രകീർത്തിക്കുന്ന പദ്യകൃതികളാണ് മാലപ്പാട്ടുകൾ. ഇവയ്ക്ക് നേർച്ചപ്പാട്ടുകൾ എന്നും പേരുണ്ട്. എണ്ണത്തിൽ മാലപ്പാട്ടുകൾ ധാരാളമുണ്ടെങ്കിലും മുഹ്‌യിദ്ദീൻ മാല, ബദർമാല, രിഫാഈമാല, നഫീസത്ത് മാല, മഞ്ഞക്കുളം മാല, മമ്പുറം മാല, മലപ്പുറംമാല, മഹ്മൂദ് മാല തുടങ്ങിയവയാണ് മറ്റുള്ളവയെ അപേക്ഷിച്ചു പ്രചുരപ്രചാരം നേടിയ മാലകൾ. രോഗം, ദുഃഖം മുതലായവയുടെ ശമനത്തെയും ആപത് രക്ഷയെയും ഉദ്ദേശിച്ചുകൊണ്ട് മാലപ്പാട്ടുകൾ പാടിവരുന്നു" (മുഹ്‌യിദ്ദീൻ മാല; ചരിത്രം, പാഠം, പഠനം/ സൈനുദ്ദീൻ മന്ദലാംകുന്ന്/പേജ് 10).

അമ്പിയാഇനും ഔലിയാഇനും ജീവിതത്തിലും മരണാനന്തരവും മുഅ്ജിസത്ത്-കറാമത്തുകൊണ്ട് അവരുടെ ഇഷ്ടപ്രകാരം അസാധാരണ സംഭവങ്ങൾ കാണിക്കാൻ കഴിയുമെന്ന സമസ്തയുടെ ആശയമടക്കം അവരുടെ സകല വ്യർഥ്യവാദങ്ങളുടെയും മൊത്തക്കലവറയായ മുഹ്‌യിദ്ദീൻ മാലയെപ്പറ്റി മാലക്കാരനും മറ്റു പുരോഹിതന്മാരും പൊലിപ്പിച്ചെഴുതിയത് ധാരാളമുണ്ട്. ഇത് പഠിക്കുന്നവർ ഭാഗ്യമുള്ളവരാണെന്നും അല്ലാഹുവിന്റെ സംരക്ഷണത്തിൽ പറഞ്ഞതാണിതെന്നും ഇതിനെ കളവാക്കിത്തള്ളൽ കൊന്നുകളയുന്ന വിഷമാണെന്നും പിഴവുവരുത്താതെ ഇത് ചൊല്ലുന്നവർക്ക് അല്ലാഹു സ്വർഗത്തിൽ മണിമാടം നൽകുമെന്നും മാല നിർമാതാവ് വ്യത്യസ്ത വരികളിലൂടെ അവകാശപ്പെടുന്നുണ്ട്.

**അമ്പിയാഇനും ഔലിയാഇനും ജീവിതത്തിലും മരണാനന്തരവും മുഅ്ജിസത്ത്-കറാമത്തുകൊണ്ട് അവരുടെ ഇഷ്ടപ്രകാരം അസാധാരണ സംഭവങ്ങൾ കാണിക്കാൻ കഴിയുമെന്ന സമസ്തയുടെ ആശയമടക്കം അവരുടെ സകല വ്യർഥ്യവാദങ്ങളുടെയും മൊത്തക്കലവറയായ മുഹ്‌യിദ്ദീൻ മാലയെപ്പറ്റി മാലക്കാരനും മറ്റു പുരോഹിതന്മാരും പൊലിപ്പിച്ചെഴുതിയത് ധാരാളമുണ്ട്. ഇത് പഠിക്കുന്നവർ ഭാഗ്യമുള്ളവരാണെന്നും അല്ലാഹുവിന്റെ സംരക്ഷണത്തിൽ പറഞ്ഞതാണിതെന്നും ഇതിനെ കളവാക്കിത്തള്ളൽ കൊന്നുകളയുന്ന വിഷമാണെന്നും പിഴവുവരുത്താതെ ഇത് ചൊല്ലുന്നവർക്ക് അല്ലാഹു സ്വർഗത്തിൽ മണിമാടം നൽകുമെന്നും മാല നിർമാതാവ് വ്യത്യസ്ത വരികളിലൂടെ അവകാശപ്പെടുന്നുണ്ട്.**

പതി അബ്ദുൽ ഖാദിർ മുസ്‌ലിയാർ പറയുന്നു: "മുഹ്‌യിദ്ദീൻ മാല സത്യസമ്പൂർണമാണെന്ന് ഖുർആൻ, ഹദീസ്, ഇജ്മാഅ്, ഖിയാസ് എന്നീ ചതുർലക്ഷ്യങ്ങളിലൂടെ ഞാൻ തെളിയിക്കാം" (മുഹ്‌യിദ്ദീൻ മാല വ്യാഖ്യാനം/ കഴക്കൂട്ടം എ.വി. ശംസുദ്ദീൻ മുസ്‌ലിയാർ/ പേജ് 21).

സമസ്തയുടെ എട്ടാം പ്രമേയത്തിൽ പ്രത്യേക ഇടം പിടിച്ച മാലയാണിത്: "മൻഖൂസ് മുതലായ മൗലിദുകൾ ബദ്‌രിയ്യത്ത് ബൈത്ത്, ബദ്ർമാല, മുഹ്‌യിദ്ദീൻമാല, രിഫാഈ മാല, നേർച്ചപ്പാട്ടുകൾ ചൊല്ലുകയും ചൊല്ലിക്കുകയും ചെയ്യുക" (എസ്.വൈ.എസ് 60ാം വാർഷികോപഹാരം/പേജ് 213).

പുറമെ, 'ഇസ്‌ലാം അംഗീകാരം നൽകിയതുകൊണ്ട് മുസ്‌ലിംകൾ പാടുന്ന മാല, ഒരു സമൂഹത്തിന് ആത്മനിർവൃതിയുടെ താളം പകർന്ന മാല, മഗ്‌രിബിന് ശേഷം വീടുകളിൽ ഓതാനും വിവാഹപ്പെണ്ണിന് ഓതാൻ അറിയേണ്ടതുമായ മാല' എന്നിങ്ങനെ നീളുന്നു ഈ വരുമാന മാലക്ക് പുരോഹിതന്മാർ നൽകിയ പോരിശകൾ.

ശിർക്കിനും അന്ധവിശ്വാസങ്ങൾക്കും പ്രേരണ നൽകുന്ന ഈ ക്ഷുദ്ര കൃതി മഹത്ത്വവത്കരിക്കപ്പെട്ടതും പ്രമാണങ്ങളെ വളച്ചൊടിച്ചും അസ്വീകാര്യ സംഭവങ്ങളെ ചൂണ്ടിക്കാട്ടിയും ഇത് വ്യാഖ്യാനവിധേയമാക്കപ്പെട്ടതും സമൂഹത്തിൽ കൂടുതൽ അപകടം സൃഷ്ടിച്ചു.

സലഫികൾ ഇതിനെ എതിർത്തും ചോദ്യം ചെയ്തും രംഗത്തിറങ്ങിയപ്പോൾ മുസ്‌ലിയാക്കന്മാർ പരുങ്ങുകയും നിസ്സാഹായത പ്രകടിപ്പിക്കുകയും ചെയ്തു. ഒരു മുസ്‌ലിയാർ എഴുതിയത് കാണുക: "ആധുനിക മുസ്‌ലിം പരിഷ്കരണ പ്രസ്ഥാനങ്ങളുടെ ആവിർഭാവത്തിനു ശേഷം രൂപപ്പെട്ടു വന്ന ഒരുതരം 'പ്യൂരിറ്റൻ' യുക്തിവിചാരം പ്രബലപ്പെടുന്നതോടെ മുഹ്‌യിദ്ദീൻമാലക്കെതിരായ പടപ്പുറപ്പാടും ആരംഭിക്കുകയായി" (മുഹ്‌യിദ്ദീൻ മാല; ചരിത്രം, പാഠം. പഠനം/പേജ് 5).

വിശുദ്ധ ക്വുർആനുമായി വിശ്വാസികൾക്ക് വേണ്ട ആത്മബന്ധത്തെ തകർത്തും അതിന്റെ പഠന- പാരായണത്തിനെതിരെ ഫത്‌വകളിറക്കിയും അതിനെ പ്രചരിപ്പിക്കുന്നവരെ പരിഹസിച്ചുമാണ് നാടുനീളെ ഈ മാലയും ചുമന്ന് മുസ്‌ലിയാക്കന്മാർ നടന്നത്. പ്രവാചക ദൗത്യത്തെ അവഗണിച്ച ഇവർ അഹ്‌ലുസ്സുന്ന വൽ ജമാഅയാണെന്ന് അവകാശപ്പെടുന്നതിൽ എന്ത് അർഥമാണുള്ളത്?

അല്ലാഹു പറയുന്നു: "തീർച്ചയായും സത്യവിശ്വാസികളിൽ അവരിൽ നിന്നുതന്നെയുള്ള ഒരു ദൂതനെ നിയോഗിക്കുക വഴി അല്ലാഹു മഹത്തായ അനുഗ്രഹമാണ് അവർക്ക് നൽകിയിട്ടുള്ളത്. അല്ലാഹുവിന്റെ ദൃഷ്ടാന്തങ്ങൾ അവർക്ക് ഓതിക്കേൾപിക്കുകയും, അവരെ സംസ്കരിക്കുകയും, അവർക്കു ഗ്രന്ഥവും ജ്ഞാനവും പഠിപ്പിക്കുകയും ചെയ്യുന്ന (ഒരു ദൂതനെ). അവരാകട്ടെ മുമ്പ് വ്യക്തമായ വഴികേടിൽ തന്നെയായിരുന്നു" (3:164).

നബി(സ്വ) മുൻകാല പ്രവാചകന്മാരുടെയോ ഉത്തമ തലമുറയിൽ പെട്ടവർ നബി(സ്വ)യുടെയോ അപദാനങ്ങൾ മെനഞ്ഞുണ്ടാക്കി എവിടെയും പൊതിഞ്ഞ് സൂക്ഷിച്ചിട്ടില്ല. അങ്ങനെയൊന്ന് അവരാരും ആഗ്രഹിച്ചിട്ടുമില്ല.

യമൻ, പേർഷ്യ, ഖുറാസാൻ എന്നിവിടങ്ങളിൽനിന്ന് കയറിക്കൂടിയ സ്വൂഫികളിൽനിന്നാണ് മാതൃകാപരമല്ലാത്ത ഈ പ്രവർത്തനം സമസ്തക്ക് കിട്ടിയത്. അവർ തന്നെ എഴുതുന്നു: "മാലപ്പാട്ടുകൾ പാടുകയെന്ന ആചാരത്തിനു കേരളത്തിൽ ഏതാണ്ട് നാലുനൂറ്റാണ്ടു കാലത്തെ വ്യക്തമായ പഴക്കമുണ്ട്" (മുഹ്‌യിദ്ദീൻ മാല; ചരിത്രം, പാഠംസ പഠനം/പേജ് 10).

അതിര് വിട്ടുള്ള ഏത് പ്രവർത്തനങ്ങളും സത്യത്തെ നിരാകരിക്കാൻ കാരണമാകുന്നതിനാൽ ഇസ്‌ലാം അതിനെ ശക്തമായി വിലക്കി. അല്ലാഹു പറയുന്നു: "പറയുക: വേദക്കാരേ, സത്യത്തിനെതിരായിക്കൊണ്ട് നിങ്ങളുടെ മതകാര്യത്തിൽ നിങ്ങൾ അതിരുകവിയരുത്. മുമ്പേ പിഴച്ചുപോകുകയും ധാരാളം പേരെ വഴിപിഴപ്പിക്കുകയും നേർമാർഗത്തിൽനിന്ന് തെറ്റിപ്പോകുകയും ചെയ്ത ഒരു ജനവിഭാഗത്തിന്റെ തന്നിഷ്ടങ്ങളെ നിങ്ങൾ പിൻപറ്റുകയും ചെയ്യരുത്" (5:77).

പ്രവാചകന്മാരുടേതടക്കം ആരുടെയും പ്രശംസകളോ, പ്രകീർത്തനങ്ങളോ പ്രത്യേക

രൂപത്തിൽ സമയം നിശ്ചയിച്ച് ആചരിക്കുക എന്നത് ആരാധനയായി ഇസ്‌ലാം പഠിപ്പിച്ചിട്ടില്ല. ശിയാചങ്ങലയിലെ കണ്ണിയായ സമസ്ത അവരുടെ ഔലിയാക്കളെ വാനോളം വാഴ്ത്തി ആരാധ്യരാക്കിയും ജാറങ്ങളെ ആരാധനാലയങ്ങളാക്കിയും തുടരുകയാണ്.

അല്ലാഹുവിൽനിന്ന് നേരിട്ട് പുകഴ്ത്തുവാക്കുകൾ കേട്ട നബി(സ്വ) പറഞ്ഞതും അദ്ദേഹത്തോട് പ്രഖ്യാപിക്കാൻ അല്ലാഹു പറഞ്ഞതും 'ഞാൻ നിങ്ങളെപ്പോലെ ഒരു മനുഷ്യൻ മാത്രമാകുന്നു' എന്നാണ്. 'ക്രൈസ്തവർ മറ്യമിന്റെ പുത്രനെ പുകഴ്ത്തിയതുപോലെ നിങ്ങൾ എന്നെ പുകഴ്ത്തരുത്, അല്ലാഹുവിന്റെ അടിമയെന്നും അവന്റെ ദൂതനെന്നും നിങ്ങൾ പറയുക' എന്ന, നബി(സ്വ)യുടെ ഉപദേശം ശ്രദ്ധേയമാണ്.

സമസ്ത നിലംപരിശാകുമോ എന്ന പേടികൊണ്ടോ അതല്ല, ചില സ്ഥാനങ്ങൾ കൈയടക്കണമെന്ന മോഹം കൊണ്ടോ എന്നറിയില്ല, മുസ്‌ലിയാക്കന്മാരുടെ പുതിയ നയം മാറ്റം അവരുടെ ഒരു നൂറ്റാണ്ടുകാലത്തെ ആശയങ്ങളുടെ ചരമമറിയിക്കുന്നതും സമസ്തയെ 'കട്ടപ്പുറത്ത്' കയറ്റുന്നതുമാണ്. മുശാവറ അംഗം പേരോടിന്റെ നേതൃത്വത്തിലുള്ള ഉലമാ സമ്മേളനങ്ങളിൽ വിതരണം ചെയ്ത കൈപ്പുസ്തകത്തിന്റെ 53ാം പേജിൽ 'വിശ്വാസികളുടെ ബുദ്ധിക്ക് ഉൾക്കൊള്ളാൻ പ്രയാസപ്പെടുന്നതും സംശയങ്ങൾ ജനിപ്പിക്കുന്നതും സത്യമാണെന്ന് തെളിയിക്കാൻ കഴിയാത്തതും കേട്ടുകേൾവിയുടെ അടിസ്ഥാനത്തിലും സംസാരിക്കരുത്' എന്ന് പഠിപ്പിച്ചതുമൂലം കാന്തപുരം വിഭാഗം മുസ്‌ലിയാക്കന്മാർ വ്യത്യസ്ത ചേരികളായി തിരിഞ്ഞു. ജിഫ്രി തങ്ങളുടെ സമസ്ത സംഘർഷത്തിലും രാഷ്ട്രീയ ഞെരുക്കത്തിലുമമർന്ന് വഷളായിക്കൊണ്ടിരിക്കുന്നു.



**സമസ്ത നിലംപരിശാകുമോ എന്ന പേടികൊണ്ടോ അതല്ല, ചില സ്ഥാനങ്ങൾ കൈയടക്കണമെന്ന മോഹം കൊണ്ടോ എന്നറിയില്ല, മുസ്‌ലിയാക്കന്മാരുടെ പുതിയ നയം മാറ്റം അവരുടെ ഒരു നൂറ്റാണ്ടുകാലത്തെ ആശയങ്ങളുടെ ചരമമറിയിക്കുന്നതും സമസ്തയെ 'കട്ടപ്പുറത്ത്' കയറ്റുന്നതുമാണ്. മുശാവറ അംഗം പേരോടിന്റെ നേതൃത്വത്തിലുള്ള ഉലമാ സമ്മേളനങ്ങളിൽ വിതരണം ചെയ്ത് കൈപ്പുസ്തകത്തിന്റെ 53ാം പേജിൽ 'വിശ്വാസികളുടെ ബുദ്ധിക്ക് ഉൾക്കൊള്ളാൻ പ്രയാസപ്പെടുന്നതും സംശയങ്ങൾ ജനിപ്പിക്കുന്നതും സത്യമാണെന്ന് തെളിയിക്കാൻ കഴിയാത്തതും കേട്ടുകേൾവിയുടെ അടിസ്ഥാനത്തിലും സംസാരിക്കരുത്' എന്ന് പഠിപ്പിച്ചതുമൂലം കാന്തപുരം വിഭാഗം മുസ്‌ലിയാക്കന്മാർ വ്യത്യസ്ത ചേരികളായി തിരിഞ്ഞു. ജിഫ്രി തങ്ങളുടെ സമസ്ത സംഘർഷത്തിലും രാഷ്ട്രീയ ഞെരുക്കത്തിലുമമർന്ന് വഷളായിക്കൊണ്ടിരിക്കുന്നു.**

### മുഹ്‌യിയിദ്ദീൻ മാല

മതത്തോട് അടുപ്പിക്കാൻ പറ്റാത്തതും സമൂഹത്തിൽനിന്ന് ഉന്മൂലനം ചെയ്യപ്പെടേണ്ടതുമായ മുഹ്‌യിയിദ്ദീൻ മാലയിലെ ഇസ്‌ലാമിക വിരുദ്ധ വരികളെയും അതിനുള്ള ന്യായീകരണങ്ങളെയും സമസ്തയുടെ പുതിയ ആദർശ പ്രകാരം നമുക്കൊന്ന് വിശകലനം ചെയ്യാം. മാലയിലെ കടുത്ത അബദ്ധങ്ങൾ വായിക്കുമ്പോൾ സമസ്തയുടെ പുതിയ ആശയത്തോട് അതിനെ ഉരസിനോക്കണം. (അവലംബം: കഴക്കൂട്ടം ശംസുദ്ദീൻ മുസ്‌ലിയാരുടെ മുഹ്‌യിയിദ്ദീൻ മാല വ്യാഖ്യാനം).

ജനിക്കും മുമ്പേ ഖുത്ബായ (കേന്ദ്ര ബിന്ദു)വരും ഏഴ് ആകാശങ്ങളിലും പ്രശംസ കിട്ടിയവരുമാണത്രെ ശൈഖ് ജീലാനി: "ബാവാ മുതുവിന് ഖുത്ബായി വന്നോവർ, ബാനം അദ്ദേളിലും കേളി നിറഞ്ഞോവർ.'

നബി(സ്വ)യുടെ ജീവിതത്തെ എടുത്തുകാട്ടിയാണ് മുസ്‌ലിയാക്കന്മാർ ഇതിന് ന്യായം കാണുന്നത്. നുബുവ്വത്തിനുമുമ്പ് പ്രവാചകത്വത്തെപ്പറ്റി അറിയാത്ത, ഏഴാകാശങ്ങൾ വരെയുള്ള മിഅ്റാജ് യാത്രയെ കുറിച്ച് മുൻധാരണയില്ലാത്ത, ജീവിത്തിലൊരിക്കലും ഞാൻ ലോകത്തിന്റെ ഖുത്വുബാണെന്നു പറഞ്ഞിട്ടില്ലാത്ത നബി(സ്വ)യെ അവഹേളിക്കലല്ലേ ഇത്?

ഇരിക്കുന്നടിത്തുവച്ച് ഏഴ് ആകാശങ്ങൾ കണ്ട, അദൃശ്യലോകത്ത് ഉയരങ്ങളിൽ പറക്കുന്ന രാജകിളിയാണത്രെ ശൈഖ്: "ഇരുന്നെ ഇരുഫ്ഫിന്നേൾ ആകാശം കണ്ടോവർ, ഏറും മലക്കൂത്തിൽ രാജാളി എന്നോവർ."

ഔലിയാക്കൾക്ക് അകലെയുള്ളത് കാണാൻ കഴിയുമെന്നാണ് ന്യായം. നബി(സ്വ) ഇങ്ങനെയൊരു കഴിവുണ്ടായിരുന്നില്ല. അപ്പോൾ നബി(സ്വ) ഇവരുടെ

ദൃഷ്ടിയിൽ ഔലിയയല്ലേ! വഹ്‌യ് എത്തുന്നത് പോലും നബി(സ്വ) അറിഞ്ഞിരുന്നത് ജിബ്‌രീൽ(അ) സമീപിക്കുമ്പോഴായിരുന്നു.

ശൈഖിന്റെ കാല് എല്ലാ ഔലിയാക്കളുടെയും പിരടിയിലാണത്രെ: "എല്ലാ മശാഇഖന്മാരുടെ തോളുമ്മൽ, ഏകൽ അരുളാലേ എന്റെ കാൽ എന്നോവർ." മറ്റു ഔലിയാക്കളുടെ ചുമലിൽ കാലുവയ്ക്കാൻ മാത്രം ശൈഖ് യോഗ്യനാണെന്നും എല്ലാ ശൈഖന്മാരുടെ മേലും അദ്ദേഹത്തിന് അധികാരമുണ്ടെന്നും സൂചിപ്പിക്കുന്ന വരികളാണിത്. നബി(സ്വ)യടക്കം ഉത്തമ തലമുറയിൽപ്പെട്ടവരുടെ ചുമലിൽ ചവിട്ടുകയും അവരെല്ലാം ശൈഖിന്റെ മുമ്പിൽ തല കുനിക്കുകയും ചെയ്യുവെന്ന് വിശ്വസിക്കാൻ അവിവേകികൾക്ക് മാത്രമെ സാധിക്കൂ.

ഒരു വസ്തുവിനോട് ഉണ്ടാകൂ എന്ന് ശൈഖ് പറഞ്ഞാൽ അതുണ്ടാകുമത്രെ: "എന്നുടെ ഏകൽ ഉടയവൻ തന്റേകൽ, ആകെന്ന് ഞാൻ ചൊൽകിൽ ആകും അദെന്നോവർ." ഇവിടെ പ്രയോഗിച്ച 'ആകും എന്നത് സൃഷ്ടിയാണെന്നും അല്ലാഹു കഴിവ് കൊടുത്തിട്ടാണ് ഇതെല്ലാം നടക്കുന്നതെന്നുമുള്ള മുടന്തൻ വ്യാഖ്യാനങ്ങൾ പമ്പര വിഡ്ഢിത്തമല്ലാതെ മറ്റെന്താണ്? അല്ലാഹുവിന്റെ കഴിവിനെ ഇങ്ങനെ തരംതാഴ്ത്തി കാണിക്കാമോ? ഖുർആൻ പറയുന്നു: "താൻ ഒരു കാര്യം ഉദ്ദേശിച്ചാൽ അതിനോട് ഉണ്ടാകൂ എന്ന് പറയുക മാത്രമാകുന്നു അവന്റെ കാര്യം. അപ്പോഴതാ അതുണ്ടാകുന്നു" (36:82).

ഭൂമി ഉണ്ടപോലെ ശൈഖിന്റെ കൈയിലാണെന്നും അതിനെ മറികടക്കാൻ ഒരു ചവിട്ടടി മതിയെന്നും വാദിക്കുന്നു: "ഭൂമി ഒരുണ്ടഫോൽ എൻകയ്യിലെന്നോവർ, ഭൂമി അദൊക്കെയും ഒരു ചുവടെന്നോവർ." അല്ലാഹുവിനെ വേണ്ടവിധം മനസ്സിലാക്കാത്ത ഈ പുരോഹിതന്മാർ ചെറിയ ഗ്ലോബിനോടും ഗൂഗിളിലെ സാറ്റലൈറ്റ് മാപ്പിനോടുമൊക്കെ ഇതിനെ ഉപമിക്കുന്നതും കണ്ടാൽ 'മുഴുവട്ടന്മാർ' എന്നേ ഇവരെ വിശേഷിപ്പിക്കാനാകൂ. അല്ലാഹുവിന്റെ കഴിവിനെയാണിവർ ഈ നിലയ്ക്ക് വെല്ലുവിളിക്കുന്നത്. ഖുർആൻ പറയുന്നു: "അല്ലാഹുവെ കണക്കാക്കേണ്ട നിലയിൽ അവർ കണക്കാക്കിയിട്ടില്ല. ഉയിർത്തെഴുന്നേൽപിന്റെ നാളിൽ ഭൂമി മുഴുവൻ അവന്റെ ഒരു കൈപ്പിടിയിൽ ഒതുങ്ങുന്നതായിരിക്കും. ആകാശങ്ങൾ അവന്റെ വലതുകൈയിൽ ചുരുട്ടിപ്പിടിക്കപ്പെട്ടവയുമായിരിക്കും. അവനെത്ര പരിശുദ്ധൻ! അവർ പങ്കുചേർക്കുന്നതിനെല്ലാം അവൻ അതീതനായിരിക്കുന്നു" (39:67).

**ഭൂമി ഉണ്ടപോലെ ശൈഖിന്റെ കൈയിലാണെന്നും അതിനെ മറികടക്കാൻ ഒരു ചവിട്ടടി മതിയെന്നും വാദിക്കുന്നു: "ഭൂമി ഒരുണ്ടഫോൽ എൻകയ്യിലെന്നോവർ, ഭൂമി അദൊക്കെയും ഒരു ചുവടെന്നോവർ.'' അല്ലാഹുവിനെ വേണ്ടവിധം മനസ്സിലാക്കാത്ത ഈ പുരോഹിതന്മാർ ചെറിയ ഗ്ലോബിനോടും ഗൂഗിളിലെ സാറ്റലൈറ്റ് മാപ്പിനോടുമൊക്കെ ഇതിനെ ഉപമിക്കുന്നതും കണ്ടാൽ 'മുഴുവട്ടന്മാർ' എന്നേ ഇവരെ വിശേഷിപ്പിക്കാനാകൂ. അല്ലാഹുവിന്റെ കഴിവിനെയാണിവർ ഈ നിലയ്ക്ക് വെല്ലുവിളിക്കുന്നത്.**

അർശിൽ ചെന്നെത്തി ലൗഹുൽ മഹ്ഫൂദിലെ കാര്യങ്ങൾ ശൈഖ് അറിയുമത്രെ: "എല്ലായിലും മേലേ അർശിങ്കൽ ചെന്നോവർ, എന്റെ കണ്ണെഫ്ഫോളും ലൗഹിൽ അദെന്നോവർ." അല്ലാഹുവിന്റെ വിധികൾ എഴുതപ്പെട്ട രേഖയാണ് ലൗഹുൽ മഹ്ഫൂദ്. അതിന്റെ അകമറിയാനുള്ള കഴിവ് സൃഷ്ടികളിൽ ആർക്കും അല്ലാഹു നൽകിയിട്ടില്ല. അല്ലാഹു പറയുന്നു: "ആകാശത്തിലും ഭൂമിയിലുമുള്ളത് അല്ലാഹു അറിയുന്നുണ്ടെന്ന് നിനക്ക് അറിഞ്ഞുകൂടേ? തീർച്ചയായും അത് ഒരു രേഖയിലുണ്ട്. തീർച്ചയായും അത് അല്ലാഹുവിന് എളുപ്പമുള്ള കാര്യമത്രെ" (22:70).

അല്ലാഹു എത്രയോ ഉന്നതിയിലേക്ക് ഉയർത്തിയ നബി(സ്വ) പോലും ഇത്തരം അവകാശവാദങ്ങൾ ഉന്നയിച്ചിട്ടില്ല. ഇവരോട് അവിശ്വാസികൾക്ക് ഖുർആൻ നൽകിയ മറുപടിയാണ് ഉണർത്താനുള്ളത്. അല്ലാഹു പറയുന്നു: "(നബിയേ) പറയുക: അവർ പറയും പോലെ അവനോടൊപ്പം മറ്റുദൈവങ്ങളുണ്ടായിരുന്നെങ്കിൽ സിംഹാസനാധിപന്റെ അടുക്കലേക്ക് അവർ (ആ ദൈവങ്ങൾ) വല്ല മാർഗവും തേടുക തന്നെ ചെയ്യുമായിരുന്നു. അവൻ എത്ര പരിശുദ്ധൻ! അവർ പറഞ്ഞുണ്ടാക്കിയതിനെല്ലാം ഉപരിയായി അവൻ വലിയ ഔന്നത്യം പ്രാപിച്ചിരിക്കുന്നു" (17:42,43).

അല്ലാഹുവിന്റെ അത്ഭുതകരമായ കഴിവുകളെ നിന്ദിക്കുക മാത്രമല്ല അവന്റെ അവകാശങ്ങളെ വരെ ഈ മാലയിലൂടെ ശൈഖിന് ചാർത്തിക്കൊടുക്കുന്ന വരികൾ കൂടി കാണുക.

'നരകത്തിൽ നിന്റെ മുരീദാരും ഇല്ലെന്ന്, നരകത്തെ കാക്കും മലക്ക് ഫറഞ്ഞോവർ.'

'എന്നേ ഫിടിച്ചവർ ഏതും ഫേടിക്കണ്ട, എന്നേ ഫിടിച്ചോർക്ക് ഞാൻ കാവൽ എന്നോവർ.'

'ബല്ലേ നിലത്തിന്നും എന്നേ വിളിഫ്ഫോർക്ക്, ബായ് കൂടാ ഉത്തിരം ചെയ്യും ഞാനെന്നോവർ.'

'കുഫ്ഫി അകത്തുള്ള വസ്തുവിനെഫ്ഫോലേ, കാമാൻ ഞാൻ നിങ്ങളെ ഖൽബകം എന്നോവർ.'

'കണ്ണിൽ കാണാത്തതും ഖൽബ

കത്തുള്ളദും, കൺകൊണ്ട് കണ്ടെഫോൽ കണ്ട് ഫറഞ്ഞോവർ.'

ഇതെല്ലാം ശരിയെന്ന് കരുതി വിശ്വസിച്ചംഗീരിക്കുന്ന മുസ്‌ലിം സമൂഹം പുരോഹിതന്മാർ കാരണം എത്രവലിയ വഴികേടിലാണ് അകപ്പെട്ടിട്ടുള്ളത്! അല്ലാഹുവിന് പുറമെ ആരാധ്യരെ സ്വീകരിച്ചവരോട് ക്വുർആൻ പറയുന്നു: "അല്ലാഹുവിന് പുറമെ, അവർക്ക് ഉപദ്രവമോ ഉപകാരമോ ചെയ്യാത്തതിനെ അവർ ആരാധിച്ചുകൊണ്ടിരിക്കുന്നു. ഇവർ (ആരാധ്യർ) അല്ലാഹുവിന്റെ അടുക്കൽ ഞങ്ങൾക്കുള്ള ശുപാർശക്കാരാണ് എന്ന് പറയുകയും ചെയ്യുന്നു. (നബിയേ) പറയുക: ആകാശങ്ങളിലോ ഭൂമിയിലോ ഉള്ളതായി അല്ലാഹുവിനറിയാത്ത വല്ലകാര്യവും നിങ്ങളവന്ന് അറിയിച്ചു കൊടുക്കുകയാണോ? അല്ലാഹു അവർ പങ്കുചേർക്കുന്നതിൽനിന്നെല്ലാം എത്രയോ പരിശുദ്ധനും ഉന്നതനുമായിരിക്കുന്നു" (10:18).

ശൈഖിന്റെ വ്യക്തിത്വത്തെ തന്നെയും ഇകഴ്ത്തും വിധം മാലക്കാരൻ എഴുതിയത് കാണുക:

'നാൽഫഥ് വട്ടം ജനാബത്തുണ്ടായാരേ,
നാൽഫഥ് വട്ടം ഒരു രാകുളിച്ചോവർ.'
'നലവേറും ഇശാതൊളുദൊരു വുളുവാലേ,
നാൽഫതിറ്റാണ്ട് സുബ്ഹ് തൊളുദോവർ.'
'ഊണും ഉറക്കം അദൊന്നുമെ കൂടാതെ,
ഒരാണ്ട് കാലം ഫൊറുത്ത് നടന്നോവർ.'
'മുദലായ റമളാനിൽ മുഫ്ഫത് നാളിലും,
മുലകുടിക്കും കാലം മുലനേതൊടാദോവർ.'

ചിന്തിക്കുക, എത്ര വഷളൻ വരികളാണിത്! വിശ്വാസി സമൂഹത്തെ ബാധിച്ച ഈ നൂലാമാലയെ വലിച്ചെറിഞ്ഞ് വിശുദ്ധ ക്വുർആനിന്റെ വഴിയിലേക്ക് തിരിഞ്ഞ് നടക്കാൻ കഴിയണം. അല്ലാഹു പറയുന്നു: 'നിങ്ങൾ ഓർക്കാതിരിക്കെ പെട്ടെന്ന് നിങ്ങൾക്ക് ശിക്ഷ വന്നെത്തുന്നതിന് മുമ്പായി നിങ്ങളുടെ രക്ഷിതാവിങ്കൽ നിന്ന് നിങ്ങൾക്ക് അവതരിപ്പിക്കപ്പെട്ടതിൽ നിന്ന് ഏറ്റവും ഉത്തമമായത് നിങ്ങൾ പിൻപറ്റുകയും ചെയ്യുക'.(39:65)

മാലക്കാരന്റെ പുകഴ്ത്തലുകൾ ശൈഖിനെ കൊണ്ടെത്തിച്ചതിന്റെ മറ്റൊരു തലം കൂടി നമുക്ക് വായിക്കാം:

'അമ്പിയാക്കന്മാരും ഔലിയാക്കന്മാരും,
അവരുടെ റൂഹും അവിടെ വരുന്നോവർ.'
'അങ്ങനെതന്നെ മലാഇക്കത്തന്മാരും,
അവരുടെ മജ്‌ലിസിൽ ഹാളിറാകുന്നോവർ.'
'ആ വണ്ണം നമ്മുടെ ഖോജ റസൂലുല്ലാഹ്,
അവരുടെ റൂഹും അവിടെ വരുന്നോവർ.'
'ചത്തെ ചകത്തിനെ ജീവൻ ഇടിച്ചോവർ,
ചാകും കലശത്തേ നന്നാക്കി ബിട്ടോവർ.'
'ഫെയ്യും മഴയോടും ഒഴുകുന്ന ഹാറോടും,
ഫോരും അദെന്നാരേ ഫോരിച്ച് വെച്ചോവർ.'
'കനിയില്ലാ കാലം കനിയേ കൊടുത്തോവർ,
കരിഞ്ഞെ മരത്തിമ്മൽ കായാ നിറച്ചോവർ.'

അല്ലാഹുവിനെയും അവന്റെ റസൂലിനെയും തരം താഴ്ത്തുന്ന ഈ വരികളൊക്കെ പാടിയാൽ സ്വർഗം കിട്ടുമെന്നാണ് പാവം അണികൾ വിചാരിക്കുന്നത്!

അല്ലാഹു പറയുന്നു: "(നബിയേ) പറയുക: ഞാൻ എന്റെ രക്ഷിതാവിനെ മാത്രമെ വിളിച്ചു പ്രാർഥിക്കുകയുള്ളൂ. അവനോട് യാതൊരാളെയും ഞാൻ പങ്കുചേർക്കുകയില്ല. പറയുക: നിങ്ങൾക്ക് ഉപദ്രവം ചെയ്യുക എന്നതോ (നിങ്ങളെ) നേർവഴിയിലാക്കുക എന്നതോ എന്റെ അധീനതയിലല്ല. പറയുക: അല്ലാഹുവി(ന്റെ ശിക്ഷയിൽ)നിന്ന് ഒരാളും എനിക്ക് അഭയം നൽകുകയേ ഇല്ല; തീർച്ച. അവന്നു പുറമെ ഒരു അഭയസ്ഥാനവും ഞാൻ ഒരിക്കലും കണ്ടെത്തുകയുമില്ല. അല്ലാഹുവിങ്കൽനിന്നുള്ള പ്രബോധനവും അവന്റെ സന്ദേശങ്ങളും ഒഴികെ (മറ്റൊന്നും എന്റെ അധീനതയിലില്ല). വല്ലവനും അല്ലാഹുവെയും അവന്റെ ദൂതനെയും ധിക്കരിക്കുന്നപക്ഷം തീർച്ചയായും അവന്നുള്ളതാണ് നരകാഗ്നി. അത്തരക്കാർ അതിൽ എന്നെന്നും നിത്യവാസികളായിരിക്കും. അങ്ങനെ അവർക്ക് താക്കീത് നൽകപ്പെടുന്ന കാര്യം അവർ കണ്ടു കഴിഞ്ഞാൽ ഏറ്റവും ദുർബലനായ സഹായി ആരാണെന്നും എണ്ണത്തിൽ ഏറ്റവും കുറവ് ആരാണെന്നും അവർ മനസ്സിലാക്കികൊള്ളും" (72:20-24).

സമസ്തയുടെ മുശാവറയിൽപ്പെട്ടവർ സമൂഹത്തോട് പറയണം; പുതിയ വിശ്വാസ പ്രകാരം മുഹ്‌യിദ്ദീൻ മാല അകത്തോ പുറത്തോ എന്ന്. മുഹ്‌യിദ്ദീൻ മാല എഴുതിയ ഖാദി മുഹമ്മദ് മുശ്‌രിക്കും കാഫിറുമായോ? സമസ്തയുടെ ആദർശമായ എട്ടാം പ്രമേയം അവതരിപ്പിച്ച ശിഹാബുദ്ദീൻ അഹ്മദ് കോയ ശാലിയാത്തിയുടെ വിധി എന്താണ്? ഇതുവരെ ഖാദി, ഇമാം, ഖത്വീബ് സ്ഥാനങ്ങളിലുണ്ടായിരുന്നവർ മുശ്‌രിക്കുകളും കാഫിറുകളുമാകുമോ? ചതുർ ലക്ഷ്യങ്ങൾകൊണ്ട് ഈ മാല തെളിയിക്കുമെന്ന് വാദിച്ച പതി അബ്ദുൽ ക്വാദിർ മുസ്‌ലിയാരുടെ കാര്യത്തിൽ മുശാവറ വിധി എന്താകും? പ്രമാണങ്ങളെ ദുർവ്യാഖ്യാനിച്ചും ചരിത്ര സംഭവങ്ങളെ വക്രീകരിച്ചും ദുർബല വാക്കുകൾ തട്ടിക്കൂട്ടിയും രചിക്കപ്പെട്ട മാല വ്യാഖ്യാനങ്ങളിൽ തീരുമാനമുണ്ടാകുമോ? ഇതെല്ലാം സത്യമെന്ന് വിശ്വസിച്ച് മാലയെ പട്ടിൽ പൊതിഞ്ഞ് കഴിഞ്ഞവരുടെ അവസ്ഥ എന്താകും?

അന്ധവിശ്വാസികൾ പരത്തുന്ന പൊള്ളത്തരങ്ങളിൽ ആകൃഷ്ടരായി ക്വുർആനിന്റെ താക്കീതിനെ വിസ്മരിക്കുന്നവരായി നാം മാറരുത്. അല്ലാഹു പറയുന്നു: "അവർ പറഞ്ഞുകൊണ്ടിരിക്കുന്നതിനെ പറ്റി നാം നല്ലവണ്ണം അറിയുന്നവനാകുന്നു. നീ അവരുടെ മേൽ സ്വേച്ഛാധികാരം ചെലുത്തേണ്ടവനല്ല. അതിനാൽ എന്റെ താക്കീത് ഭയപ്പെടുന്നവരെ ക്വുർആൻ മുഖേന നീ ഉൽബോധിപ്പിക്കുക" (50:45). ■

അബ്ദുർറഹ്മാനുബ്നു നാസിറുസ്സഅ്ദി
വിവർത്തനം: ഹാരിസ് ബിൻ സലീം
:95444 92089

# സൂറ: ഗാഫിർ

## (പാപം പൊറുക്കുന്നവൻ)

(മക്കയിൽ അവതരിച്ചത്)

അധ്യായം 40

كَذَٰلِكَ يُؤْفَكُ ٱلَّذِينَ كَانُوا۟ بِـَٔايَـٰتِ ٱللَّهِ يَجْحَدُونَ ﴿٦٣﴾

ٱللَّهُ ٱلَّذِى جَعَلَ لَكُمُ ٱلْأَرْضَ قَرَارًا وَٱلسَّمَآءَ بِنَآءً وَصَوَّرَكُمْ فَأَحْسَنَ صُوَرَكُمْ وَرَزَقَكُم مِّنَ ٱلطَّيِّبَـٰتِ ۚ ذَٰلِكُمُ ٱللَّهُ رَبُّكُمْ ۖ فَتَبَارَكَ ٱللَّهُ رَبُّ ٱلْعَـٰلَمِينَ ﴿٦٤﴾

هُوَ ٱلْحَىُّ لَآ إِلَـٰهَ إِلَّا هُوَ فَٱدْعُوهُ مُخْلِصِينَ لَهُ ٱلدِّينَ ۗ ٱلْحَمْدُ لِلَّهِ رَبِّ ٱلْعَـٰلَمِينَ ﴿٦٥﴾

قُلْ إِنِّى نُهِيتُ أَنْ أَعْبُدَ ٱلَّذِينَ تَدْعُونَ مِن دُونِ ٱللَّهِ لَمَّا جَآءَنِىَ ٱلْبَيِّنَـٰتُ مِن رَّبِّى وَأُمِرْتُ أَنْ أُسْلِمَ لِرَبِّ ٱلْعَـٰلَمِينَ ﴿٦٦﴾

هُوَ ٱلَّذِى خَلَقَكُم مِّن تُرَابٍ ثُمَّ مِن نُّطْفَةٍ ثُمَّ مِنْ عَلَقَةٍ ثُمَّ يُخْرِجُكُمْ طِفْلًا ثُمَّ لِتَبْلُغُوٓا۟ أَشُدَّكُمْ ثُمَّ لِتَكُونُوا۟ شُيُوخًا ۚ وَمِنكُم مَّن يُتَوَفَّىٰ مِن قَبْلُ ۖ وَلِتَبْلُغُوٓا۟ أَجَلًا مُّسَمًّى وَلَعَلَّكُمْ تَعْقِلُونَ ﴿٦٧﴾

63. അപ്രകാരം തന്നെയാണ് അല്ലാഹുവിന്റെ ദൃഷ്ടാന്തങ്ങളെ നിഷേധിച്ചിരുന്നവർ (സന്മാർഗത്തിൽ നിന്ന്) തെറ്റിക്കപ്പെടുന്നത്.

64. അല്ലാഹുവാകുന്നു നിങ്ങൾക്ക് വേണ്ടി ഭൂമിയെ വാസസ്ഥലവും ആകാശത്തെ മേൽപുരയും ആക്കിയവൻ. അവൻ നിങ്ങളെ രൂപപ്പെടുത്തുകയും ചെയ്തു. അങ്ങനെ അവൻ നിങ്ങളുടെ രൂപങ്ങൾ മികച്ചതാക്കി. വിശിഷ്ട വസ്തുക്കളിൽനിന്ന് അവൻ നിങ്ങൾക്ക് ഉപജീവനം നൽകുകയും ചെയ്തു. അവനാകുന്നു നിങ്ങളുടെ രക്ഷിതാവായ അല്ലാഹു. അപ്പോൾ ലോകങ്ങളുടെ രക്ഷിതാവായ അല്ലാഹു അനുഗ്രഹപൂർണനായിരിക്കുന്നു.

65. അവനാകുന്നു ജീവിച്ചിരിക്കുന്നവൻ. അവനല്ലാതെ യാതൊരു ദൈവവുമില്ല. അതിനാൽ കീഴ്വണക്കം അവന് നിഷ്കളങ്കമാക്കിക്കൊണ്ട് നിങ്ങൾ അവനോട് പ്രാർഥിക്കുക. ലോകങ്ങളുടെ രക്ഷിതാവായ അല്ലാഹുവിന്ന് സ്തുതി.

66. (നബിയേ,) പറയുക: എന്റെ രക്ഷിതാവിങ്കൽനിന്ന് എനിക്ക് തെളിവുകൾ വന്നുകിട്ടിയിരിക്കെ അല്ലാഹുവിന് പുറമെ നിങ്ങൾ വിളിച്ചു പ്രാർഥിക്കുന്നവരെ ആരാധിക്കുന്നതിൽനിന്ന് തീർച്ചയായും ഞാൻ വിലക്കപ്പെട്ടിരിക്കുന്നു. ലോകങ്ങളുടെ രക്ഷിതാവിന് ഞാൻ കീഴ്പ്പെടണമെന്ന് കൽപിക്കപ്പെടുകയും ചെയ്തിരിക്കുന്നു.

67. മണ്ണിൽനിന്നും പിന്നെ ബീജകണത്തിൽനിന്നും പിന്നെ ഭ്രൂണത്തിൽനിന്നും നിങ്ങളെ സൃഷ്ടിച്ചത് അവനാകുന്നു. പിന്നീട് ഒരു ശിശുവായി നിങ്ങളെ അവൻ പുറത്തു കൊണ്ടുവരുന്നു. പിന്നീട് നിങ്ങൾ നിങ്ങളുടെ പൂർണശക്തി പ്രാപിക്കുവാനും പിന്നീട് നിങ്ങൾ വൃദ്ധരായിത്തീരുവാനും വേണ്ടി. നിങ്ങളിൽ ചിലർ മുമ്പേതന്നെ മരണമടയുന്നു. നിർണിതമായ ഒരു അവധിയിൽ നിങ്ങൾ എത്തിച്ചേരുവാനും നിങ്ങൾ ഒരുവേള ചിന്തിക്കുന്നതിനും വേണ്ടി.

هُوَ ٱلَّذِى يُحۡىِۦ وَيُمِيتُۖ فَإِذَا قَضَىٰٓ أَمۡرًا فَإِنَّمَا يَقُولُ لَهُۥ كُن فَيَكُونُ ﴿٦٨﴾

أَلَمۡ تَرَ إِلَى ٱلَّذِينَ يُجَٰدِلُونَ فِىٓ ءَايَٰتِ ٱللَّهِ أَنَّىٰ يُصۡرَفُونَ ﴿٦٩﴾

68. അവനാണ് ജീവിപ്പിക്കുകയും മരിപ്പിക്കുകയും ചെയ്യുന്നവൻ. ഒരു കാര്യം അവൻ തീരുമാനിച്ചു കഴിഞ്ഞാൽ ഉണ്ടാകൂ എന്ന് അതിനോട് അവൻ പറയുക മാത്രം ചെയ്യുന്നു. അപ്പോൾ അത് ഉണ്ടാകുന്നു.
69. അല്ലാഹുവിന്റെ ദൃഷ്ടാന്തങ്ങളെപ്പറ്റി തർക്കിക്കുന്നവരുടെ നേർക്ക് നീ നോക്കിയില്ലേ? എങ്ങനെയാണ് അവർ വ്യതിചലിപ്പിക്കപ്പെടുന്നത് എന്ന്.

63). (അപ്രകാരം തന്നെയാണ് അല്ലാഹുവിന്റെ ദൃഷ്ടാന്തങ്ങളെ നിഷേധിച്ചിരുന്നവർ തെറ്റിക്കപ്പെടുന്നത്) ഏകദൈവവിശ്വാസത്തെ കയ്യൊഴിക്കുകയും പ്രവാചകന്മാരോട് ധിക്കാരം കാണിക്കുകയും അല്ലാഹുവിന്റെ ദൃഷ്ടാന്തങ്ങളെ നിഷേധിക്കുകയും ചെയ്തതിന്റെ ശിക്ഷയാണിത്.

وَإِذَا مَآ أُنزِلَتۡ سُورَةٌ نَّظَرَ بَعۡضُهُمۡ إِلَىٰ بَعۡضٍ هَلۡ يَرَىٰكُم مِّنۡ أَحَدٍ ثُمَّ ٱنصَرَفُواْۚ صَرَفَ ٱللَّهُ قُلُوبَهُم بِأَنَّهُمۡ قَوۡمٌ لَّا يَفۡقَهُونَ ﴿١٢٧﴾

"ഏതെങ്കിലും ഒരധ്യായം അവതരിപ്പിക്കപ്പെട്ടാൽ അവരിൽ ചിലർ മറ്റു ചിലരെ നിങ്ങളെ ആരെങ്കിലും കാണുന്നുണ്ടോ എന്ന ചോദ്യഭാവത്തിൽ നോക്കും. എന്നിട്ട് അവർ തിരിഞ്ഞുകളയുകയും ചെയ്യും. അവർ കാര്യം ഗ്രഹിക്കാത്ത ഒരു ജനവിഭാഗമായതിനാൽ അല്ലാഹു അവരുടെ മനസ്സുകളെ തിരിച്ചുകളഞ്ഞിരിക്കുകയാണ്" (9:127).

64). (അല്ലാഹുവാകുന്നു നിങ്ങൾക്കുവേണ്ടി ഭൂമിയെ വാസസ്ഥലവും ആകാശത്തെ മേൽപ്പുരയും ആക്കിയവൻ) ശാന്തമായ വാസസ്ഥലം. എല്ലാ സൗകര്യങ്ങളോടും കൂടിയത്, കൃഷിക്കും കെട്ടിടനിർമാണത്തിനും യാത്രയ്ക്കും താമസത്തിനുമെല്ലാം സൗകര്യമാകുംവിധം. (ആകാശത്തെ മേൽപ്പുരയും) ഭൂമിക്കുള്ള മേൽപ്പുര, ആ ഭൂമിയിലാണ് നിങ്ങൾ താമസം, ആ മേൽപ്പുരയിൽ വിവിധങ്ങളായ പ്രകാശങ്ങളും കടലിലെയും കരയിലെയും ഇരുട്ടിൽ വഴി കണ്ടെത്താനുള്ള അടയാളങ്ങളും അവനുണ്ടാക്കി. (അവൻ നിങ്ങളെ രൂപപ്പെടുത്തുകയും ചെയ്തു. അങ്ങനെ അവൻ നിങ്ങളുടെ രൂപങ്ങൾ മികച്ചതാക്കി) മറ്റു ജീവികളിലൊന്നിലും കണ്ടെത്താനാവാത്തത്ര മനോഹരരൂപം അവൻ മനുഷ്യന് നൽകി. അല്ലാഹു തന്നെ പറയുന്നു

لَقَدۡ خَلَقۡنَا ٱلۡإِنسَٰنَ فِىٓ أَحۡسَنِ تَقۡوِيمٍ ﴿٤﴾

"തീർച്ചയായും മനുഷ്യനെ നാം ഏറ്റവും നല്ല ഘടനയോടുകൂടി സൃഷ്ടിച്ചിരിക്കുന്നു" (95:4)

മനുഷ്യ സൃഷ്ടിപ്പിന്റെ മനോഹാരിതയും അതിൽ അല്ലാഹു ഉണ്ടാക്കിയ അത്ഭുതങ്ങളും മനസ്സിലാക്കാൻ ഓരോ അവയവവും സൂക്ഷ്മമായി നിരീക്ഷിച്ചാൽ മതി. അതിന് അതിനെക്കാൾ പറ്റിയ മറ്റൊരു സ്ഥാനമുണ്ടോ എന്ന് ചിന്തിച്ചാൽ മതി. ഹൃദയങ്ങൾക്ക് പരസ്പരം തോന്നുന്ന താൽപര്യം ഇതും മനുഷ്യനല്ലാത്ത മറ്റ് ജീവികളിൽ കാണുക സാധ്യമാണോ? അതുപോലെതന്നെ ബുദ്ധി, വിശ്വാസം, സ്നേഹം, അറിവ് തുടങ്ങിയവയെല്ലാം മനോഹരമായ രൂപത്തിന് ചേർന്ന മനോഹരഗുണങ്ങളായി നൽകി.

(വിശിഷ്ട വസ്തുക്കളിൽനിന്ന് അവൻ നിങ്ങൾക്ക് ഉപജീവനം നൽകുകയും ചെയ്തു) വിശിഷ്ടമായതെല്ലാം ഇതിൽപെടും. ഭക്ഷണം, പാനീയങ്ങൾ, വിവാഹം, വസ്ത്രം, കാഴ്ച, കേൾവി, എല്ലാം അല്ലാഹു അവന്റെ ദാസന് സൗകര്യപ്പെടുത്തിക്കൊടുത്ത വിശിഷ്ടമായ അനുഗ്രഹങ്ങളാണ്. അത് നേടാനുള്ള വഴിയും അവൻ ഉണ്ടാക്കിക്കൊടുത്തു. മാത്രവുമല്ല വിശിഷ്ടമല്ലാത്തത് അവൻ തടഞ്ഞു. അതെല്ലാം അവനെതിരാണ്. അവന്റെ ശരീരത്തെ ദ്രോഹിക്കുന്നതും അവന്റെ മതത്തെയും ഹൃദയത്തെയും പ്രതികൂലമായി ബാധിക്കുന്നതുമാണ്.

(അവനാകുന്നു) കാര്യങ്ങൾ നിയന്ത്രിക്കുന്നവനും ഈ അനുഗ്രഹങ്ങളെല്ലാം നിങ്ങൾക്ക് നൽകിയവനും. (അപ്പോൾ ലോകങ്ങളുടെ രക്ഷിതാവായ അല്ലാഹു അനുഗ്രഹപൂർണനായിരിക്കുന്നു) മഹത്ത്വമുള്ളവൻ, ധാരാളം അനുഗ്രഹം നൽകുന്നവൻ, കരുണയാൽ സർവ ലോകങ്ങളെയും സംരക്ഷിക്കുന്നവൻ.

65). (അവനാകുന്നു എന്നെന്നും ജീവിച്ചിരിക്കുന്നവൻ) പരിപൂർണ ജീവിതത്തിന്നുടയവൻ, ജീവിതത്തിന് അനിവാര്യമായതെല്ലാം അവനുണ്ട്. കേൾവി, കാഴ്ച, കഴിവ്, അറിവ്, സംസാരം തുടങ്ങിയ മഹത്തായ സർവ ഗുണങ്ങളും.

(അവനല്ലാതെ ആരാധനക്കർഹനായി മറ്റാരുമില്ല) അവനല്ലാതെ മറ്റൊരു ആരാധ്യനില്ല. (അതിനാൽ നിങ്ങൾ അവനോട് പ്രാർഥിക്കുക). ആവശ്യങ്ങൾ നിറവേറുന്നതിനും ആരാധനയെന്ന നിലക്കുമുള്ള രണ്ട് പ്രാർഥനകളും ഇതിൽപെടും. (കീഴ്വണക്കം അവന് നിഷ്കളങ്കമാക്കിക്കൊണ്ട്) എല്ലാ പ്രവർത്ത

നത്തിലും പ്രാർഥനയിലും ആരാധനയിലുമെല്ലാം അവന്റെ പ്രീതി നിങ്ങളാഗ്രഹിക്കണം. നിഷ്കളങ്കത നമ്മോട് കൽപിക്കപ്പെട്ട കാര്യമാണ്.

وَمَآ أُمِرُوٓا۟ إِلَّا لِيَعْبُدُوا۟ ٱللَّهَ مُخْلِصِينَ لَهُ ٱلدِّينَ حُنَفَآءَ

"കീഴ്‌വണക്കം അല്ലാഹുവിന് മാത്രം ആക്കിക്കൊണ്ട് ഋജുമനസ്കരായ നിലയിൽ അവനെ ആരാധിക്കുവാനും അല്ലാതെ അവരോട് കൽപിക്കപ്പെട്ടിട്ടില്ല"(98:5).

(ലോകങ്ങളുടെ രക്ഷിതാവായ അല്ലാഹുവിന് സ്തുതി) സർവസ്തുതികളും സ്തോത്രങ്ങളും ദിക്റുകളായി പറയുന്നതും ആരാധന പോലുള്ള പ്രവർത്തനങ്ങളും എല്ലാം അവനുതന്നെ. യാതൊരു പങ്കുകാരുമില്ലാത്ത ഏകൻ, പ്രവർത്തനങ്ങളിലും വിശേഷണങ്ങളിലും അനുഗ്രഹം നൽകുന്നതിലും അവൻ മാത്രമാണ് പരിപൂർണൻ.

66) ആരാധന അല്ലാഹുവിന് മാത്രമായിരിക്കണമെന്ന് നിർദേശിക്കുമ്പോൾ അതിനുള്ള വ്യക്തമായ തെളിവുകളും വിശദീകരിച്ചുതരുന്നു. അവനല്ലാത്തവരെ ആരാധിക്കരുതെന്നും കൽപിക്കുന്നു. (-നബിയേ പറയുക-അല്ലാഹുവിന് പുറമെ നിങ്ങൾ വിളിച്ചുപ്രാർഥിക്കുന്നവരെ ആരാധിക്കുന്നതിൽനിന്ന് തീർച്ചയായും ഞാൻ വിലക്കപ്പെട്ടിരിക്കുന്നു). ബിംബങ്ങളെയും വിഗ്രഹങ്ങളെയും അല്ലാഹുവിന് പുറമെ, ആരാധിക്കപ്പെടുന്ന സർവതും.

ഞാനീ പറയുന്ന കാര്യത്തിൽ എനിക്ക് അൽപം പോലും സംശയമില്ല. മറിച്ച് ഉറപ്പും തെളിവുമുണ്ട്. അതാണ് അല്ലാഹു പറഞ്ഞത്. (എന്റെ രക്ഷിതാവിൽനിന്ന് എനിക്ക് തെളിവുകൾ വന്നുകിട്ടിയിരിക്കെ ലോകങ്ങളുടെ രക്ഷിതാവിന് ഞാൻ കീഴ്പ്പെടണമെന്ന് ഞാൻ കൽപിക്കപ്പെടുകയും ചെയ്തിരിക്കുന്നു) എന്റെ ഹൃദയംകൊണ്ടും നാവുകൊണ്ടും ശരീരാവയവങ്ങൾകൊണ്ടുമെല്ലാം അവന്റെ നിർദേശങ്ങൾക്ക് കീഴ്പ്പെടണമെന്ന്. മറ്റുള്ളവരെ ആരാധിക്കുക എന്നതാണ് വിരോധിക്കപ്പെട്ടതിൽ ഏറ്റവും പ്രധാനകാര്യം. തുടർന്ന് അവൻ സ്രഷ്ടാവും പല ഘട്ടങ്ങളിലായി നിങ്ങളെ സൃഷ്ടിച്ചവനുമാണ് എന്ന് പറഞ്ഞ് അവന്റെ ഏകത്വത്തെ സ്ഥിരീകരിക്കുകയും ചെയ്യുന്നു.

67) അവൻ ഏകനായാണ് നിങ്ങളെ സൃഷ്ടിച്ചത്. അതിനാൽ അവനെ മാത്രമെ ആരാധിക്കാൻ പാടുള്ളൂ (മണ്ണിൽനിന്നും നിങ്ങളെ സൃഷ്ടിച്ചവനാണവൻ) നിങ്ങളുടെയും നിങ്ങളുടെ പിതാവിന്റെയും (ആദം) ഉത്ഭവം അതിൽനിന്നാണ്. (പിന്നെ ബീജകണത്തിൽനിന്നും) മറ്റ് മനുഷ്യരെല്ലാം മാതാ വിന്റെ വയറ്റിൽ സൃഷ്ടിക്കപ്പെട്ടത് ഇതിൽനിന്നാണ്.

ബാക്കിയുള്ള ഘട്ടങ്ങൾകൂടി ഓർമപ്പെടുത്തുന്നു. അതായത് ഭ്രൂണം, തുടർന്ന്, മാംസപിണ്ഡം, അസ്ഥി, ശേഷം ആത്മാവ് ഊതപ്പെടുന്നു. (പിന്നീട് ശിശുവായി നിങ്ങളെ അവൻ പുറത്തുകൊണ്ടുവരുന്നു) ഇതാണ് ദൈവികമായ സൃഷ്ടിപ്പിന്റെ ഘട്ടങ്ങൾ. (പിന്നീട് നിങ്ങൾ പൂർണ ശക്തിപ്രാപിക്കുവാനും) ബുദ്ധിയും ശരീരവും മറ്റ് സർവ ആന്തരിക-ബാഹ്യ കഴിവുകളെല്ലാം. (പിന്നീട് നിങ്ങൾ വൃദ്ധരായിത്തീരുവാനും നിങ്ങളിൽ ചിലർ മുമ്പേതന്നെ മരണമടയുന്നു) പൂർണ ശക്തിയെത്തും മുമ്പുതന്നെ. (ഒരു അവധിയിൽ നിങ്ങൾ എത്തിച്ചേരുവാനും) ഈ നിർണയിക്കപ്പെട്ട ഘട്ടങ്ങളിലൂടെ. (നിർണിത അവധി) ആയുസ്സ് അവസാനിക്കുന്നു. (നിങ്ങൾ ഒരുവേള ചിന്തിക്കുന്നതിനും വേണ്ടി) നിങ്ങളുടെ അവസ്ഥകൾ, അപ്പോൾ ഈ ഘട്ടങ്ങളിലൂടെയെല്ലാം നിങ്ങളെ കൊണ്ടുപോകുന്നവനെ നിങ്ങൾക്ക് മനസ്സിലാകും. ഏറെ കഴിവുറ്റവൻ. അതിനാൽ എല്ലാ നിലക്കും കഴിവുകുറഞ്ഞവരായ നിങ്ങൾ അവനെ മാത്രമെ ആരാധിക്കാവൂ.

68) (അവനാണ് ജീവിപ്പിക്കുകയും മരിപ്പിക്കുകയും ചെയ്യുന്നവൻ). ജീവിപ്പിക്കുകയും മരിപ്പിക്കുകയും ചെയ്യുന്നത് അവൻ മാത്രമാണ്. കാരണമുണ്ടെങ്കിലും ഇല്ലെങ്കിലും അവന്റെ അനുവാദം കൂടാതെ ഒരാളും മരിക്കില്ല.

وَمَا يُعَمَّرُ مِن مُّعَمَّرٍ وَلَا يُنقَصُ مِنْ عُمُرِهِۦٓ إِلَّا
فِى كِتَٰبٍ ۚ إِنَّ ذَٰلِكَ عَلَى ٱللَّهِ يَسِيرٌ

"ഒരു ദീർഘായുസ്സ് നൽകപ്പെട്ട ഒരാൾക്കും ആയുസ്സ് നീട്ടിക്കൊടുക്കപ്പെടുന്നതോ അയാളുടെ ആയുസ്സിൽ കുറവ് വരുത്തപ്പെടുന്നതോ ഒരു രേഖയിൽ ഉള്ളത് അനുസരിച്ചല്ലാതെ നടക്കുന്നില്ല. തീർച്ചയായും അത് അല്ലാഹുവിന് എളുപ്പമുള്ളതാകുന്നു" (35:11)

(ഒരു കാര്യം അവൻ തീരുമാനിച്ചുകഴിഞ്ഞാൽ) അത് ചെറുതോ വലുതോ ആകട്ടെ. (ഉണ്ടാകൂ എന്ന് അതിനോട് അവൻ പറയുക മാത്രം ചെയ്യുന്നു. അപ്പോൾ അതുണ്ടാകുന്നു) അത് ഉണ്ടാവാതിരിക്കുകയോ ആവർത്തിക്കേണ്ടിവരികയോ തടസ്സപ്പെടുകയോ ഇല്ല.

69) (അല്ലാഹുവിന്റെ ദൃഷ്ടാന്തങ്ങളെപ്പറ്റി തർക്കിക്കുന്നവരുടെ നേർക്ക് നീ നോക്കിയില്ലേ?) വ്യക്തമായ തെളിവുകളിൽ തർക്കിക്കുന്നവരുടെ മോശമായ നിലപാടുകളിൽ അത്ഭുതപ്പെട്ടുകൊണ്ട്. (എങ്ങനെയാണ് അവർ തെറ്റിക്കപ്പെടുന്നത് എന്ന്) ശരിയായി മനസ്സിലായിട്ടും എന്തിലേക്കാണ് അവർ പോകുന്നത്? അല്ലാഹുവിന്റെ തെളിവുകൾക്കെതിരായ വല്ല തെളിവും അവർ കണ്ടെത്തിയിട്ടുണ്ടോ? ഒരിക്കലുമില്ല. അവരുടെ തന്നിഷ്ടങ്ങളെ പിന്തുണയ്ക്കുന്ന വല്ലതും അവർ കണ്ടുവോ? അവർ അവർക്കുവേണ്ടി തെരഞ്ഞെടുത്തതും പകരമാക്കിയതും എത്ര ചീത്ത. അല്ലാഹു നൽകിയ ഗ്രന്ഥത്തെയാണ് അവർ കളവാക്കിയത്; അവൻ അയച്ച ദൂതരെയും. അവരാകട്ടെ, മനുഷ്യരിൽ ഉത്തമരും സത്യസന്ധരുമാണ്. അതീവ ബുദ്ധിമാന്മാരും.




ഇസ്‌ലാമിന്റെ തെളിവുകൾ: ഫിലോസഫി എന്ത് പറയുന്നു? 06

# ദൃഷ്ടാന്തങ്ങൾ; പ്രകൃതിയിലും മനുഷ്യരിലും

ഷാഹുൽ പാലക്കാട്
:97478 90521

**E40. പച്ചപ്പിന്റെ തിരിച്ചുവരവ്**

“അറബികളുടെ നാടുകൾ വീണ്ടും പുൽമേടുകളും നദികളും ആയിത്തീരുന്നതുവരെ അന്ത്യ നാൾ സംഭവിക്കുന്നതല്ല’’(മുസ്‌ലിം).

1400 വർഷങ്ങൾ മുമ്പ് ചുട്ടുപൊള്ളുന്ന അറേബ്യൻ മരുഭൂമിയിൽ ജീവിച്ചിരുന്ന സാധാരണക്കാരെ സംബന്ധിച്ചിടത്തോളം വളരെ വിചിത്രമായി തോന്നാവുന്ന ഒരു പ്രവചനമാണ് അന്ന് പ്രവാചകൻ(സ്വ) നടത്തിയത്. ഇന്ന് ആ പ്രവചനം നമ്മുടെ മുന്നിൽ പുലരുന്നതായി കാണാൻ കഴിയുന്നു. 1980കൾവരെ അറേബ്യൻ മരുഭൂമിയിൽ വളരെ ചുരുങ്ങിയ സ്ഥലങ്ങളിൽ മാത്രമെ പച്ചപ്പും ചെറിയ രീതിയിൽ കൃഷികളും കാണാമായിരുന്നുള്ളു. ശേഷമുള്ള വർഷങ്ങളിൽ അവിടുത്തെ സ്ഥിതിഗതികൾ മാറിമറിഞ്ഞു. ഇന്ന്, cloud seeding, pivot irrigation പോലുള്ള ആധുനിക രീതികൾ മുഖേന വളരെ വിശാലമായ സ്ഥലങ്ങളിൽ പഴവർഗങ്ങളും പച്ചക്കറികളും മറ്റു കാർഷികോൽപന്നങ്ങളും അവർ ഉൽപാദിപ്പിക്കുന്നു. പ്രവാചകൻ (സ്വ) പ്രവചിച്ചതുപോലെ അറേബ്യൻ മരുഭൂമി ഹരിതവത്കരിക്കപ്പെട്ടുകൊണ്ടിരിക്കുന്നു.

ഈ ഹദീസിൽ മറ്റൊരു അത്ഭുതകരമായ കാര്യവും ഉൾകൊള്ളുന്നുണ്ട്.

അറേബ്യൻ മരുഭൂമി ‘വീണ്ടും ഹരിതവത്കരിക്കപ്പെടും’ എന്ന ആശയമാണത്. ഒരിക്കൽ അങ്ങനെയായിരുന്നു എന്ന് അർഥം. ഇത് തെളിയിക്കുന്ന പല ആധുനിക പഠനങ്ങളുമുണ്ട്.

1) പുരാതന കാലത്ത് അറേബ്യൻ മരുഭൂമിയിൽ നിലനിന്നിരുന്ന നദികളുടെയും തടാകങ്ങളുടെയും ശൃഖലയെക്കുറിച്ച് Oxford universityയിലെ ഗവേഷകർ നടത്തിയ ഗവേഷണം.

https://www.ox.ac.uk/news/2012-04-30-ancient-network-rivers-and-lakes-found-arabian-desert

2) BBC report ചെയ്യുന്ന പഠനം: Tusk clue to Saudi Desert’s green past.

https://www.bbc.com/news/world-middle-east-26841410

3) Nasa Sees Fields of Green Spring in Saudi Arabia.

https://www.nasa.gov/topics/earth/features/saudi-green.html

4) Ancient Saudi Arabia was once lush and green - Gulf News

https://www.nasa.gov/topics/earth/features/saudi-green.html

വെള്ളമെത്താത്ത ഒരു മരുഭൂമിയിൽനിന്നും അത് തളിർക്കുന്ന ഭാവിയെ അറിയാനും അതിനെ സംബന്ധിച്ച് സംസാരിക്കാനും ദൈവദൂതനാൽ അല്ലാതെ കഴിയില്ല. ഇന്നത്തെ അറബ് ലോകത്തിന്റെ പ്രകൃതിയിലെ മാറ്റം ഇസ്‌ലാമിന്റെ സത്യതയെ തെളിയിക്കുന്നു.

**E41. അനുയായികളുടെ സാക്ഷ്യം**

‘പ്രവാചകൻ(സ്വ) ഒരവസരത്തിൽ ദീർഘമായി പ്രസംഗിച്ചു. ലോകാവസാനത്തിനു മുമ്പ് സംഭവിക്കാനിരിക്കുന്ന അടയാളങ്ങൾ പലതും ആ വർത്തമാനത്തിൽ കടന്നുവന്നു. ചിലതെല്ലാം ഞങ്ങളുടെ ഓർമയിൽ നിൽക്കുകയും

**ഏതൊരു മനുഷ്യൻ തനിക്ക് അറിയാത്ത വിഷയത്തെ സംബന്ധിച്ച് മുന്നേ പറയാൻ ശ്രമിച്ചാലും അത് അബദ്ധമാകാനാണ് കൂടുതൽ സാധ്യതയുള്ളത് എന്നിരിക്കെ നിലനിൽക്കുന്ന ലോകക്രമത്തിൽ വരാനിരിക്കുന്ന അനവധി കാര്യങ്ങളെ കൃത്യമായി പ്രവചിക്കാൻ ആരെക്കൊണ്ടും ആകില്ലെന്നുറപ്പാണ്. പ്രവാചകനിൽനിന്ന് അത് സംഭവിച്ചതായും തങ്ങൾ അതിനു സാക്ഷികളായിട്ടുണ്ടെന്നും അനുയായികൾ സാക്ഷ്യം വഹിക്കുന്നു. ഇത് അദ്ദേഹം ദൈവദൂതനാണെന്നതിന്റെ വ്യക്തമായ തെളിവാണ്.**

ചിലതെല്ലാം ഞങ്ങൾ മറന്നുപോവുകയും ചെയ്തു. അതിനുശേഷം പ്രവാചകൻ(സ്വ) പറഞ്ഞ കാര്യങ്ങൾ സംഭവിക്കുന്നത് കാണാൻ തുടങ്ങി. അപ്പോഴാണ് പ്രവാചകൻ(സ്വ) പറഞ്ഞ കാര്യങ്ങൾ തിരിച്ച് ഓർമയിൽ വന്നത്. മറന്ന ഒരു വ്യക്തിയെ വീണ്ടും കാണുമ്പോൾ ഓർക്കുന്നപോലെ ഈ തിരിച്ചറിവ് ഉണ്ടായി'(ബുഖാരി, മുസ്‌ലിം).

നബി(സ്വ) പറഞ്ഞ അടയാളങ്ങൾ സംഭവിക്കുന്നതിന് സാക്ഷികളായി എന്നാണ് നിവേദനം. ഏതൊരു മനുഷ്യൻ തനിക്ക് അറിയാത്ത വിഷയത്തെ സംബന്ധിച്ച് മുന്നേ പറയാൻ ശ്രമിച്ചാലും അത് അബദ്ധമാകാനാണ് കൂടുതൽ സാധ്യതയുള്ളത് എന്നിരിക്കെ നിലനിൽക്കുന്ന ലോകക്രമത്തിൽ വരാനിരിക്കുന്ന അനവധി കാര്യങ്ങളെ കൃത്യമായി പ്രവചിക്കാൻ ആരെക്കൊണ്ടും ആകില്ലെന്നുറപ്പാ ണ്. പ്രവാചകനിൽനിന്ന് അത് സംഭവിച്ചതായും തങ്ങൾ അതിനു സാക്ഷികളായിട്ടുണ്ടെന്നും അനുയായികൾ സാക്ഷ്യം വഹിക്കുന്നു. ഇത് അദ്ദേഹം ദൈവദൂതനാണെന്നതിന്റെ വ്യക്തമായ തെളിവാണ്.

**E42. ആഴക്കടലിലെ ഇരുട്ടുകൾ**

“അല്ലെങ്കിൽ ആഴക്കടലിലെ ഇരുട്ടുകൾ പോലെയാകുന്നു (അവരുടെ പ്രവർത്തനങ്ങളുടെ ഉപമ). തിരമാല അതിനെ (കടലിനെ) പൊതിയുന്നു. അതിനു മീതെ വീണ്ടും തിരമാല. അതിനുമീതെ കാർമേഘം. അങ്ങനെ ഒന്നിനു മീതെ മറ്റൊന്നായി അനേകം ഇരുട്ടുകൾ. അവന്റെ കൈ പുറത്തേക്ക് നീട്ടിയാൽ അതുപോലും അവൻ കാണുമാറാകില്ല. അല്ലാഹു ആർക്ക് പ്രകാശം നൽകിയിട്ടില്ലയോ അവന്ന് യാതൊരു പ്രകാശവുമില്ല” (ക്വുർആൻ 24:40).

ആഴക്കടലിൽ 200 മീറ്റർ ആഴത്തിൽ താഴെയായി ഇരുട്ട് ആരംഭിക്കുന്നു. 1000 മീറ്റർ അഥവാ ഒരു കിലോമീറ്റർ ആഴത്തിൽ താഴേക്ക് വെളിച്ചം എത്തുകയില്ല. അഥവാ അവിടെ കൂരിരുട്ടായിരിക്കും. Bathypelagic zone എന്നാണിത് അറിയപ്പെടുന്നത്. വീണ്ടും ആഴത്തിലേക്ക് പോയാൽ 4000 മീറ്ററിന് താഴെ കൂരാക്കൂരിരുട്ടായ abyssopelagic zone ആണ്.

ഇവിടെ രണ്ടുതരം തിരമാലകളെക്കുറിച്ച് ക്വുർആൻ സൂക്ഷ്മം പരാമർശിക്കുന്നു. കടലിന്റെ ആഴങ്ങളിലു ള്ള തിരമാല (Internal wave). അതിനു മുകളിലായി കടലിന്റെ ഉപരിതലത്തിൽ നമ്മളെല്ലാം കാണുന്ന തിരമാല (surface wave). ‘ആഴക്കടലിലെ ഇരുട്ട്. അതിനെ തിരമാല മൂടിയിരിക്കുന്നു. അതിനുമീതെ വേറെയും തിരമാല. അതിനു മുകളിൽ കാർമേഘം...’ ഈ വചനമനുസരിച്ച് കാർമേഘത്തിൽനിന്നും എത്ര താഴെയാണോ ഉപരിതല തിരമാലകൾ, അതുപോലെ താഴെയായിരിക്കണം കടലിന്റെ ആന്തരിക തിരമാലകൾ. കൈകൾ മുഖത്തിനുനേരെ പിടിച്ചാൽ അതുപോലും കാണാൻ കഴിയാത്ത കൂരിരുട്ടുള്ള കടൽ. ആഴത്തിനെ മൂടുന്ന തിരമാല എന്നാണ് ക്വുർആന്റെ പ്രയോഗം. ആന്തരിക തിരമാലകൾക്ക് മാത്രമാണ് ഈ പ്രത്യേകത.

യൂറോപ്യൻ സ്‌പേസ് ഏജൻസി വെബ്‌സൈറ്റ് പറയുന്നത് കാണാം: “Internal waves എന്നത് സമുദ്രത്തിന്റെ ആഴങ്ങളിലുള്ള തിരമാലകളാണ്. സമുദ്രത്തിൽ വ്യത്യസ്ത സാന്ദ്രതകളിലുള്ള ജല പാളികൾ ഉണ്ടാകുമ്പോഴാണ് ഇങ്ങനെ സംഭവിക്കുന്നത്. ഇങ്ങനെ വ്യത്യസ്ത സാന്ദ്രതക്കുള്ള കാരണങ്ങൾ പ്രധാനമായും താപനിലയിലുള്ള വ്യതിയാനങ്ങളാണ്; ചിലപ്പോൾ ജലങ്ങളുടെ ലവണാംശങ്ങളിലുള്ള (salinity) വ്യത്യാസവുമാവാം. വ്യത്യസ്ത സാന്ദ്രതയിലുള്ള ജലസമുച്ചയങ്ങൾ വ്യത്യസ്ത പാളികളായി സ്ഥിതിചെയ്യുന്നു. ഈ രണ്ടു പാളികൾക്കിടയിലുള്ള ഭാഗത്തിന് പിക്നുക്ലൈൻ എന്നു പറയുന്നു. ജലപാളികൾക്കിടയിലുള്ള സാന്ദ്രതാവ്യത്യാസത്തിന് കാരണം താപനിലയിലുള്ള വ്യത്യാസമാണെങ്കിൽ ഇതിനെ തെർമോക്ലൈൻ എന്നു വിളിക്കുന്നു. സാന്ദ്രതാ വ്യത്യാസത്തിന് കാരണം ലവണാംശത്തിലുള്ള വ്യത്യാസമാണെങ്കിൽ ഇതിനെ ഹാലോക്ലൈൻ എന്നും വിളിക്കുന്നു.”

ക്വുർആൻ വചനങ്ങളും പ്രകൃതിയിലെ അറിയപ്പെടാതെ കിടന്നിരുന്ന രഹസ്യങ്ങളും ഒത്തുപോകുന്നത് ക്വുർആനിന്റെ ദൈവികതയെ അറിയിക്കുന്നു.

**E43. സുജൂദ്**

അമിതമായ ആഹ്ലാദമോ അളവറ്റ സന്തോഷമോ ഉളവാകുന്ന അവസ്ഥയിൽ മനുഷ്യൻ കണ്ണടച്ച് അൽപമെങ്കിലും തലകുനിക്കുന്നത് കാണാം. എന്തിനോടോ നന്ദി പ്രകടിപ്പിക്കാനുള്ള ഒരു ആന്തരിക അഭിവാഞ്ഛയുടെ ഉൽപന്നമാണത്. ഇസ്‌ലാമിൽ മഹത്തായ ഒരു കർമമാണ് സുജൂദ്. ഹിന്ദുമതത്തിൽ പ്രണാമ എന്ന

പേരിൽ ഇത് കാണാം. അഷ്ടാംഗ, ശസ്ത്താംഗ, പഞ്ചാംഗ തുടങ്ങി ആറ് രീതിയിൽ ഹൈന്ദവത യിൽ പ്രണാമം കാണുന്നു. ബുദ്ധ, ജൂത, ക്രൈസ്തവ ദർശനങ്ങളിലെ ല്ലാം നന്ദി പ്രകടിപ്പിക്കുന്നതിന്റെ ഭാഗമായോ, കീഴൊതുങ്ങലിനെ പ്രകടിപ്പിക്കാനോ സമാനമായ ക്രിയകളുണ്ട്. യേശു ക്രിസ്തുവി ന്റെ സുജൂദിനെ സംബന്ധിച്ച് ബൈബിളിൽ കാണാം:

"he fell with his face to the ground and prayed" ( Matthew 26:39)

"And he went forward a little, and fell on the ground, and prayed that, if it were possible, the hour might pass from him" (Mark 14: 35)"

മത്തായി 26:39ൽ മലയാളം ബൈബിളിലുള്ളത് 'കമിഴ്ന്നു വീണു' എന്നും മാർക്കോസ് 14:35ലുള്ളത് 'നിലത്തുവീണു' എന്നുമാണ്.

ജന്തു മനഃശാസ്ത്ര പഠന ങ്ങളിൽ submissive behaviour എന്നൊരു മേഖലയുണ്ട്. തന്നെ ക്കാൾ ശക്തനായ സഹജന്തുവി ന് മുന്നിൽ തന്റെ അനുസരണ മനോഭാവത്തെ കാണിക്കാൻ ജന്തുക്കളിൽ പ്രകടമാകുന്ന സ്വ ഭാവമാണിത്. ജന്തുലോകത്തിൽ പൊതുവായുള്ള ഈ ചോദനയെ കൃത്യമായും ഉപയോഗിച്ചിരിക്കു ന്ന മതമാണ് ഇസ്‌ലാം എന്ന് കാണാം. ഈ അനുസരണ മനോ ഭാവത്തെ ദൈവത്തിനു മുന്നിൽ മാത്രമായി ചുരുക്കാനും മറ്റൊന്നി നും അടിമകളാകാതെയിരിക്കാ നും ഇസ്‌ലാം പ്രഖ്യാപിക്കുന്നു. അതുവഴി മനുഷ്യന്റെ ആത്മീയ വാഞ്ഛനകളെ തൃപ്തിപ്പെടുത്തു ന്നു. ഒരു സാധാരണ മനുഷ്യന്റെ നിർമിതിയാണ് ഇസ്‌ലാമെങ്കിൽ മനുഷ്യന്റെ ആന്തരിക വാഞ്ഛക ളെ പോലും അറിയാനും അവന്റെ മനസ്സിനും ശരീരത്തിനും ഗുണം മാത്രം നൽകുന്ന ആരാധനാരീ തികളും ഉപദേശ-നിർദേശങ്ങളും നിയമങ്ങളും നൽകുവാനും എങ്ങ

**ജന്തുലോകത്തിൽ പൊതുവായുള്ള ഈ ചോദനയെ കൃത്യമായും ഉപയോഗിച്ചിരിക്കുന്ന മതമാണ് ഇസ്‌ലാം എന്ന് കാണാം. ഈ അനുസരണ മനോഭാവത്തെ ദൈവത്തിനു മുന്നിൽ മാത്രമായി ചുരുക്കാനും മറ്റൊന്നിനും അടിമകളാകാതെയിരിക്കാനും ഇസ്‌ലാം പ്രഖ്യാപിക്കുന്നു. അതുവഴി മനുഷ്യന്റെ ആത്മീയ വാഞ്ഛനകളെ തൃപ്തിപ്പെടുത്തുന്നു. ഒരു സാധാരണ മനുഷ്യന്റെ നിർമിതിയാണ് ഇസ്‌ലാമെങ്കിൽ മനുഷ്യന്റെ ആന്തരിക വാഞ്ഛകളെ പോലും അറിയാനും അവന്റെ മനസ്സിനും ശരീരത്തിനും ഗുണം മാത്രം നൽകുന്ന ആരാധനാരീതികളും ഉപദേശ-നിർദേശങ്ങളും നിയമങ്ങളും നൽകുവാനും എങ്ങലെയാണ് കഴിയുക?**



ലെയാണ് കഴിയുക?

**E44. നന്ദി പ്രകടിപ്പിക്കൽ**

നന്ദി പ്രകടിപ്പിക്കുന്നതുകൊ ണ്ടുള്ള ഗുണങ്ങൾ വിശദീക രിക്കുന്ന നിരവധി സെക്യുലർ ഗവേഷണങ്ങളുണ്ട്. നിത്യമായി നന്ദി പ്രകടിപ്പിക്കുന്നത് മെച്ചപ്പെ ട്ട ജീവിതനിലവാരം, സന്തോഷം, ശാരീരികവും വൈകാരികവുമായ ആരോഗ്യം, ക്ഷേമം എന്നിവക്ക് സഹായകമാണെന്ന് സ്ഥിരപ്പെട്ട പഠനങ്ങൾ കാണിക്കുന്നു.

(Summer Allen, "The Science of Gratitude," Greater Good Science Center UC Berkeley for the John Templeton Foundation, May 2018, 28-50, https://ggsc.berkeley.edu/images/uploads/GGSC-JTF White Paper-Gratitude-FINAL.pdf.).

ക്വുർആനിലെ ആദ്യത്തെ അധ്യായം ആരംഭിക്കുന്നതുത ന്നെ 'സർവസ്തുതിയും സർവലോക രക്ഷിതാവായ അല്ലാഹുവിനാകു ന്നു' എന്ന് പറഞ്ഞുകൊണ്ടാണ്. ദിവസേനയുള്ള അഞ്ചുനേര നമസ കാരങ്ങളിലായി ഈ സൂക്തം പലയാവർത്തി ആവർത്തിക്കപ്പെടു ന്നു. ഇത് നന്ദി പ്രകടനത്തെ സ്ഥിര മായി പ്രോത്സാഹിപ്പിക്കുന്നതാണ്.

നിരീശ്വര വാദിയായ സാം ഹാരിസിന്റെ 'ദി വാക്കിംഗ് അപ്പ് പോഡ്കാസ്റ്റി'ൽ നന്ദി പ്രകടിപ്പി ക്കുന്നത് മാനസികമായി മനു ഷ്യനെ എങ്ങനെ സഹായിക്കു ന്നു എന്ന് വിശദീകരിക്കുന്ന ഒരു ചാപ്റ്റർ തന്നെ കാണാം. അദ്ദേഹം പറയുന്നു:

"ചിലപ്പോഴൊക്കെ അത്ര നല്ല തല്ലാത്ത ദിവസങ്ങൾ ഉണ്ടാകും. നേരത്തെ എടുത്ത appointment ന് സമയത്ത് എത്തിച്ചേരാൻ കഴിയാതെ ട്രാഫിക്കിൽ കുടുങ്ങി ക്കിടക്കുന്നത് വളരെ മോശമാണ് എന്ന് തോന്നാം. ഉടനെ ഞാൻ ചിന്തിക്കും; ഞാനൊരു യുദ്ധമുഖ ത്തും പെട്ടിട്ടില്ല, ജീവിതം ആസ്വ ദിക്കാനാകാത്ത ഒരു മാരകരോ ഗത്തിൽ പെട്ടിട്ടില്ല, എന്നാൽ അങ്ങനെയെല്ലാം അനുഭവിക്കു ന്ന കോടിക്കണക്കിന് ജനങ്ങ ളുണ്ട്. അപ്പോൾ, ഞാൻ ഭാഗ്യ വാനാണ്. കുടുംബത്തോടെ ഭക്ഷണം കഴിക്കാനിരിക്കുമ്പോൾ

ആർക്കും വലിയ സന്തോഷമൊന്നും സാധാരണ കാണുന്നില്ല. എന്നാൽ ഇന്നലെ ഞാൻ മരിക്കുകയും പിന്നെ ഇവരെ കാണാൻ ഒരു അവസരം വീണുകിട്ടുകയും ചെയ്താൽ ഞാൻ എത്ര സന്തോഷവാനാ യിരിക്കും എന്നപോലെ, നാം അനുഭവിക്കുന്ന എല്ലാം മറ്റാർക്കോ ഇല്ലാത്തതും അവരുടെ ഏറ്റവും വലിയ ആഗ്രഹവും തേട്ടവും ആയിരിക്കും. ഇത് മനസ്സിലേക്ക് വരുന്നയുടൻ ഞാൻ ആ നിമിഷത്തെ കൂടുതൽ ഉപയോഗിക്കാൻ ആരംഭിക്കുന്നു. എന്റെ ഏറ്റവും ശക്തമായ മാനസികാവസ്ഥയിലേക്ക് ഞാൻ മാറുന്നു; ആ നിമിഷത്തെ ഓർത്ത് ഞാൻ നന്ദിയുള്ളവനാകുമ്പോൾ.''

ചെറിയ കാര്യങ്ങളിൽ പോലും നന്മ കാണാൻ കഴിയുമ്പോൾ അതിൽ നന്ദി തോന്നുന്ന അവസ്ഥയും അത് മാനസികമായി ഒരുപാട് ബലപ്പെടുത്താൻ സഹായിക്കുന്നു എന്നുമാണ് ഹാരിസ് ഇവിടെ പറഞ്ഞത്.

നബി(സ്വ) പറഞ്ഞു: "ചെറിയ കാര്യങ്ങൾക്ക് നന്ദി കാണിക്കാത്തവൻ വലിയ കാര്യങ്ങൾക്ക് നന്ദി കാണിക്കുകയില്ല. ജനങ്ങൾക്ക് നന്ദി പറയാത്തവൻ സർവശക്തനായ അല്ലാഹുവിന് നന്ദി പറഞ്ഞിട്ടില്ല" (al-Firdaws lil-Daylami 5962).

"നിങ്ങളെക്കാൾ താഴ്ന്നവരെ നോക്കുക, നിങ്ങളെക്കാൾ ഉയർന്നവരെ നോക്കരുത്, അല്ലാഹു നിങ്ങൾക്ക് നൽകിയ അനുഗ്രഹങ്ങളെ നിങ്ങൾ നിസ്സാരമാക്കാതിരിക്കാൻ" (മുസ്‌ലിം).

സ്വന്തം അനുഗ്രഹങ്ങളെ തിരിച്ചറിയാൻ മോശമായ മറ്റവസ്ഥകളുമായി സ്വയം താരതമ്യം ചെയ്യുകയെന്നാണ് സാം ഹാരിസ് എന്ന നാഡീശാസ്ത്രജ്ഞൻ പറയുന്നതെങ്കിൽ അതേ ആശയം തന്നെ പ്രവാചകനും നൂറ്റാണ്ടുകൾക്ക് മുമ്പേ പഠിപ്പിച്ചിരിക്കുന്നു. ജീവിതത്തിലെ ഏതൊരു ദുർഘടമായ അവസ്ഥയെ അതിജീവിക്കാനും മാനസികമായ തകർച്ചയെ അതിജയിക്കാനും ഇത് സഹായിക്കുന്നു.

**അമേരിക്കയിൽ നവംബർ മാസത്തിലെ ഒരു ദിവസം നന്ദി പ്രകടിപ്പിക്കാനുള്ള പ്രത്യേക അവധി ദിവസമായി ആചരിക്കപ്പെടുന്നുണ്ട്** (American holiday of Thanksgiving). **തങ്ങളുടെ ചരിത്രവും നിലനിൽപും സ്മരിച്ചുകൊണ്ട് അതിൽ കൃതാജ്ഞരാവുകയാണ് ഈ ദിവസത്തെ ഉദ്ദേശ്യം. ഒരു സെക്യുലർ ഭൂമികയിൽ നിന്നുകൊണ്ട് ഇത്തരമൊരു ആചാരം പിൻപറ്റുന്നതിലെ യുക്തിരാഹിത്യം ചോദ്യം ചെയ്ത് അവരെഴുതി: കൃതജ്ഞത ഈ മതേതര ആഘോഷങ്ങളുടെ പ്രധാന ഭാഗമായി പറയുന്നു. പക്ഷേ, അതിന്റെ ലക്ഷ്യം അവ്യക്തമാണ്. മനുഷ്യർ ഇതിനെല്ലാം ദൈവത്തോടല്ല നന്ദി പറയുന്നതെങ്കിൽ പിന്നെ എന്തിനോടാണ്?**

എന്നാൽ ഒരു നിരീശ്വരവാദിയായ സാം ഹാരിസ് ഓരോ നിമിഷത്തിലും ജീവിക്കാൻ കഴിയുന്നതിന് പോലും നന്ദിയുള്ളവരാവുക എന്ന് പറയുമ്പോൾ ആരോട് നന്ദിയുള്ളവരാകാനാണ് പറയുന്നത്? വെറും യാദൃച്ഛികതയുടെ ഉൽപന്നമാണ് താനെങ്കിൽ അതിലെന്ത് അർഥമാണുള്ളത്? അർഥമില്ലെന്ന് അറിഞ്ഞും ഒരു നിരീശ്വരവാദിക്ക് നിഷ്കളങ്കമായി അങ്ങനെ ജീവിക്കാൻ കഴിയുകയെങ്ങനെയാണ്?

'ദി അറ്റ്ലാന്റിക്കി'ന് വേണ്ടി 'എമ്മ ഗ്രീൻ' എഴുതിയ gratitude without god എന്ന ലേഖനത്തിൽ ഈ ചോദ്യം ഉന്നയിക്കുന്നുണ്ട്.

അമേരിക്കയിൽ നവംബർ മാസത്തിലെ ഒരു ദിവസം നന്ദി പ്രകടിപ്പിക്കാനുള്ള പ്രത്യേക അവധി ദിവസമായി ആചരിക്കപ്പെടുന്നുണ്ട് (American holiday of Thanksgiving). തങ്ങളുടെ ചരിത്രവും നിലനിൽപും സ്മരിച്ചുകൊണ്ട് അതിൽ കൃതാജ്ഞരാവുകയാണ് ഈ ദിവസത്തെ ഉദ്ദേശ്യം. ഒരു സെക്യുലർ ഭൂമികയിൽ നിന്നുകൊണ്ട് ഇത്തരമൊരു ആചാരം പിൻപറ്റുന്നതിലെ യുക്തിരാഹിത്യം ചോദ്യം ചെയ്ത് അവരെഴുതി: കൃതജ്ഞത ഈ മതേതര ആഘോഷങ്ങളുടെ പ്രധാന ഭാഗമായി പറയുന്നു. പക്ഷേ, അതിന്റെ ലക്ഷ്യം അവ്യക്തമാണ്. മനുഷ്യർ ഇതിനെല്ലാം ദൈവത്തോടല്ല നന്ദി പറയുന്നതെങ്കിൽ പിന്നെ എന്തിനോടാണ്? രുചികരമായ അപ്പം ഉണ്ടാക്കി തന്നതിന് മുത്തശ്ശിയോട് നന്ദി പറയാം. എന്നാൽ ജീവിതത്തിന്റെ തന്നെ പൊതുവായ സ്വഭാവത്തിന് ആരോട് നന്ദി പറയും?

ഈ അർഥരാഹിത്യം നിരീശ്വരവാദത്തെ വേട്ടയാടുന്നതുകൊണ്ട് വിഷാദരോഗവും ആത്മഹത്യ പ്രവണതയും നാസ്തികരിൽ അധികരിച്ച് കാണുന്നു (https://www.dailymail.co.uk/health/article-6136603/Lonely-religious-people-depressed-God-friend.html). അതേസമയം മുസ്‌ലിംകളിൽ മികച്ച മാനസിക ആരോഗ്യവും ജീവിത സംതൃപ്തിയും പ്രകടമാണ് എന്നും പഠനങ്ങൾ പറയുന്നു. .(https://www.dailymail.co.uk/health/article-6908769/Muslims-highest-life-satisfaction-thanks-feeling-oneness.html)

"...ശ്രദ്ധിക്കുക; അല്ലാഹുവെപ്പറ്റിയുള്ള ഓർമ കൊണ്ടത്രെ മനസ്സുകൾ ശാന്തമായിത്തീരുന്നത്" (ക്വുർആൻ 13:28)

ദൈവബോധവും കൃതജ്ഞതയും മനുഷ്യജീവിതത്തെ സഹായിക്കുന്നുണ്ടെന്ന യാഥാർഥ്യം ഇസ്‌ലാം വ്യക്തമാക്കുന്നു. ഒരു സാധാരണ മനുഷ്യന് നൂറ്റാണ്ടുകൾ മുന്നേ ഇവയറിയാൻ ദൈവിക ബോധനമല്ലാതെ എന്താണ് വഴി?

*(തുടരും)*



മരണാനന്തര ജീവിതം സത്യമോ മിഥ്യയോ? 06

# ഭ്രൂണവളർച്ചയുടെ ഘട്ടങ്ങൾ

**മുബാറക് ബിൻ ഉമർ**
: 95391 14860

കണ്ണുണ്ടാകുന്നതിനാവശ്യമായ ഭ്രൂണമാറ്റങ്ങൾ പതിനേഴാം ദിവസം ബ്ലാസ്റ്റോഡേമിന്റെ (BLASTODERM) മധ്യപാളിയിലുള്ള മെസോഡേം (MESODERM) കോശങ്ങളും പുറംപാളിയിലുള്ള എക്റ്റോഡേം (ECTODERM) കോശങ്ങളും നേത്രമുണ്ടാകുന്നതോടെ രൂപപ്പെട്ടു തുടങ്ങുന്നു. എങ്കിലും നേത്രത്തിന്റെ ബാഹ്യലക്ഷണങ്ങൾ പ്രകടമാകുന്നത് ആറാമത്തെ ആഴ്ചക്ക് ശേഷമാണ്. നേത്രസ്ഥാനങ്ങളിൽ (EYE FIELDS) നേത്രസഞ്ചികളും (OPTIC VESICLES) അവ പരിണമിച്ച് നേത്രചഷകങ്ങളും (OPTIC CUPS) ഉണ്ടാകുന്നത് അഞ്ചു ദിവസങ്ങൾക്ക് ശേഷമാണ്. അപ്പോൾ മുതൽ റെറ്റിന(RETINA)യും ലെൻസുമൊക്കെ ഉണ്ടാകാനാരംഭിക്കുന്നു. ഭ്രൂണവളർച്ചയുടെ മുപ്പത്തിരണ്ടാം ദിവസം ലെൻസിരിക്കുന്ന സ്ഥലം വേർതിരിച്ചു മനസ്സിലാക്കാൻ കഴിയുകയും മൂന്നര ആഴ്ചകൾ കഴിയുമ്പോഴേക്ക് ലെൻസ് ജനനസമയത്തെ കൊച്ചുകണ്ണിന്റെ ലെൻസിന്റെ വലിപ്പം പ്രാപിക്കുകയും ചെയ്യും. മുപ്പതു മുതൽ മുപ്പത്തിയഞ്ചു ദിവസങ്ങൾക്കുള്ളിൽ കൺപോളകളുടെ അടയാളം രൂപപ്പെടും. രണ്ടാഴ്ചകൾ കഴിഞ്ഞ് അത് പൂർണവളർച്ചയെത്തും. ലെൻസിനോടൊപ്പം റെറ്റിന വളർച്ചയാരംഭിക്കും. സങ്കീർണമായ അതിന്റെ വികാസം തുടങ്ങുന്നത് ഇരുപത്തിനാലാം ആഴ്ചയും അവസാനിക്കുന്നത് കുഞ്ഞ് ജനിച്ചുകഴിഞ്ഞ് നാലാമത്തെ മാസവുമാണ്. ഒരാൾ കാഴ്ചയുള്ളവനാണോ എന്ന് നിശ്ചയിക്കുന്ന മാറ്റങ്ങൾ ഭ്രൂണത്തിലു ണ്ടാകുന്നത് ആറാഴ്ചകൾക്ക് ശേഷമാണ്.

കേൾവി അനുഭവിക്കാൻ തുടങ്ങുന്നത് കാഴ്ചക്ക് മുമ്പാണ്. ശബ്ദം സ്വീകരിക്കാനുള്ള ബാഹ്യകർണം (EXTERNAL EAR), ശബ്ദവീചികളെ നാഡീസ്പന്ദനങ്ങളാക്കിത്തീർത്ത് അനുഭവവേദ്യമാക്കുന്ന ആന്തരകർണം (INTERNAL EAR), ബാഹ്യകർണത്തിൽനിന്ന് ആന്തരകർണത്തിലേക്ക് ശബ്ദവീചികളെ എത്തിക്കുന്ന മധ്യകർണം ഇവ ഭ്രൂണത്തിൽ വളർന്നുവരും. ഏക്റ്റോഡേമിന്റെ ഇരുവശത്തുമുള്ള പ്രതലം കട്ടിപിടിച്ച് ഒട്ടിക്പ്ലാകോഡ് (OTIC PLACODE) ഉണ്ടാകുന്ന ഇരുപത്തിരണ്ടാം ദിവസം കർണനിർമാണം ആരംഭിക്കും. പ്ലാകോഡ് ഉണ്ടായിക്കഴിഞ്ഞ് 27ാം ദിവസമാകുമ്പോഴേക്ക് അവിടെ ഒരു കർണഗർത്തം (OTIC PIC) രൂപപ്പെടുകയും നാല് ആഴ്ചകൾ കഴിഞ്ഞ് അത് കർണസഞ്ചി(OTIC VESICLE)യായിത്തീരുകയും ചെയ്യുന്നു. ഇതിൽനിന്ന് ആന്തരകർണവും മധ്യകർണവും ബാഹ്യകർണവും വളർന്ന് വികസിക്കുന്നു. ബാഹ്യകർണങ്ങളുടെ മുകുളങ്ങൾ ആറാഴ്ച കഴിഞ്ഞാൽ പ്രത്യക്ഷപ്പെടാനാരംഭിക്കുമെങ്കിലും അത് പ്രകടമാകുന്നത് ഒമ്പതാമത്തെ ആഴ്ചതൊട്ടാണ്. പതിനാറാമത്തെ ആഴ്ചയാകുമ്പോൾ ശ്രവണാവയവ

ങ്ങൾ പൂർണമാകും. ഇരുപത്തിനാലാമത്തെ ആഴ്ചയോടെ കൃത്യമായി കേൾക്കനാരംഭിക്കുന്നു. പത്തൊമ്പതാം ആഴ്ച 500 ഹെർട്സ് ആവൃത്തിയുള്ള ശബ്ദവീചികൾ ശിശു കേൾക്കാനാരംഭിക്കുമെന്ന് സ്ഥിരീകരിക്കപ്പെട്ടിട്ടുണ്ട്. പിന്നീട് സാവധാനം വ്യത്യസ്ത ആവൃത്തികളിലുള്ള ശബ്ദവീചികൾ ശിശു കേൾക്കാൻ തുടങ്ങുമത്രെ.

കേൾവി ആദ്യവും പിന്നീട് കാഴ്ചയും എന്നാണ് ഇതിൽനിന്നെല്ലാം വ്യക്തമാകുന്നത്. ഗർഭാശയത്തിൽ 19ാമത്തെ ആഴ്ച മുതൽ ശബ്ദവീചികൾ ശിശു അനുഭവിക്കാൻ തുടങ്ങും. 24ാം ആഴ്ച മുതൽ മാതാവ് കേൾക്കുന്നതെലാം ഏകദേശം വ്യക്തമായിത്തന്നെ കേൾക്കാൻ കഴിയുമെന്നാണ് പഠനങ്ങൾ ചൂണ്ടിക്കാണിക്കുന്നത്. എന്നാൽ കണ്ണിന്റെ നിർമാണം ജനനശേഷം നാലാം മാസമാണ് പൂർത്തിയാകുന്നത്. ഏഴുനിറങ്ങൾ കാണാൻ കഴിയുന്നത് ആറാം മാസത്തിലാണ്. ഖുർആൻ പലയിടങ്ങളിലായി പറയുന്നത് “നാം അവന് കേൾവിയും കാഴ്ചയും നൽകി എന്നാണ്.’’ സൃഷ്ടിപ്പിൽ ആദ്യം കേൾവിയും പിന്നെ കാഴ്ചയും നൽകി എന്നാണ് ഇത് വ്യക്തമാക്കുന്നത്.

ഗർഭകാലം മൂന്ന് ത്രൈമാസ യൂണിറ്റുകളായി (TRIMESTER) കണക്കാക്കപ്പെടുന്നു. ആദ്യ ത്രൈമാസത്തിലാണ് ഭ്രൂണത്തിൽ അടിസ്ഥാനപരമായ മാറ്റങ്ങളൊക്കെയുണ്ടാകുന്നത്. ആദ്യ മൂന്നാഴ്ചകൾ കഴിയുമ്പോൾ ഭ്രൂണം കോശങ്ങളുടെ ചെറിയൊരു ഗോളമായ ബ്ലാസ്റ്റോസൈറ്റ് മാത്രമായിരിക്കും. നാലാമത്തെ ആഴ്ചമുതൽ അവയവങ്ങളോരോന്നും വളരാനാരംഭിക്കുന്നു. ഹൃദയം മിടിക്കാനാരംഭിക്കുന്നത് അഞ്ചാമത്തെ ആഴ്ചയാണ്. ആറാമത്തെ ആഴ്ചമുതൽ കണ്ണുകളുടെയും മൂക്കിന്റെയും ആദ്യരൂപമായ മുഖക്കലകൾ രൂപപ്പെടും. കൈകാലുകൾ വളർന്ന് വിരലുകൾ കാണാൻ തുടങ്ങുന്നത് എട്ടാമത്തെ ആഴ്ചയിലാണ്. മൂക്കും മേൽചുണ്ടും അതോടൊപ്പം പ്രത്യക്ഷമാകും. ഒമ്പതാമത്തെ ആഴ്ച കണ്ണുകൾ രൂപപ്പെടുകയും കൺപോളകളാൽ മൂടപ്പെടുകയും ചെയ്യും. മാംസക്കഷ്ണമായിരുന്ന ഭ്രൂണം മനുഷ്യാകൃതിയിലുള്ളതായിത്തീരുന്നു. പത്താം ആഴ്ച ഭ്രൂണം ഗർഭസ്ഥശിശുവായിത്തീരും. തലച്ചോറ്, വൃക്കകൾ, കരൾ, കുടലുകൾ തുടങ്ങി പ്രധാന അവയവങ്ങളെല്ലാം പ്രവർത്തനക്ഷമമാകുന്നു. കൈകാൽവിരലുകളിലെ നഖങ്ങൾ രൂപപ്പെടുന്നതും അപ്പോഴാണ്. പതിനൊന്നാമത്തെ ആഴ്ചയാകുമ്പോൾ മനുഷ്യക്കുഞ്ഞ് ഏകദേശം പൂർണമായിക്കഴിഞ്ഞിരിക്കും. എല്ലുകൾ ദൃഢമാകാനാരംഭിക്കും. പതിനൊന്നാം ആഴ്ചയിൽ ലൈംഗിക അവയവങ്ങൾ രൂപപ്പെടാൻ തുടങ്ങും. പന്ത്രണ്ട് ആഴ്ചകൾ പൂർത്തിയാകുമ്പോൾ

**ബീജവും അണ്ഡവും ഉണ്ടായി, അത് സംയോജിച്ച് ഭ്രൂണമായി പ്രസവിക്കുന്നതുവരെയുള്ള ഘട്ടങ്ങൾ സംവിധാനിച്ചിരിക്കുന്നത് എത്ര സൂക്ഷ്മമായ പ്ലാനിംഗോടുകൂടിയാണെന്ന് ചിന്തിക്കുക! അതി സങ്കീർണമായ ആസൂത്രണങ്ങൾ! സ്രഷ്ടാവിന്റെ സൃഷ്ടിമാഹാത്മ്യത്തിനുമുന്നിൽ സാഷ്ടാംഗം നമിക്കുക മാത്രമെ നമുക്ക് സാധ്യമാകൂ.. “ഗർഭാശയങ്ങളിൽ അവനുദ്ദേശിക്കുന്ന വിധത്തിൽ നിങ്ങളെ രൂപപ്പെടുത്തുന്നത് അവനത്രെ, അവനല്ലാതെ മറ്റൊരു ആരാധ്യനുമില്ല. അവൻ മഹാ പ്രതാപിയും യുക്തിമാനുമത്രെ’’ (ആലു ഇംറാൻ 6).**

കുഞ്ഞിന്റെ ഹൃദയമിടിപ്പ് കേൾക്കാൻ കഴിയും. ഒന്നാം ത്രൈമാസികത്തിൽ അഥവാ പന്ത്രണ്ടാഴ്ച കഴിഞ്ഞാൽ രണ്ട് ഇഞ്ച് വലിപ്പവും മുപ്പത് ഗ്രാം തൂക്കവുമുണ്ടായിരിക്കും അതിന്.

പതിനാലാമത്തെ ആഴ്ചമുതൽ വൃക്കകൾ മൂത്രം ഉൽപാദിപ്പിക്കാൻ തുടങ്ങുകയും അംനിയോട്ടിക് ദ്രവത്തിലേക്ക് പുറത്തുവിടുകയും ചെയ്യുന്നു. പതിനാറാം ആഴ്ച കുഞ്ഞിന്റെ ലിംഗം ബാഹ്യമായി മനസ്സിലാകും. പത്തൊമ്പതാം ആഴ്ചയിൽ കുഞ്ഞ് അമ്മയുടെ ഹൃദയസ്പന്ദനം കേൾക്കാനാരംഭിക്കും. പുറത്തുനിന്നുള്ള ശബ്ദങ്ങളും അവ്യക്തമായി കേൾക്കാം. ഇരുപത്തിമൂന്നാം ആഴ്ചയോടെ ശ്രവണേന്ദ്രിയങ്ങളും കണ്ണുകളും വളരുന്ന ഘട്ടമാണ്. ഈ ഘട്ടത്തിൽ ശ്വാസകോശങ്ങൾ പ്രവർത്തനക്ഷമമാകുമെങ്കിലും പൂർണവളർച്ചയെത്തിയിരിക്കുകയില്ല. അംനിയോട്ടിക് ദ്രവത്തിൽ ശ്വാസോച്ഛ്വാസം നടത്തുകയും കൃത്യമായ ഇടവേളകളിൽ ഉറങ്ങുകയും ചെയ്യും. കണ്ണുകൾ അടക്കുകയും തുറക്കുകയും വിരൽ കടിക്കുകയും ചെയ്യുമത്രെ.

അങ്ങനെ ഗർഭസ്ഥശിശുവിന്റെ വളർച്ച പൂർണമാകുന്നു. ബീജസങ്കലനം കഴിഞ്ഞ് 265 ദിവസമാകുമ്പോൾ ഭ്രൂണം പൂർണ വളർച്ചയെത്തി കുഞ്ഞിനെ പ്രസവിക്കും. ഗർഭപാത്രപേശികളുടെ സങ്കോചംകൊണ്ടാണ് പ്രസവം സംഭവിക്കുന്നത്. പത്തു ചാന്ദ്രമാസത്തോളം ശാന്തമായി കിടന്ന ഗർഭാശയം പെട്ടെന്ന് സങ്കോചിച്ചു തുടങ്ങുകയാണ്. എന്താണതിനു കാരണമെന്ന് ഇനിയും വ്യക്തമായി മനസ്സിലാക്കാൻ കഴിഞ്ഞിട്ടില്ലത്രെ! എസ്ട്രജൻ-പ്രോജസ്റ്ററോൺ അനുപാതം വർധിക്കുന്നത് മൂലമാണെന്നും ഭ്രൂണചലനം കൊണ്ടുണ്ടാകുന്ന ഉത്തേജനം മൂലമാണെന്നുമെല്ലാം അഭിപ്രായങ്ങളുണ്ട്. ഏതായിരുന്നാലും ഗർഭാശയപേശികളുടെ സങ്കോചമാരംഭിക്കുമ്പോഴാണ് പ്രസവ

വേദന അനുഭവപ്പെടാനാരംഭിക്കുന്നത്. തുടക്കത്തിൽ ദീർഘമായ ഇടവേളകളിൽ, അരമണിക്കൂറിലൊരിക്കൽ മാത്രമാണ് സങ്കോചിക്കുന്നതെങ്കിലും ക്രമേണ സങ്കോചിക്കുന്നതിന്റെ ദൈർഘ്യം കൂടുകയും ഇടവേള കുറഞ്ഞുവരികയും ചെയ്യുന്നു. സങ്കോചിക്കുമ്പോഴെല്ലാം കുഞ്ഞിന്റെ തല ഗർഭാശയ കവാടത്തിൽ ചെന്ന് മുട്ടുമ്പോൾ അവിടത്തെ പേശികൾക്ക് അയവുണ്ടാകും. അൽപാൽപമായി തുറന്നുവരും. 16 മുതൽ 18 വരെ മണിക്കൂർ നീണ്ടു നിൽക്കും. ഒടുവിൽ ഗർഭാപാത്ര കണ്ഠവും മുഖവും മുഴുവൻ തുറക്കും. അന്നേരം ഗർഭിണി ഉദരപേശികളെ ബോധപൂർവം സങ്കോചിപ്പിക്കണം. അപ്പോൾ ഗർഭാശയത്തിലെ അംനിയോൺ സഞ്ചി പൊട്ടി അതിലെ ദ്രാവകം പുറത്തേക്ക് വന്നു പ്രസവത്തെ വേഗത്തിലാക്കും. അതോടെ തല മെല്ലെ പുറത്തുവരാനാരംഭിക്കും. മറ്റു പ്രശ്നങ്ങളൊന്നുമില്ലെങ്കിൽ ഏതാനും നിമിഷങ്ങൾക്കുള്ളിൽ കുഞ്ഞ് പുറത്തുവരും. അപ്പോൾ ഗർഭപാത്രത്തിന്റെ സങ്കോചം പാതിയായി ചുരുങ്ങും. പത്തിരുപത് മിനുട്ടിനുള്ളിൽ മറുപിള്ള, ആംനിയോൺ സഞ്ചി തുടങ്ങിയവ പുറത്തേക്ക് വരും.

ബീജവും അണ്ഡവും ഉണ്ടായി, അത് സംയോജിച്ച് ഭ്രൂണമായി പ്രസവിക്കുന്നതുവരെയുള്ള ഘട്ടങ്ങൾ സംവിധാനിച്ചിരിക്കുന്നത് എത്ര സൂക്ഷ്മമായ പ്ലാനിംഗോടുകൂടിയാണെന്ന് ചിന്തിക്കുക! അതിസങ്കീർണമായ ആസൂത്രണങ്ങൾ! സ്രഷ്ടാവിന്റെ സൃഷ്ടിമാഹാത്മ്യത്തിനുമുന്നിൽ സാഷ്ടാംഗം നമിക്കുക മാത്രമെ നമുക്ക് സാധ്യമാകൂ..

"ഗർഭാശയങ്ങളിൽ അവനുദ്ദേശിക്കുന്ന വിധത്തിൽ നിങ്ങളെ രൂപപ്പെടുത്തുന്നത് അവനത്രെ, അവനല്ലാതെ മറ്റൊരു ആരാധ്യനുമില്ല. അവൻ മഹാ പ്രതാപിയും യുക്തിമാനുമത്രെ" (ആലു ഇംറാൻ 6).

"നിന്നെ സൃഷ്ടിക്കുകയും നിന്നെ സംവിധാനിക്കുകയും നിന്നെ ശരിയായ അവസ്ഥയിലാക്കുകയും അവനുദ്ദേശിക്കുന്ന രൂപത്തിൽ നിന്നെ സംഘടിപ്പിക്കുകയും ചെയ്തവനത്രെ അവൻ" (ഇൻഫിത്വാർ 7,8).

"മനുഷ്യസൃഷ്ടി കളിമണ്ണിൽ നിന്ന് അവൻ ആരംഭിച്ചു. പിന്നെ അവന്റെ സന്തതിയെ നിസ്സാരമായ ഒരു ദ്രാവകത്തിന്റെ സത്തിൽനിന്ന് അവൻ ഉണ്ടാക്കുകയും ചെയ്തു. പിന്നെ അവനെ ശരിയായ രൂപത്തിലാക്കുകയും, തന്റെ വകയായുള്ള ആത്മാവിൽനിന്ന് അവനിൽ അവൻ ഊതുകയും, നിങ്ങൾക്ക് അവൻ കേൾവിയും കാഴ്ചകളും ഹൃദയങ്ങളും ഉണ്ടാക്കിത്തരികയും ചെയ്തു. കുറച്ചു മാത്രമെ നിങ്ങൾ നന്ദി ചെയ്യുന്നുള്ളൂ" (സജദ 7,9).

> **അന്യരെ ആശ്രയിച്ച് എല്ലാ കാര്യങ്ങളും നടക്കുന്ന ശൈശവം കഴിഞ്ഞ് ബാല്യം കടന്നു വരുന്നു. പിന്നെ കൗമാരം; കളികളുടെ കാലമാണത്. ശേഷം പൊട്ടിത്തെറിക്കുന്ന യൗവനം; ഊർജസ്വലതയുടെ ഘട്ടം. പിന്നീട് മധ്യവയസ്കനായിത്തീരുന്നു. ഒടുവിൽ വാർധക്യം. വീണ്ടും അവശതകളുടെയും ബലഹീനതകളുടെയും കാലം. ഈ ഘട്ടങ്ങളിലെപ്പോഴെങ്കിലും വല്ല മാറ്റവും വരുത്താൻ മനുഷ്യന് കഴിയുമോ? എന്തെങ്കിലും നിയന്ത്രണം അവന്റെ കൈയിലുണ്ടോ? ഒന്നുമില്ല എന്നതാണ് യാഥാർഥ്യം. എല്ലാം സ്രഷ്ടാവിന്റെ നിയന്ത്രണത്തിലാണെന്നതിൽ ഒരു സംശയവുമില്ല. ആ സ്രഷ്ടാവിനു മനുഷ്യനെ വീണ്ടും സൃഷ്ടിക്കൽ നിസ്സാരമാണ്.**

പുറത്തു വന്ന കുഞ്ഞ് കരയുന്നു. കരയുമ്പോൾ തൊണ്ട വരളാതിരിക്കുവാൻ ചില സംവിധാനങ്ങളുണ്ട്. കുഞ്ഞ് കണ്ണുകൾ അടക്കുന്നതാണ് അതിലൊന്ന്. കണ്ണിൽ പൊടിയുന്ന കണ്ണുനീർ കൺപോളകളടക്കു മ്പോൾ മൂക്കിനടുത്തുള്ള പീളക്കുഴിയിലൂടെ കണ്ണുനീർ മൂക്കിനുള്ളിലേക്ക് അരിച്ചിറങ്ങി തൊണ്ടയിലെത്തും.

മാതാവിന്റെ മുലപ്പാൽ ഒരത്ഭുതമാണ്. ഒരു സ്തനത്തിൽ പാലുൽപാദിപ്പിക്കുന്ന പതിനേഴ് യുനിറ്റുകളാണുള്ളത്. മുന്തിരികളുടെ രൂപത്തിലുള്ള ആയിരക്കണക്കിന് ആൽവിയോളസ്സുകളിൽനിന്നാണ് പാലുണ്ടാകുന്നത്. ഗർഭകാലത്ത് സ്ത്രീയുടെ ശരീരത്തിൽ ഉൽപാദിപ്പിക്കപ്പെടുന്ന എസ്ട്രജന്റെയും പ്രോജസ്റ്ററോണിന്റെയും സ്വാധീനത്തിൽ സ്തനങ്ങൾ ഒന്നുകൂടി വളരും. ഗർഭത്തിന്റെ 27 ആഴ്ചയോടെ പിറ്റിയൂട്ടറി ഗ്രന്ഥി ഉൽപാദിപ്പിക്കുന്ന പ്രോലാക്റ്റിൻ ഹോർമോൺ ആൽവിയോളസ്സുകളെ ഉത്തേജിപ്പിക്കും. എന്നാൽ പ്ലാസന്റ സ്രവിക്കുന്ന ഹോർമോണുകൾ പാലുൽപാദനത്തെ തടഞ്ഞുനിർത്തുന്നു. പ്രസവത്തോടെ പ്ലാസന്റ പുറത്തുപോകുകയും അതോടെ പാലുൽപാദനം തുടങ്ങുകയും ചെയ്യും. കുഞ്ഞ് മുലചപ്പാൻ തുടങ്ങുമ്പോൾ മുലക്കണ്ണിലെ നാഡികൾവഴി സന്ദേശങ്ങൾ മസ്തിഷ്കത്തിലെ ഹൈപ്പോതലാമസിൽ എത്തുകയും അവിടെനിന്നുൽപാദിപ്പിക്കുന്ന ഹോർമോൺ പിറ്റിയൂട്ടറിയെ പ്രോലാക്റ്റിൻ സ്രവിക്കുവാൻ പ്രേരിപ്പിക്കുകയും ചെയ്യുന്നതോടെ മുലകൾ തുടർച്ചയായി പാലുൽപാദിപ്പിക്കുന്നു.

പ്രസവശേഷം നാലഞ്ചുദിവസം ഉണ്ടാകുന്ന പാൽ 'കോളോസ്ട്രം' എന്നറിയപ്പെടുന്നു. രോഗപ്രതിരോധത്തിനുള്ള ആന്റിബോഡികൾ നിർമിക്കാനുള്ള കഴിവ് ആർജിച്ചു കഴിഞ്ഞിട്ടില്ലാത്തതിനാൽ ഇത് കുഞ്ഞിന് അത്യാവശ്യമാണ്. മുലപ്പാലിൽ ലാക്ടാബുമിൻ, ലാക്ടോഗ്ളോബുലിൻ തുടങ്ങിയ മാംസ്യങ്ങൾ, അന്നജം, കൊഴുപ്പ്, ജീവകങ്ങൾ,

ലവണങ്ങൾ തുടങ്ങിയവയും ആവശ്യത്തിനുണ്ട്. പെട്ടെന്ന് ദഹിക്കുന്നതുകൊണ്ട് ദഹനേന്ദ്രിയ സംബന്ധമായ രോഗങ്ങളുണ്ടാവില്ല. പുറത്തുനിന്ന് രോഗാണുക്കൾ കടക്കുവാനുള്ള സാധ്യത മുലപ്പാലിൽ ഇല്ലെന്നു പറയാം. മാതാവിന്റെ ശരീരത്തിലെ രോഗാണുക്കളുണ്ടാകാം. മാനസികവും ശാരീരികവുമായ ബന്ധം മുലയൂട്ടലിലൂടെ ശക്തമായിത്തീരും. രണ്ടു വർഷം കുഞ്ഞുക്കൾക്ക് മുലയൂട്ടുന്ന കാര്യം ഖുർആൻ 2:233 ൽ ചൂണ്ടിക്കാണിക്കുന്നുണ്ട്.

സിക്താണ്ഡമെന്ന ഒരൊറ്റ കോശം വിഭജിക്കപ്പെട്ടാണ് വളർന്ന് ശരീരമായിത്തീരുന്നത്. അങ്ങനെയാ ണ് അവയവങ്ങളും ശരീരത്തിൽ പ്രവർത്തിക്കുന്ന ഒമ്പത് വ്യവസ്ഥകളും രൂപം കൊള്ളുന്നത്. ശരീരത്തിലെ ഏറ്റവും ചെറിയ യൂണിറ്റാണ് കോശം (cell). ഇഷ്ടികകളുപയോഗിച്ച് കെട്ടിടമുണ്ടാക്കുന്നതുപോലെ കോശങ്ങൾകൊണ്ടാണ് ശരീരമുണ്ടാക്കിയിരിക്കുന്നത്. സകല ജന്തുക്കളും സസ്യങ്ങളും കോശങ്ങളാൽ നിർമിക്കപ്പെട്ടവയാണ്. കോശത്തിന്റെ വലുപ്പം പത്തു മതൽ നൂറു വരെ മൈക്രോൺ ആണ്. പത്തു ലക്ഷം കോശങ്ങൾ ഒരുമിച്ചുകൂട്ടിയാൽ ഒരു മൊട്ടുസൂചിയുടെ തലയോളം വരും.

കോശത്തിലുള്ളതിനെ പൊതിഞ്ഞിരിക്കുന്ന കോശസ്തരം പുറമേയുണ്ട്. മൂന്നു പാളികൾ അതിനുണ്ട്. മാംസ്യത്തിന്റെ രണ്ട് പാളികൾക്ക് നടുവിലായി ഒരു കൊഴുത്ത പാളി. കോശത്തിനകത്തേക്കും പുറത്തേക്കും കടക്കുന്ന വസ്തുക്കളെ പരിശോധിച്ച് ആവശ്യമെങ്കിൽ മാത്രം കടത്തിവിടുകയാണ് കോശസ്തരത്തിന്റെ ജോലി. കോശത്തിനുള്ളിൽ വ്യാപിച്ചുകിടക്കുന്ന ദ്രാവകമാണ് കോശദ്രവ്യം (CYTO PLASM). കോശത്തിനുള്ളിലെ മൈറ്റോകോൺട്രിയോൺ (MITO CHONDRION) ഊർജം ഉൽപാദിപ്പിക്കുന്നു. ഇവ ഒരു കോശത്തിൽ നൂറുമുതൽ ആയിരം വരെ ഉണ്ടാകും. ഭക്ഷണത്തിൽനിന്ന് കോശത്തിലെത്തുന്ന ഗ്ലൂക്കോസ് തന്മാത്രകളിലെ ഊർജം എ.ടി.പി. (അഡനോസിൽ ട്രൈഫോസ്ഫേറ്റ്) തന്മാത്രകളാക്കി കോശത്തിന് ഉപയോഗിക്കാൻ യോജിച്ച പാകത്തിലാക്കുന്നത് ഇവയാണ്. മനുഷ്യന് പ്രവർത്തിക്കാൻ സാധിക്കുന്നത് പേശീകോശങ്ങളുടെ സങ്കോചം മൂലമാണ്. സങ്കോചിക്കാനുള്ള ഊർജം ലഭിക്കുന്നത് എ.ടി.പിയിൽനിന്നാണ്. എ.ടി.പി തന്മാത്രകൾ മൈറ്റോകോൺട്രിയോണിന്റെ സൃഷ്ടിയാണ്.

അത്യന്തം സൂക്ഷ്മങ്ങളായ കോശത്തിനുള്ളിലെ വസ്തുക്കളിൽ ഇത്രയധികം സങ്കീർണമായ പ്രവർത്തങ്ങൾ എങ്ങനെയാണ് സംഭവിക്കുന്നത്? മഹാത്ഭുതമാണ് എന്നേ പറയാൻ കഴിയൂ.

കോശത്തിലെ ന്യൂക്ലിയസ് (NUECLEUS) ആണ് ഏറ്റവും പ്രധാനം. പാരമ്പര്യവാഹികളായ ക്രോമസോമുകൾ (CHROMOSOMES) ന്യൂക്ലിയസ്സിലെ പ്രധാന ഘടകമാണ്. ഓരോ ജീവിയെയും ആ ജീവിയാക്കുന്നത് ക്രോമസോമുകളാണ്. ക്രോമസോമുകൾ ജോഡികളായാണുള്ളത്. മനുഷ്യശരീരത്തിൽ 23 ജോഡി ക്രോമസോമുകളാണ്. ക്രോമസോമുകളിൽ ഡി.എൻ.എ. (Deoxyribonucleic acid), ആർ.എൻ.എ. (Ribonucleic Acid), ഹിസ്റ്റോൺ, പ്രോട്ടീൻ തുടങ്ങിയവയാണുള്ളത്. മനുഷ്യന്റെ ജൈവകോശങ്ങളിൽ പാരമ്പര്യസ്വഭാവത്തെ വഹിക്കുന്നത് ഡി.എൻ.എ.തന്മാത്രകളാണ്. അതിസൂക്ഷ്മമായി പാരമ്പര്യ പ്രത്യേകതകൾ എങ്ങനെ രേഖപ്പെടുത്തി എന്നത് അങ്ങേയറ്റം വിസ്മയിപ്പിക്കുന്ന ഒരു യാഥാർഥ്യമത്രെ!

പുരുഷബീജവും സ്ത്രീ അണ്ഡവും സംയോജിച്ച് ഘട്ടം ഘട്ടമായി വളർന്നു വളർന്ന് മനുഷ്യക്കുഞ്ഞായി പുറത്തുവരുന്നു. കോശങ്ങൾ വളർന്നുവരുമ്പോൾ തലച്ചോറും കണ്ണും ഹൃദയവും കരളും വൃക്കകളും അതാതിന്റെ സ്ഥാനത്ത് വളന്നു വരാൻ ആരാണ് ആസൂത്രണം ചെയ്തത്? ആ ആസൂത്രകന് മരണശേഷം മനുഷ്യനെ രണ്ടാമത് പടക്കാൻ ഒരു പ്രയാസവുമില്ല എന്നാണ് ഖുർആൻ ചൂണ്ടിക്കാണിക്കുന്നത്.

രണ്ടാമത് ശ്രദ്ധയിൽപെടുത്തുന്നത് ജനനശേഷമുള്ള മനുഷ്യന്റെ പടിപടിയായുള്ള വളർച്ചയെ പറ്റിയാണ്. ജനിച്ചു വീഴുന്ന മനുഷ്യക്കുഞ്ഞിന് ഒന്നും അറിയില്ല. തീർത്തും നിസ്സഹായനാണവൻ. ഭക്ഷണം വായിലേക്ക് വച്ചുകൊടുക്കണം. മലർന്നുകിടക്കുന്നത് മാസങ്ങളോളം. മല-മൂത്ര വിസർജനം കിടന്നിടത്തു തന്നെ. സാവധാനം ഇരിക്കാനും നിൽക്കാനും അവൻ പഠിക്കുന്നു. എന്നാൽ മൃഗങ്ങളും പക്ഷികളും എല്ലാം പഠിച്ചാണ് പിറന്നുവീഴുന്നത്. അവയ്ക്കാവശ്യമുള്ളത് ജന്മനാ അവയ്ക്കറിയാം. പക്ഷേ, ആ അറിവിനൊരു പുരോഗതിയുണ്ടാകുന്നില്ല. കാലം കഴിയുമ്പോഴും ഒരു മാറ്റവുമില്ല. പതിനായിരം കൊല്ലം മുമ്പുണ്ടാക്കിയ കൂടുതന്നെയാണ് തേനീച്ച ഇപ്പോഴുമുണ്ടാക്കുന്നത്. എന്നാൽ മനുഷ്യനോ? കാലം മുന്നോട്ട് പോകും തോറും അവൻ പുരോഗമിച്ചുകൊണ്ടേയിരിക്കുന്നു.

അന്യരെ ആശ്രയിച്ച് എല്ലാ കാര്യങ്ങളും നടക്കുന്ന ശൈശവം കഴിഞ്ഞ് ബാല്യം കടന്നുവരുന്നു. പിന്നെ കൗമാരം; കളികളുടെ കാലമാണത്. ശേഷം പൊട്ടിത്തെറിക്കുന്ന യൗവനം; ഊർജസ്വലതയുടെ ഘട്ടം. പിന്നീട് മധ്യവയസ്കനായിത്തീരുന്നു. ഒടുവിൽ വാർധക്യം. വീണ്ടും അവശതകളുടെയും ബലഹീനതകളുടെയും കാലം. ഈ ഘട്ടങ്ങളിലെപ്പോഴെങ്കിലും വല്ല മാറ്റവും വരുത്താൻ മനുഷ്യന് കഴിയുമോ? എന്തെങ്കിലും നിയന്ത്രണം അവന്റെ കൈയിലുണ്ടോ? ഒന്നുമില്ല എന്നതാണ് യാഥാർഥ്യം. എല്ലാം സ്രഷ്ടാവിന്റെ നിയന്ത്രണത്തിലാണെന്നതിൽ ഒരു സംശയവുമില്ല. ആ സ്രഷ്ടാവിനു മനുഷ്യനെ വീണ്ടും സൃഷ്ടിക്കൽ നിസ്സാരമാണ്.

*(തുടരും)*




# ജി20 ഉച്ചകോടി: മൂടിവച്ച ചേരികളും 'ഇന്ത്യ'യും 'ഭാരത'വും

വി.വി.ബഷീർ, വടകര

ലോകത്തെവ്യാവസായികമായി വികസിച്ചതും ഉയർന്നുവരുന്നതുമായ പ്രമുഖ രാജ്യങ്ങളുടെ കൂട്ടായ്മയാണ് ജി20. ജി20 നിലവിൽ വന്നത് 1999 സെപ്റ്റംബർ 26നാണ്. പേരിൽ ഇരുപതെങ്കിലും അതിലധികം രാജ്യങ്ങളുണ്ട് ഇതിൽ. പത്തൊൻപത് രാജ്യങ്ങളും പിന്നെ യൂറോപ്യൻ യൂണിയനും ആഫ്രിക്കൻ യൂണിയനും ചേർന്നതാണ് ഈ ഗ്രൂപ്പ്. ലോകജനസംഖ്യയുടെ 65 ശതമാനം ഈ രാജ്യങ്ങളിലാണ്. ലോക ജി.ഡി.പി.യുടെ 85 ശതമാനവും കച്ചവടത്തിന്റെ 75 ശതമാനവും കൈയാളുന്നത് ഈ ഗ്രൂപ്പിലെ രാജ്യങ്ങളാണ്. അതുകൊണ്ടാണ് ഈ ഗ്രൂപ്പിന്റെ തീരുമാനങ്ങൾ ലോകത്തിന്റെ ഭാവി നിർണയിക്കുന്നതിൽ മുഖ്യശക്തിയാവുന്നത്.

ജി20 ഉച്ചകോടിയിലെ പ്രഖ്യാപനങ്ങൾ എല്ലാ നിലയ്ക്കുമുള്ള രാജ്യബന്ധങ്ങൾ ഊഷ്മളമാക്കാൻ സഹായിക്കും എന്നതിൽ സംശയമില്ല. രാജ്യത്തിന്റെ അസ്തിത്വം തന്നെ ചോദ്യം ചെയ്യപ്പെടുന്ന ഒരു രാജ്യത്താണ് ജി20 ഉച്ചകോടി സംഘടിപ്പിച്ചിരിക്കുന്നത് എന്നത് ശ്രദ്ധേയമാണ്. ലോക രാജ്യങ്ങൾ ഇന്ത്യയിലേക്ക് വരുമ്പോൾ രാജ്യത്തിന്റെ പ്രസിദ്ധമായ പേരുപോലും മാറ്റിക്കൊണ്ടിരിക്കുകയാണ്. രാജ്യനന്മയ്ക്കായി കാര്യമായി എന്തെങ്കിലും ചെയ്ത പാരമ്പര്യം അവകാശപ്പെടാനില്ലാത്തവർ ഇന്ത്യ എന്ന പേര് ഒഴിവാക്കിയതിൽ അതിശയപ്പെടേണ്ടതില്ല.

വ്യക്തികൾക്കും മതചിഹ്നങ്ങൾക്കും വിശുദ്ധ ഗ്രന്ഥങ്ങൾക്കും നേരെയുള്ള വിദ്വേഷപരമായ നടപടികളെ ശക്തമായി അപലപിക്കുന്നുവെന്ന് ന്യൂഡൽഹി പ്രഖ്യാപനത്തിൽ ജി20 രാജ്യങ്ങൾ വ്യക്തമാക്കി. ഇന്ത്യാരാജ്യത്തിന് ഈ പ്രഖ്യാപനത്തിന് ധാർമികമായ അവകാശമുണ്ടോ എന്ന ചോദ്യം പ്രസക്തമാണ്. മതസ്വാതന്ത്ര്യം, അഭിപ്രായസ്വാതന്ത്ര്യം, സമാധാനപരമായി ഒത്തുചേരാനുള്ള അവകാശം, സംഘടിക്കാനുള്ള സ്വാതന്ത്ര്യം തുടങ്ങിയവ വളരെ പ്രധാനപ്പെട്ടവയാണ്. പരസ്പര ബന്ധം ശക്തിപ്പെടുത്താനും എല്ലാതരം അസഹിഷ്ണുതകൾക്കും മതത്തിന്റെയോ വിശ്വാസത്തിന്റെയോ അടിസ്ഥാനത്തിലുള്ള വിവേചനങ്ങൾക്കുമെതിരെ പോരാടുവാനും ഈ അവകാശങ്ങൾക്ക് സാധിക്കും. മതപരവും സാംസ്കാരികവുമായ വൈവിധ്യങ്ങൾ, ആരോഗ്യകരമായ സംവാദം, സഹിഷ്ണുത എന്നിവയെ പ്രോത്സാഹിപ്പിക്കുന്നതിനുള്ള പ്രതിബദ്ധത സംബന്ധിച്ച് ഐക്യരാഷ്ട്രസഭ അംഗീകരിച്ച പ്രമേയം കണക്കിലെടുക്കുന്നതായും പ്രഖ്യാപനത്തിൽ പറയുന്നു.

ഉച്ചകോടി ഏതു രാജ്യത്താണോ നടക്കുന്നത് അതേ രാജ്യത്ത് ഈ അവകാശങ്ങളൊക്കെ നിഷേധിക്കപ്പെടുന്നുണ്ട് എന്ന വസ്തുത അറിയാത്തവരായിരിക്കില്ലല്ലോ പങ്കെടുത്ത രാജ്യത്തലവൻമാർ. ചന്ദ്രനിലേക്കും സൂര്യനിലേക്കുമൊക്കെ പേടകങ്ങളെ അയച്ചത് മാത്രമല്ലല്ലോ അവർ അറിയുക.

ആഗോള പട്ടിണി സൂചികയിൽ 101ാം സ്ഥാനത്തുണ്ടായിരുന്ന ഇന്ത്യ 2022ൽ 107ാം സ്ഥാനത്തേക്ക് കൂപ്പുകുത്തിയിട്ടുണ്ട്. ദാരിദ്ര്യത്തിന്റെ ശതമാനം ഉയർന്നുകൊണ്ടിരിക്കുമ്പോഴും അപരവൽക്കരണവും ഭൂരിപക്ഷ വംശീയതയുടെ വെറുപ്പും കുറച്ചൊന്നുമല്ല രാജ്യം നേരിടുന്നത്. ഒരു ഭാഷ, ഒരു രാഷ്ട്രം, ഒരു സംസ്കാരം എന്ന അപകടമായ ലക്ഷ്യത്തിൽ ഒരു നേതാവ് എന്നുകൂടെ കൂടിച്ചേരുന്നത് നമുക്ക് കാത്തിരുന്ന് കാണാം. ഇന്ത്യൻ ജനാധിപത്യത്തിന്റെ രാസമാറ്റങ്ങളെ ലോകം കണ്ടതുകൊണ്ടാവാം ജി20 ഉച്ചകോടിയിൽ മതവിദ്വേഷത്തെയും വിവേചനത്തെയും അപലപിച്ചത്. പൂർണസ്വാതന്ത്ര്യം നേടിയ രാജ്യങ്ങളുടെ പട്ടികയിൽനിന്ന് ഭാഗിക സ്വാതന്ത്ര്യത്തിന്റെ പട്ടികയിലേക്ക് പതിച്ചതും അതിന് കാരണമായിട്ടുണ്ടാവാം. മറച്ചുവയ്ക്കാൻ മാത്രം ശോചനീയമായ ജീവിത സാഹചര്യവും ചുറ്റുപാടുകളും രാജ്യത്തുണ്ട്. ലോക നേതാക്കൾ അതു കണ്ടാൽ നാണക്കേടാണ്. അതുകൊണ്ട് മറച്ചുവയ്ക്കുന്നു. എത്ര കാലം ഇങ്ങനെ മറച്ചുവയ്ക്കും? രാജ്യത്തിന്റെ വികൃതമായ മറ്റു മുഖങ്ങൾ ഇങ്ങനെ മറച്ചുപിടിക്കാൻ കഴിയുമോ?




GET IT ON Google Play | Download on the App Store

**പീസ് റേഡിയോക്കുള്ള താങ്കളുടെ ഓഹരി അയക്കാൻ**

| | |
|---|---|
| A/C No. | **918010068641992** |
| A/C Name | WISDOM ISLAMIC ORGANIZATION COMMUNICATION WING |
| IFSC Code | UTIB0000136 |
| Bank | AXIS BANK LTD CALICUT BRANCH |

FOR RECEIPTS AND MORE DETAILS CONTACT:
**+91 9746 95 0006** (WHATSAPP ONLY)

UPI ID fcbiztvnx4y@freecharge

റേഡിയോ ആപ്പിന്റെ ഹോം പേജിലെ **Donate** ബട്ടൺ പ്രസ് ചെയ്താൽ ലഭിക്കുന്ന വിൻഡോയിൽ നിന്നും **DONATE VIA UPI** എന്ന ഓപ്ഷൻ വഴി നേരിട്ട് പണമയക്കാനുള്ള പ്രത്യേക സംവിധാനം

Scan with any UPI App

RNI NO:KERMAL/2015/64152
Registered NO:
KL/CT/225/2022-24

Nerpatham Weekly
Published on
16 September 2023

Licensed to post without prepayment:
No. KL/PMG/NR/WPP/67/KKD/2022-24
Price: ₹10/-

# പുറത്തിറങ്ങി..!!!

WISDOM BOOKS

₹710 വിലയുള്ള
പുസ്തകങ്ങൾ ഇപ്പോൾ
25% വിലക്കിഴിവിൽ




**CALL: +91 7356 766 478**
http://www.wisdombooksonline.com